Reg. M. No. 2293

ഒററപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 വൃശ്ചികം 17—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഡിസംബർ 2 | ലക്കം 15



ചിത്രാഭയൊത്തു, ഗുരുവാം സുധി സത്യദീപം | മെത്രാന്റെ പട്ടമരുളീ! ജയ!! മാറഗസ്റ്റിൻ
പത്രാധിപർക്കു തിസിരാൻ തിരുമേനി ഭംഗ്യാ | പുത്രാനചിതൻ,സുകൃതവാൻ,പുരുഭാഗ്യശാലി

# മെത്രാന്മാരുടെ അഭിഷേകം

## തൽസംബന്ധമായ കർമ്മങ്ങളുടെ ഒരു വിവരണം

(ഐ. സി. ചാക്കോ)

"അഭിഷേകം" എന്ന വാക്കിന്റെ വാച്യാർത്ഥം "കുളിപ്പിക്കൽ" എന്നാകുന്നു. ഹിന്ദു ശാസ്ത്രപ്രകാരം രാജാക്കന്മാരിൽ അധികാരം അർപ്പിക്കുന്നതിലുള്ള പ്രധാനമായ കർമ്മം അഭിഷേകം ചെയ്യപ്പെടുന്ന ആളിന്റെ ശിരസ്സിൽ വെള്ളം ഒഴിക്കുകയാണ്. ഇക്കാരണംകൊണ്ടു് അഭിഷേകശബ്ദത്തിനു് "അധികാരാർപ്പണം" എന്നു ലക്ഷ്യാർത്ഥം ഉളവായി. ക്രിസ്തീയകർമ്മങ്ങളിൽ വാച്യാർത്ഥപ്രകാരം മാമ്മോദീസാ മാത്രമേ അഭിഷേകമായിട്ടുള്ളു. ആദ്ധ്യാത്മികമായ വരദാനങ്ങളുടെ ലക്ഷ്യമായിട്ടു് എണ്ണ പൂശുകയാണ് ക്രിസ്ത്യാനികൾ സാധാരണമായി ചെയ്യാറുള്ളതു്. ഈ കർമ്മത്തെ സൂചിപ്പിക്കണമെങ്കിൽ "അഭിഷേകം" എന്നല്ല "അഭ്യംഗം" എന്നാണ് നാം പറയേണ്ടതു്. മെത്രാന്മാരുടെ അഭിഷേകം സാക്ഷാൽ അഭ്യംഗമാണ്. എന്നാൽ അഭ്യംഗശബ്ദത്തിനു് ശരീരത്തിന്റെ ആവശ്യത്തിനായി എണ്ണ തേക്കുക എന്ന അർത്ഥമല്ലാതെ രൂഢമായിട്ടില്ലാത്തതിനാൽ അധികാരാർപ്പണം എന്ന അർത്ഥത്തിൽ, നാം ചെയ്യുന്ന കർമ്മം സാക്ഷാൽ അഭ്യംഗമാണെങ്കിലും, അഭിഷേകശബ്ദംതന്നെ നാം പ്രയോഗിക്കേണ്ടിയിരിക്കുന്നു.

അഭിഷേകകർമ്മത്തിനു് ലത്തീനിലുള്ള പേരു് Consecratio എന്നാണ്. ഈ പദത്തിന്റെ അർത്ഥം "പവിത്രം ആക്കുക" (ആദ്ധ്യാത്മികമായിട്ടു ശുദ്ധമാക്കുക) എന്നാകുന്നു. ഈ അർത്ഥംതന്നെ വരുന്ന ഒരു ശബ്ദം മലയാളത്തിൽ വേണമെങ്കിൽ "പവനം" എന്നുള്ള ശബ്ദം ഏററം ഉത്തമമായിരിക്കും. പവനം എന്നതു് "പൂ" (ശുദ്ധമാക്കുക) എന്ന ധാതുവിൽനിന്നുള്ള ക്രിയാനാമമാണ്. ഈ ധാതുവിൽനിന്നുതന്നെയാണ് പൂതം, പവിത്രം, പവനൻ, പാവകൻ മുതലായ ശബ്ദങ്ങൾ ഉണ്ടായിട്ടുള്ളതു്. കോൺസിക്രെയിററ് (Consecrate) ചെയ്ക എന്ന അർത്ഥത്തിൽ പവനംചെയ്ക എന്നു നമുക്കു പറയാവുന്നതാണ്. എന്നാൽ രൂഢിയുടെ ബലംകൊണ്ടു് അഭിഷേകശബ്ദംപോലെ വിവക്ഷിതാർത്ഥത്തിൽ മറെറാരുശബ്ദവും ഹൃദയംഗമമായിരിക്കയില്ല. അതുകൊണ്ടു് അഭിഷേകം എന്ന പദംതന്നെ നമുക്കു പ്രയോഗിക്കാം.

കത്തോലിക്കാതിരുസഭയുടെ വൈദികകർമ്മങ്ങളിൽ ഏററം പ്രഭാവവത്തായ ഒന്നാണ് മെത്രാന്മാരുടെ അഭിഷേകം. ഒരു മെത്രാനു കൊടുക്കുന്നതിൽ കൂടുതലായ ആദ്ധ്യാത്മികാധികാരം ആർക്കും കൊടുക്കാൻ തിരുസഭയ്ക്കു കഴിവില്ല. മെത്രാൻ അഭിഷേകംകൊണ്ടു് വൈദികത്വത്തിന്റെ പരമകാഷ്ഠയെ പ്രാപിക്കുന്നു. ഉദ്യോഗത്തിന്റെ ഈ ഔന്നത്യത്തിനു് അനുരോധമായ പ്രഭാവം അഭിഷേകകർമ്മത്തിനു് തിരുസഭ കല്പിച്ചിരിക്കുന്നു. ഒരു വൈദികൻ മെത്രാൻപദത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടാൽ മൂന്നുമാസത്തിനകം അഭിഷേകം നടത്തിക്കൊള്ളണമെന്നാണ് സഭാനിയമം. അഭിഷേകകർമ്മം മെത്രാസനദേവാലയത്തിലോ, അക്കാര്യത്തിലേക്കു പ്രത്യേകമായി സജ്ജമാക്കപ്പെട്ടിരിക്കുന്ന മന്ദിരത്തിലോ വച്ചു നടത്താവുന്നതാണ്. അഭിഷേകകർമ്മം ഏതു റീത്തിലും നടത്തപ്പെടാവുന്നതാണെങ്കിലും, സുറിയാനിറീത്തിൽ ഈ കർമ്മം ഇവിടെയില്ലാത്തതിനാൽ, ലത്തീൻ റീത്തിലായിരിക്കും കർമ്മം നടത്തുന്നതു്. അഭിഷേകകർമ്മത്തെ നാലു ഭാഗങ്ങളായി വിഭജിക്കാവുന്നതാണ്. ഈ ഭാഗങ്ങൾ ഏവയെന്നാൽ:— 1. ഉപക്രമണം. 2. അഭ്യഞ്ജനം. 3. ചിഹ്നപ്രദാനം. 4. ഉപസംഹരണം.

### ഉപക്രമണം

അഭിഷേകതിരുകർമ്മം നടത്തുന്നതു പ്രധാനകാർമ്മികനായ മെത്രാപ്പോലീത്തായും (അഭിഷേചകൻ), വാഴിക്കപ്പെടേണ്ട വൈദികനും (അഭിഷേക്യൻ) ഒന്നിച്ചു് ഒരേസമയത്തു് അർപ്പിക്കുന്ന ദിവ്യപൂജയുടെ മദ്ധ്യേയാണ്. അഭിഷേചകന്റെ ബലിപീഠത്തോടു അടുത്തുതന്നെ അഭിഷേക്യനുവേണ്ടിയും ഒരു അൾത്താര സജ്ജമാക്കപ്പെടുന്നു. നിശ്ചിതസമയത്തു് അഭിഷേചകൻ അന്നത്തെ ദിവ്യപൂജയ്ക്കു നിർണ്ണയിക്കപ്പെട്ടിരിക്കുന്ന വർണ്ണത്തിലുള്ള പൊന്തിഫിക്കൽ തിരുവസ്ത്രങ്ങൾ അണിയുന്നു. അഭിഷേചകനെ സഹായിക്കുന്ന മെത്രാന്മാർ (സഹകാരികൾ) അതേവർണ്ണത്തിലുള്ള കാപ്പുകളും മുടിയും ധരിക്കുന്നു. അഭിഷേക്യൻ സാധാരണ വൈദികരെപ്പോലെ കാപ്പയും മുക്കോൺ തൊപ്പിയും മാത്രമേ ധരിക്കുന്നുള്ളു. ഇങ്ങനെ നാലുപേരും അലംകൃതരായി പ്രധാന ബലിപീഠത്തിങ്കൽ ആരൂഢരായശേഷം, അതിനടുത്തു് താഴെ സ്ഥാപിക്കപ്പെടുന്ന സിംഹാസനത്തിൽ അഭിഷേചകൻ ഉപവിഷ്ടനാവുന്നു. പട്ടക്കാരും ശെമ്മാശന്മാരുമായി പലരും ഈ മെത്രാന്മാരുടെ പരിചരണത്തിനു് സന്നദ്ധരായി ചുററും ഉണ്ടായിരിക്കും. സിംഹാസനസ്ഥനായ അഭിഷേചകനു അഭിമുഖമായി സഹകാരികളും അവരുടെ മദ്ധ്യത്തിൽ അഭിഷേക്യനും പീഠങ്ങളിൽ ഇരുന്നിട്ടു് കർമ്മങ്ങൾ ആരംഭിക്കപ്പെടുന്നു. അഭിഷേക്യന്റെ ഇരുപാർശ്വങ്ങളിലുമുള്ള മെത്രാന്മാരിൽ മൂപ്പുകൂടിയ ദേഹം അഭിഷേക്യനെ പേരുവിളിച്ചു് അഭിഷേചകന്റെ സമക്ഷം കൊണ്ടുചെന്നുനിർത്തുന്നു. അതേസമയംതന്നെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അയച്ചിട്ടുള്ള നിയമനബൂളാ വായിക്കപ്പെടുന്നതാണ്.

അതിനുശേഷം അഭിഷേക്യൻ അഭിഷേചകന്റെ മുമ്പിൽ മുട്ടുകുത്തി, പരിശുദ്ധ സിംഹാസനത്തിനു് താൻ എന്നും കീഴ്വഴങ്ങിയിരുന്നുകൊണ്ടു്, അതിന്റെ അധികാരങ്ങളേയും അവകാശങ്ങളേയും പാലിച്ചുകൊള്ളാമെന്നും, നിശ്ചിതകാലങ്ങളിൽ നിത്യനഗരത്തെ സന്ദർശിച്ചു്, തന്റെ ഔദ്യോഗികകൃത്യങ്ങളുടെ റിപ്പോർട്ടു് മാർപ്പാപ്പാ തിരുമനസ്സിലെ സമക്ഷം സമർപ്പിച്ചുകൊള്ളാമെന്നും ശപഥംചെയ്യുന്നു. അനന്തരം വിശ്വാസസത്യങ്ങളേയും തിരുസഭയുടെ കാനോനാകളേയുംപററി അഭിഷേചകൻ പതിനേഴു ചോദ്യങ്ങൾ അഭിഷേക്യനോടു ചോദിക്കുന്നു. അവയ്ക്കെല്ലാം അഭിഷേക്യൻ യഥാവിധി ഉത്തരങ്ങൾ നൽകുന്നു. പിന്നീടു ആ ബലിപീഠത്തിങ്കൽത്തന്നെ അഭിഷേചകനും അഭിഷേക്യനും ഒരുമിച്ചു ദിവ്യപൂജ ആരംഭിക്കുന്നു. ദിവ്യബലിയുടെ പ്രാരംഭപ്രാർത്ഥനകൾ ചൊല്ലിക്കഴിയുമ്പോൾ, സഹകാരികൾ അഭിഷേക്യനെ തനിക്കായി പ്രത്യേകം ഒരുക്കിയിട്ടുള്ള അൾത്താരയിങ്കലേക്കു ആനയിക്കുന്നു. അവിടെവച്ചാണ് അദ്ദേഹം മെത്രാന്റെ സ്ഥാനവസ്ത്രങ്ങൾ ധരിക്കുന്നതു്. പൊൻകുരിശുമാല കഴുത്തിൽ ഇടുന്നതും അപ്പോൾത്തന്നെ. അതിനു പ്രത്യേകകർമ്മങ്ങളൊന്നും ആചരിക്കേണ്ടതായിട്ടില്ല.

പൊന്തിഫിക്കൽ വസ്ത്രങ്ങൾ അണിഞ്ഞശേഷം അഭിഷേക്യൻ വീണ്ടുംദിവ്യപൂജ താനേതുടരുന്നു. എന്നാൽ ഏംഗത്തായ്ക്കു മുമ്പുള്ള അപേക്ഷകളും കർമ്മങ്ങളും കഴിയുമ്പോൾ, അദ്ദേഹം വീണ്ടും പ്രധാന ബലിപീഠത്തിങ്കലേക്കു ആനീതനാവുകയും അവിടെവച്ചു് ഒരു മെത്രാന്റെ അധികാരങ്ങളേയും കടമകളേയുംപററി അഭിഷേചകൻ അഭിഷേക്യനെ ഉപദേശിക്കുകയും ചെയ്യുന്നു. കൂടാതെയും അഭിഷേക്യന്റെമേൽ ദൈവം തന്റെ അനുഗ്രഹങ്ങളെ വർഷിക്കുന്നതിനു് അവിടുത്തോടു യാചിപ്പാൻ അഭിഷേചകൻ വൈദികരോടും ജനങ്ങളോടും കല്പിക്കുന്നു. അപ്പോൾത്തന്നെ അഭിഷേക്യൻ പീഠത്തിനു മുമ്പാകെ കുറെ അകലെയായി സാഷ്ടാംഗപ്രണാമം ചെയ്യുന്നു. വൈദികരും ജനങ്ങളും അപ്പോൾ മുട്ടുകുത്തി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഗായകസംഘം അതേസമയത്തു് സകല വിശുദ്ധന്മാരുടെ ലുത്തിനിയാ പാടിത്തുടങ്ങുന്നു. ഇനിയാണ് സാക്ഷാൽ അഭിഷേകം നടക്കുന്നതു്.

### അഭ്യഞ്ജനം

പാട്ടു അവസാനിക്കുന്നതോടെ, സാഷ്ടാംഗപ്രണാമത്തിൽത്തന്നെ അപ്പോഴും സ്ഥിതിചെയ്യുന്ന അഭിഷേക്യൻ എഴുന്നേററു്, സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന അഭിഷേചകന്റെ മുമ്പിൽ മുട്ടുകുത്തുന്നു. അഭിഷേചകൻ അൾത്താരയിൽനിന്നു സുവിശേഷഗ്രന്ഥം എടുത്തുവിടർത്തി, മുട്ടിന്മേൽ നില്ക്കുന്ന അഭിഷേക്യന്റെ പിൻകഴുത്തിൽ ശിരസ്സിനെ സ്പർശിക്കത്തക്കവണ്ണം കമഴ്ത്തിവയ്ക്കുന്നു. കുറേക്കഴിഞ്ഞു് ആ ഗ്രന്ഥം അഭിഷേക്യന്റെ കരങ്ങളിൽ നൽകപ്പെടേണ്ട ഘട്ടം വരുന്നതുവരെ അതു കഴുത്തിൽനിന്നു വഴുതിപ്പോകാതെ ഒരു പട്ടക്കാരൻ പിടിച്ചുകൊണ്ടിരിക്കുന്നതാണ്. മെത്രാന്മാരുടെ അഭിഷേകത്തിന്റെ കാതലായി കരുതപ്പെടുന്ന കൈവയ്പു് എന്ന ചടങ്ങാണ് അടുത്തു നടക്കേണ്ടതു്.

അഭിഷേചകനും സഹകാരികളും ഒരേസമയംതന്നെ അഭിഷേക്യന്റെ ശിരസ്സിൽ ഇരുകരങ്ങളും വെച്ചുകൊണ്ടു് "പരിശുദ്ധാരൂപിയെ നീ കൈക്കൊള്ളുക" എന്നു ഒരുമിച്ചു് ഉച്ചരിക്കുന്നു. മേല്പട്ടക്കാരൻ കൈക്കൊള്ളുന്ന ഉന്നതപൗരോഹിത്യാധികാരത്തേയും ദൈവദാനങ്ങളുടെ പൂർണ്ണസ്വീകരണത്തേയും കുറിക്കുന്നതിനത്രെ മൂവരും ഇരുകരങ്ങളും അഭിഷേക്യന്റെ ശിരസ്സിൽ വയ്ക്കുന്നതു്. "സ്രഷ്ടാവായ പരിശുദ്ധാത്മാവേ, എഴുന്നള്ളിവരിക" എന്നു ആരംഭിക്കുന്ന മനോഹരകീർത്തനം അതേസമയം ഗായകസംഘത്തിൽനിന്നു മുഴങ്ങിത്തുടങ്ങുന്നു. പിന്നീടു അഭിഷേചകൻ വിശുദ്ധതൈലം കുരിശാകൃതിയിൽ അഭിഷേക്യന്റെ പട്ടത്തിന്മേലും അനന്തരം ശിരസ്സു മുഴുവനിലും പൂശുന്നു. "വിശ്വാസസ്ഥിരതയും സ്നേഹവിശുദ്ധിയും സമാധാനപൂർണ്ണതയും ഈയാളിൽ സമൃദ്ധിയായി ഭവിക്കട്ടെ" എന്നുള്ള പ്രാർത്ഥനയാണ് അഭിഷേചകൻ അപ്പോൾ ഉച്ചരിക്കുന്നതു്. ഇതു് പരിശുദ്ധാരൂപിയുടെ ദാനങ്ങളെ സൂചിപ്പിക്കുന്നു. പിന്നീടു് അഭിഷേക്യന്റെ കരതലങ്ങളിൽ ആദ്യം കുരിശാകൃതിയിൽ തൈലം പൂശിയതിനുശേഷം, അവ മുഴുവൻ ലേപനം ചെയ്യപ്പെടുന്നു. ഈ ലേപനം മേല്പട്ടക്കാരന്റെ അധികാരത്തെ കുറിക്കുന്നതത്രെ. അനന്തരം അഭിഷേചകൻ മൂന്നുപ്രാവശ്യം അഭിഷേക്യന്റെ കരങ്ങളെ ആശീർവ്വദിച്ചുകൊണ്ടു് "നീ ആശീർവ്വദിക്കുന്നതെല്ലാം ആശീർവ്വദിക്കപ്പെട്ടതായും ശുദ്ധീകരിക്കുന്നതെല്ലാം ശുദ്ധീകരിക്കപ്പെട്ടതായും ഭവിക്കട്ടെ; ഈ അഭിഷിക്തകരങ്ങളുടെ വെയ്പു് എല്ലാററിലും രക്ഷാവഹമായും തീരട്ടെ" എന്നു ചൊല്ലുന്നു. ഇതിനുശേഷം അഭിഷേക്യൻ ഇരുകരതലങ്ങളും ഒന്നിച്ചു ചേർത്തു് തന്റെ കഴുത്തിൽനിന്നു കെട്ടിത്തൂക്കിയിട്ടുള്ള ഒരു പട്ടുവസ്ത്രത്തിൽ വയ്ക്കുന്നു. അഭിഷേകകർമ്മത്തിന്റെ മൂന്നാംഭാഗമായ ചിഹ്നപ്രദാനമാണ് അടുത്തു നടക്കാൻ പോകുന്നതു്.

### ചിഹ്നപ്രദാനം

ആദ്യമായി നൽകപ്പെടുന്നതു് പൊൻവടിയാണ്. അഭിഷേചകൻ അതു് ആശീർവ്വദിച്ചശേഷം അഭിഷേക്യനു കൊടുക്കുന്നു. അഭിഷേക്യൻ അതു സ്വീകരിക്കുന്നതു്, മുൻവിവരിച്ചതുപോലെ തമ്മിൽ ചേർത്തുപിടിച്ചിരിക്കുന്ന കരതലങ്ങളുടെ ചൂണ്ടാണിവിരലിനും നടുവിരലിനും മദ്ധ്യേയായിട്ടത്രെ. ആ സമയം, ഒരു യഥാർത്ഥ ആത്മീയ അജപാലകന്റെ നീതിപാലനം കരുണാമസൃണമായിരിക്കണമെന്നും ശാന്തതാഭഞ്ജനം ഭയന്നു് സ്വകൃത്യനിർവ്വഹണത്തിൽ ഭീരുത്വം ഭവിക്കരുതെന്നും മററും തിരുകർമ്മകാണ്ഡത്തിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതുപോലെ അഭിഷേചകൻ അഭിഷേക്യനെ ഉൽബോധിപ്പിക്കുന്നു. തുടർന്നു അഭിഷേചകൻ അംഗുലീയം ആശീർവ്വദിച്ചു് അഭിഷേക്യന്റെ വലംകൈയുടെ മോതിരവിരലിൽ ചാർത്തുന്നു. ആ തിരുവാഴി ഒരു വൈദികാദ്ധ്യക്ഷൻ തിരുസഭയോടു നിത്യം പ്രദർശിപ്പിക്കേണ്ട വിശ്വാസത്തിന്റെ ബാഹ്യചിഹ്നമാണെന്നു അഭിഷേചകൻ അഭിഷേക്യനെ അനുസ്മരിപ്പിക്കുന്നു. അഭിഷേക്യന്റെ പിൻകഴുത്തിനോടു ചേർത്തുപിടിക്കപ്പെട്ടിരുന്നതായി പറഞ്ഞിട്ടുള്ള സുവിശേഷഗ്രന്ഥം ഇപ്പോഴത്രെ ആ സ്ഥാനത്തുനിന്നു മാററപ്പെടുന്നതു്. ആ വിശുദ്ധഗ്രന്ഥം അനന്തരം അഭിഷേചകൻ അഭിഷേക്യന്റെ കരങ്ങളിൽ നൽകിക്കൊണ്ടു് സ്വജനങ്ങളോടെല്ലാം അതിൽ അടങ്ങിയിട്ടുള്ള നിത്യസത്യങ്ങളെ പ്രസംഗിപ്പാൻ ആജ്ഞാപിക്കുന്നു. അതു കഴിഞ്ഞു അഭിഷേചകനും സഹകാരികളും അഭിഷേക്യനു് "സമാധാനത്തിന്റെ ചുംബനം" നൽകുന്നു.

പിന്നീടു അഭിഷേക്യൻ തനിയെ ദിവ്യപൂജ അർപ്പിച്ചിരുന്നതായി മേൽപ്പറഞ്ഞിട്ടുള്ള ബലിപീഠത്തിങ്കലേക്കു സഹകാരികളാൽ ആനീതനാവുകയും അവിടെവച്ചു് അഭിഷേക്യന്റെ തൈലവിലിപ്തമായ ശിരസ്സു് തുടച്ചു വെടിപ്പാക്കപ്പെടുകയും ചെയ്യുന്നതാണ്. അതിനെ തുടർന്നു അഭിഷേചകനും അഭിഷേക്യനും സ്വപീഠങ്ങളിൽ താനേ ദിവ്യപൂജ തുടരുന്നു. എന്നാൽ കാഴ്ചവെയ്പു് കഴിയുമ്പോൾ ഇരുവരും തല്ക്കാലത്തേക്കു ദിവ്യപൂജ നിർത്തുകയും അഭിഷേക്യൻ അഭിഷേചകന്റെ പീഠത്തിനടുത്തുചെന്നു് രണ്ടു കത്തുന്ന മെഴുകുതിരികളും രണ്ടുപാത്രം വീഞ്ഞും രണ്ടു അപ്പവും അഭിഷേചകനു് സമ്മാനിക്കുകയും ചെയ്യുന്നു. ഇതു പുരാതനമായ ഒരാചാരമാണ്. കാഴ്ചവെയ്പുമുതൽ അഭിഷേക്യൻ അഭിഷേചകന്റെ അൾത്താരയിൽത്തന്നെ വീണ്ടും അഭിഷേചകൻ ഒരുമിച്ചു് ദിവ്യബലി അർപ്പിക്കുന്നു. എന്നാൽ അഭിഷേക്യൻ വിശുദ്ധ കർബാനയുടെ പ്രാർത്ഥനകൾ ഉച്ചരിക്കുന്നതല്ലാതെ, കർമ്മങ്ങളൊന്നും ചെയ്യുന്നില്ല. ഏംഗത്താഭാഗത്താണ് അദ്ദേഹം നില്ക്കേണ്ടതു്. വിശുദ്ധ കർബാന ഉൾക്കൊള്ളുന്ന ഭാഗം ശ്രദ്ധേയമാണ്. രണ്ടായി വിഭജിക്കപ്പെട്ട തിരുവോസ്തിയിൽ ഒരംശം അഭിഷേചകൻ ഉൾക്കൊള്ളുകയും ഇതരാംശം അഭിഷേക്യനു എഴുന്നള്ളിച്ചുകൊടുക്കുകയും ചെയ്യുന്നു. അതുപോലെതന്നെ അഭിഷേചകൻ തിരുരക്തവും കുറെ സ്വയം പാനംചെയ്തിട്ടു്, ശേഷം കാസായോടുകൂടിത്തന്നെ അഭിഷേക്യനു നീട്ടിക്കൊടുക്കുന്നു. അഭിഷേക്യൻ അതു കരങ്ങളിൽ സ്വീകരിച്ചു് ഉൾക്കൊള്ളുന്നു. എന്നാൽ രണ്ടു കാസകളാണ് വെള്ളവും വീഞ്ഞും ഒഴിച്ചു് കരങ്ങൾ കഴുകുന്നതിനു് അഭിഷേചകനും അഭിഷേക്യനും ഉപയോഗിക്കുന്നതു്. അപ്പോഴത്തെ ആവശ്യത്തിലേക്കു അടുത്ത അൾത്താരയിൽനിന്നു ഒരു കാസാ അവിടെ കൊണ്ടുവരപ്പെടുന്നതായിരിക്കും. പിന്നീടു അഭിഷേക്യൻ അൾത്താരയുടെ ഏവൻഗേലിയോൻഭാഗത്തേക്കു പോയശേഷം, അഭിഷേചകൻ ഒരുമിച്ചു് വിശുദ്ധ കർബാന തുടരുകയും അന്ത്യാശീർവാദം നൽകുകയും ചെയ്യുന്നു. അനന്തരം അഭിഷേചകൻ പീഠത്തിൻതാഴെ വയ്ക്കപ്പെടുന്ന സിംഹാസനത്തിൽ ഉപവിഷ്ടനാവുന്നു.

മുടി വാഴ്ത്തി അഭിഷേക്യന്റെ ശിരസ്സിൽ വയ്ക്കുന്നതാണ് അടുത്ത ചടങ്ങു്. സത്യത്തിന്റെ ശത്രുക്കളെ എതിർക്കുന്നതിനു് താൻ നിത്യം സന്നദ്ധനായിരിക്കണമെന്നത്രെ രക്ഷയുടെ ഉഷ്ണീഷം സൂചിപ്പിക്കുന്നതെന്നു് തൽസമയം അഭിഷേക്യൻ ഉൽബോധിപ്പിക്കപ്പെടുന്നു. അടുത്തകർമ്മം കൈമേസുകൾ ആശീർവ്വദിച്ചു് ധരിപ്പിക്കുകയാണ്. ഈ ചടങ്ങും അർത്ഥവത്തായ ഒരു അനുസ്മരണമാണ്. ആട്ടിൻപാററങ്ങളുടെ തോൽ കൈയ്യുറയായി ധരിച്ചുകൊണ്ടു് സഹോദരവേഷത്തിൽ പിതാവിന്റെ ആശീസ്സു വാങ്ങിയ യാക്കോബിനെപ്പോലെ ഈ ആത്മീയ അജപാലകനും താൻ അർപ്പിക്കുന്ന ദിവ്യബലി വഴിയായി ദൈവാശീർവ്വാദം സമൃദ്ധിയായി കൈക്കൊ-

ള്ളട്ടെ എന്നാണ് ഈ ഘട്ടത്തിൽ അഭിഷേചകൻ ചൊല്ലുന്ന വാക്കുകളുടെ സാരം.

ഉപസംഹരണം

ഇങ്ങനെ സ്ഥാനചിഹ്നങ്ങൾ ഓരോന്നായി നൽകിയശേഷം അഭിഷേചകൻ സിംഹാസനത്തിൽനിന്നു എഴുന്നേൽക്കുകയും തൽസ്ഥാനത്തു പുതിയമെത്രാൻ ഉപവിഷ്ടനാവുകയും ചെയ്യുന്നു. ഉടനെ തെ ദേവും എന്നാരംഭിക്കുന്ന കീർത്തനം അഭിഷേചകൻ ആരംഭിക്കുകയും ഗായകന്മാർ അതു തുടർന്നു പാടുകയും ചെയ്യുമ്പോൾ, സഹകാരികൾ പുതിയ മെത്രാനെ ജനതാമദ്ധ്യേ ആനയിക്കുകയും അദ്ദേഹം ജനക്കൂട്ടത്തെ ആശീർവ്വദിക്കുകയും ചെയ്യുന്നതാണ് അടുത്ത ചടങ്ങ്. സിംഹാസനത്തിങ്കലേക്കു പുതിയ മെത്രാൻ വീണ്ടും ആനയിക്കപ്പെട്ടശേഷം അവിടെ നിന്നുകൊണ്ട് ഒരിക്കൽക്കൂടി അദ്ദേഹം ജനങ്ങൾക്കു ആശീസ്സ് നൽകുന്നു.

അതിനുശേഷം അഭിഷേചകനും സഹകാരികളും അൾത്താരയുടെ എവൻജേലിയോൻ ഭാഗത്തേക്കു മാറി, എപ്പിസ്തോലാ ഭാഗത്തേക്കു തിരിഞ്ഞുനില്ക്കുകയും പുതിയ മെത്രാൻ അവർക്കഭിമുഖമായി, സ്ഥാനചിഹ്നങ്ങളെല്ലാം അണിഞ്ഞു നില്ക്കുകയും ചെയ്യുന്നു. എല്ലാവരും യഥാസ്ഥാനങ്ങളിൽ നിലകൊണ്ടതിനുമേൽ പുതിയ മെത്രാൻ അഭിഷേചകൻെറനേരെ തിരിഞ്ഞു "അഡ് മുൾത്തോസ് ആനോസ്" എന്നു പാടുന്നു. തദനന്തരം അദ്ദേഹം ബലിപീഠത്തിൻെറ നടയിലേക്കിറങ്ങി അവിടെ മുട്ടുകുത്തി മുമ്പു പാടിയതുതന്നെ ആവർത്തിക്കുന്നു. അഭിഷേചകൻെറ മുമ്പിൽ മുട്ടുകുത്തിക്കൊണ്ടു മൂന്നാംപ്രാവശ്യവും ഇതുതന്നെ പാടേണ്ടതാണ്. അനന്തരം എല്ലാ മെത്രാന്മാരും തങ്ങളുടെ ഇളയ സഹോദരനു "സമാധാനത്തിൻെറ ചുംബനം" നൽകുന്നു. പിന്നീട് വിശുദ്ധ യോഹന്നാൻെറ സുവിശേഷം ഉച്ചരിച്ചുകൊണ്ട് പുതിയ മെത്രാൻ മററു മെത്രാന്മാരാൽ ആവൃതനായി സ്വന്തം അൾത്താരയിലേക്കു മടങ്ങുന്നു. മെത്രാന്മാർ ബലിപീഠങ്ങളിൽ തിരുവസ്ത്രങ്ങൾ ഊരിയിടുന്നതോടുകൂടി അഭിഷേകതിരുകർമ്മങ്ങളും അവസാനിക്കുന്നു.



ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി കാൻഡി സെമ്മിനാരിയിൽ ചെന്നയുടനെ

ചങ്ങനാശ്ശേരി മെത്രാനായിരുന്ന ഡോക്ടർ ജയിംസ് കാളാശേരി തിരുമനസ്സിലെ മെത്രാഭിഷേകം സംബന്ധിച്ച് ശ്രീ എ. സി. ചാക്കോ എഴുതിയ ലേഖനമാണിത്. ഇതിൻെറ ആദ്യഭാഗം രണ്ടാംകോളം ഒന്നാം പംക്തിയുടെ ആരംഭത്തിൽ "പ്രധാനകാർമ്മികനായ മെത്രാപ്പോലീത്താ" എന്നു കാണുന്നുണ്ടെങ്കിലും, ഇവിടെ പ്രധാന കാർമ്മികൻ അത്യുന്നത കർദ്ദിനാൾ തിരുമേനിയാണല്ലോ.

# റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി., എൽ. പി എച്ച്.

അതിരൂപതയുടെ സഹായമെത്രാനും, എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ സഹായമെത്രാനുമായി പരിശുദ്ധ സിംഹാസനത്തിൽനിന്നും നിയമിതനായിരിക്കുന്ന റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി എ., ഡി. ഡി തിരുമനസ്സുകൊണ്ട്, ചരിത്രപ്രസിദ്ധമായ അങ്കമാലി ഫൊറോനായിടവകയിലെ ഒരംഗമായാണ് ജാതനായത്. അങ്കമാലിയിലെ പുരാതന ദേവാലയത്തിൽ വച്ചുതന്നെ ജ്ഞാനസ്നാനം സ്വീകരിക്കുകയുംചെയ്തു. മലങ്കരസഭാചരിത്രത്തിലെ മഹാ പുരുഷന്മാരായ മാർ യാക്കോബു, മാർ യൗസേപ്പ്, മാർ അബ്രാഹം തുടങ്ങിയ മതാദ്ധ്യക്ഷന്മാരുടെ ആസ്ഥാനമായിരുന്ന അങ്കമാലിക്കുള്ള പ്രാധാന്യവും പ്രശസ്തിയും വ്യക്തമാണല്ലോ. അങ്ങനെ ചരിത്രപരമായ പാരമ്പര്യങ്ങളാൽ നിബിഡമായ ഒരന്തരീക്ഷത്തിലാണ് അഭിനവമെത്രാൻ തിരുമേനി ജനിച്ചതും വളർന്നതും.

യഥാകാലം അങ്കമാലിയിൽ നിന്നും പിരിഞ്ഞുപോയ കിടങ്ങൂർ വളർന്നുവരുന്ന ഒരു ചെറിയ ഇടവകയാകുന്നു. ഈ ഇടവകയിലെ ഒന്നാമത്തെ വൈദികനാണ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ. തിരുമനസ്സിലെ പിതൃഗൃഹമായ പാറേക്കാട്ടിൽ കിടങ്ങൂർ ഇടവകയിലെ കുലീനവും, പുരാതനവുമായ ഒരു കുടുംബമാണ്. ഈ തറവാടിൻെറ മററൊരു ശാഖയാണു മൂക്കന്നൂരുള്ള കുളങ്ങരക്കുടുംബം. തിരുമേനിയുടെ പുണ്യവതിയായ മാതാവു കിഴക്കമ്പലത്തു പുരാതനമായ മഴുവഞ്ചേരി കുടുംബത്തിലെ ഒരു അംഗമാകുന്നു. ഈ അനുഗൃഹീതകുടുംബത്തിൻെറ ആദ്ധ്യാത്മികസമ്പത്തിനെ വ്യക്തമാക്കിക്കൊണ്ട് തിരുമേനിയുടെ സഹോദരിയുടേയും, സഹോദരൻെറയും പിതൃസഹോദരിയുടേയും പിതൃസഹോദരൻെറയും മാതൃസഹോദരൻെറയും പുത്രികളായി ഏഴ് കന്യാസ്ത്രീകൾ അതിരൂപതയിലെ വിവിധസന്യാസസഭകളിലായി സുകൃതജീവിതം നയിച്ചുവരുന്നു.

അഭിവന്ദ്യതിരുമേനിയുടെപിതാവായ ഇട്ടീരാശ്ശാ മാതാവായ ഏലീശാശ്ശാ ദേവസ്സി, വക്കി, ഇട്ടിയച്ചൻ (ജോസഫ്) എന്നു മൂന്നു പുത്രന്മാരെയും, റെയിത്തി എന്ന ഒരു പുത്രിയെയും ദൈവം പ്രദാനം ചെയ്തു. ഈ വന്ദ്യമാതാപിതാക്കന്മാർക്കും സഹോദരീസഹോദരന്മാർക്കും തിരുമേനിയെ മെത്രാനായി കാണുവാനുള്ള ഭാഗ്യം ദൈവം പ്രദാനംചെയ്തിരിക്കുന്നു തങ്ങളുടെ ഓമനസന്താനത്തെ മാതൃകായോഗ്യമായവിധം വളർത്തുകയും, ഒടുവിൽ അവനെ ദൈവത്തിനു കൃതജ്ഞതാപൂർവ്വം സമർപ്പിക്കുകയും ചെയ്തു ആ ഉത്തമദമ്പതികൾ അർഹിക്കുന്ന ഉചിതമായ ഒരനുഗ്രഹം തന്നെയാകുന്നു ഇത്.



എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്.

വിദ്യാഭ്യാസപരമായും മററും സ്വദേശത്തു നിലനിന്നിരുന്ന വിഷമതകളെ തരണംചെയ്തുകൊണ്ട് സ്വസന്താനങ്ങൾക്ക് കാലോചിതമായ ശിക്ഷണം നൽകുവാൻ ശ്രീമാൻ ഇട്ടീരാ പ്രദർശിപ്പിച്ച ഉത്സാഹവും കർത്തവ്യബോധവും ഏററം ശ്ലാഘനീയമായിരിക്കുന്നു. എണ്പതിൽപ്പരം വയസ്സുള്ള അദ്ദേഹം ഇന്നും ആക്ഷം സമ്മതനാണ്. സുദീർഘവും വിവിധകാര്യബഹുലവുമായ തൻെറ ജീവിതകാലത്തു സത്യസന്ധതയുടേയും സമാധാനദീക്ഷയുടേയും അദ്ധ്വാനശീലത്തിൻേറയും മാതൃകയായ ഒരു കർഷകപ്രമാണിയായിട്ടാണ് അദ്ദേഹം വർത്തിച്ചിട്ടുള്ളത്. സംശുദ്ധവും സമാധാനപൂർണ്ണവുമായ ആ ജീവിതം ഇനിയും ദീർഘനാൾ നീണ്ടുനില്ക്കുവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ട് 1912 ഏപ്രിൽമാസം 1-ാം തീയതി ഭൂജാതനായി. കിടങ്ങൂർ, അങ്കമാലി, മൂഴിക്കുളം എന്നീ സ്ഥലങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചു. അന്ന് അഞ്ചാംക്ലാസ്സിൽ പരീക്ഷയ്ക്കു ചേർന്നിരുന്ന വിദ്യാർത്ഥികളിൽ അദ്ദേഹം മാത്രമാണ് വിജയിയായുള്ളു. ദൈവപരിപാലനയുടെ ഒരു പ്രത്യേകപ്രവർത്തനം ഇതിൽ സുവ്യക്തം ദൃശ്യമാണല്ലോ. ഭാവിയിൽ വലിയ കാര്യങ്ങൾക്കായി ദൈവം അദ്ദേഹത്തെ നിശ്ചയിച്ചിരുന്നതിനാൽ മലയാളം സ്കൂളിൽവച്ചു മിക്കക്ലാസ്സുകളിലും, ഇംഗ്ലീഷുസ്കൂളിൽ പ്രവേശിച്ചശേഷം കോളെജുവിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ എല്ലാ ക്ലാസ്സുകളിലും ഒന്നാമനായി പാസ്സാകുന്നതിന് അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്.

മലയാളം ഏഴാംക്ലാസ്സിൽ ജയിച്ചശേഷം അങ്കമാലി സെൻറ് ജോസഫ്സ് മിഡിൽ സ്കൂളിൽ ചേർന്നു ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു. തേഡ്ഫോറം പരീക്ഷയിൽ ഉന്നതമായ വിജയം ലഭിച്ചതുമൂലം ഗവമ്മെൻറ് സ്കോളർഷിപ്പോടുകൂടി അദ്ദേഹം ആലുവാ ഹൈസ്കൂളിൽ പഠനം തുടർന്നു. പഠനത്തിൽ മാത്രമല്ല, സ്വഭാവഗുണത്തിലും അദ്ദേഹം സഹപാഠികളെ അതിശയിച്ചിരുന്നു. സെൻറ് മേരീസ് ഹൈസ്കൂളിൽ പഠിച്ചിരുന്ന കാലത്തു രണ്ടുകൊല്ലത്തേക്ക് അദ്ദേഹമായിരുന്നു ബോർഡിംഗ് പ്രിഫെക്ട്.

1930-ൽ ചരിത്രപുരുഷൻ സ്കൂൾഫൈനൽ പരീക്ഷ ഒന്നാംക്ലാസ്സിൽ പാസ്സായി. ദൈവം തന്നെ എങ്ങോട്ടാണ് വിളിക്കുന്നതെന്ന് അദ്ദേഹത്തിന് അതിനകം ബോദ്ധ്യമായിരുന്നതിനാൽ ഉടൻതന്നെ എറണാകുളം തിരുഹൃദയപ്രാഥമികസെമ്മിനാരിയിൽ ചേർന്നു. പെററിസെമ്മിനാരിയിലെ പഠനം പൂർത്തിയായ ഘട്ടത്തിൽ, അവിടെത്തന്നെ തത്വശാസ്ത്രവും പഠിപ്പിക്കുവാൻ ആരംഭിച്ചതിനാൽ അദ്ദേഹത്തിൻെറ പഠനം എറണാകുളത്തുതന്നെ തുടരുവാൻ ഇടയായി. അതിനിടയിൽ 1932 ഓഗസ്റ്റ് 15-ാം തീയതി മോൺസിഞ്ഞോർ റവ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയിൽനിന്നും ആസ്തപ്പാടുപട്ടം സ്വീകരിക്കുവാനും അദ്ദേഹത്തിനു ഭാഗ്യംലഭിച്ചു.



ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി വൈദികനായ ഉടനെ

അനന്തരം 1933 ജാനുവരിമാസത്തിൽ കാൻഡിയിലെ സുപ്രസിദ്ധമായ പേപ്പൽ സെമ്മിനാരിയിൽ ചേർന്നു വൈദികപഠനം തുടർന്നു മൂന്നുകൊല്ലം തത്വശാസ്ത്രവും നാലുകൊല്ലം ദൈവശാസ്ത്രവും പഠിച്ചശേഷം എൽ. പി എച്ച്; എൽ. ഡി. എന്നീ ബിരുദങ്ങൾ ഏററം പ്രശസ്തമായവിധം (Magna Cum Laude) നേടി. 1939 ഓഗസ്റ്റ് 24-ാംനു കാൻഡിമെത്രാൻ റേഞ്ഞോ ഒ. എസ്സ്. ബി. തിരുമേനിയിൽ നിന്നും പുരോഹിതപട്ടം സ്വീകരിക്കുകയും അടുത്ത ദിവസം പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു.

ഈ നവവൈദികൻ ഡി. ഡി. ബിരുദം നേടണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻേറയും സെ

മിനാരി അധികൃതന്മാരുടേയും ആഗ്രഹം. എന്നാൽ അദ്ദേഹത്തിന്റെ ക്ലാസ്സിൽ അദ്ദേഹത്തിനു മാത്രമേ ഡി. ഡി. ക്കു പഠിക്കുവാൻ ഒരുക്കമുണ്ടായിരുന്നുള്ളു. തന്നിമിത്തം പ്രസ്തുതബിരുദം എടുക്കുവാൻ ആഗ്രഹിക്കുന്നവരായി താണക്ലാസ്സിലുള്ളവർ ഒപ്പം എത്തുന്നതുവരെ, ഒരുകൊല്ലം അദ്ദേഹത്തിനു് കാത്തിരിക്കേണ്ടിവന്നു. ആകയാൽ വൈദികനായശേഷം ആ നവമ്പർമാസത്തിൽ അദ്ദേഹം നാട്ടിൽ തിരിച്ചെത്തി. ഉടനെതന്നെ ഞാറയ്ക്കൽപള്ളി അസി: വികാരിയായി നിയമിതനാകയുംചെയ്തു.

ഡി. ഡി. ബിരുദത്തിനുള്ള പഠനം തുടരുവാൻ 1941 ജനുവരിമാസത്തിൽ വീണ്ടും അദ്ദേഹം കാൻഡി സെമിനാരിയിലേക്കു പോയി. റവ. ഫാദേഴ്സ് തോമസ് മൂത്തേടൻ, സഖറിയാസ് വാഴപ്പിള്ളി, പി. ജ്ഞാനനാഥ് (കുരുകാണം) എന്നിവരായിരുന്നു അന്നദ്ദേഹത്തിന്റെ സഹപാഠികൾ. ഡി. ഡി. ബിരുദത്തിനുള്ള പ്രബന്ധമെഴുതുവാൻ തിരുമേനി തെരഞ്ഞെടുത്ത വിഷയം "വരപ്രസാദത്തെപ്പറ്റി അഗസ്റ്റീനോസും പെലാജിയസ്സും" എന്നായിരുന്നു. മോസ്റ്റ് റവ. അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലേക്കു് സമർപ്പിതമായിരിക്കുന്ന ഈ പ്രബന്ധം (ഇംഗ്ലീഷ്) പുസ്തകരൂപത്തിൽ പ്രസിദ്ധംചെയ്തിട്ടുണ്ട്.

ദൈവശാസ്ത്രബിരുദത്തിനുള്ള തിരുമനസ്സിലെ പ്രബന്ധം പരിശോധിച്ച പരീക്ഷകന്മാരിൽ ഒരാൾ അതിനു് നൂറുശതമാനം മാർക്കും, അപരൻ തൊണ്ണൂറുശതമാനം മാർക്കും നൽകുകയുണ്ടായി എന്നുള്ളതു ഇവിടെ സ്മരണീയമത്രെ. ബിരുദദാനത്തിനുള്ള വാചാപരീക്ഷയിലും തൊണ്ണൂറഞ്ചു ശതമാനം മാർക്ക് ലഭിക്കുകയുണ്ടായി. അങ്ങനെ Magna cum Laude എന്ന അസാധാരണ ബഹുമതിയോടുകൂടി തിരുമേനി പ്രസ്തുതബിരുദം നേടി.

ഡോ. പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് 1941 ഒക്ടോബർ മാസത്തിൽ നാട്ടിൽ മടങ്ങിയെത്തിയ ഉടനെ വടക്കൻ പറവൂർ ഫൊറോനാപ്പള്ളിയിൽ അസി: വികാരിയായി സഭാസേവനം ആരംഭിച്ചു. മൂന്നുകൊല്ലത്തിനു ശേഷം അദ്ദേഹം ചുണങ്ങംവേലി, മാമ്പള്ളി എന്നീ പള്ളികളുടെ വികാരിയായി. ചുണങ്ങംവേലിയിലെ സന്യാസിനികളുടെ നൊവിഷ്യേറ്റ് ഗുരുവായും നിയമിക്കപ്പെട്ട 1945 ജൂൺമാസത്തിൽ തിരുമേനി തേവര സേക്രഡ് ഹാർട്ട്സ് കോളെജിൽ ബി. എ. ക്ലാസ്സിൽ ചേർന്നു് വീണ്ടും പഠനമാരംഭിച്ചു എന്നാൽ അതോടൊപ്പംതന്നെ പെരുമാനൂർ ലൂർദുപള്ളിയുടെ ചുമതലയും വഹിക്കേണ്ടിയിരുന്നു.

വിവിധകാര്യപര്യാകുലതയുടെ മദ്ധ്യത്തിൽ നിർവ്വഹിച്ച ഈ പഠനവും ഏററം വിജയകരമായിരുന്നു എന്നു പറയാം. ഇംഗ്ലീഷിനു് ഒന്നാം ക്ലാസ്സിൽ പ്രസിഡൻസിയിൽ മൂന്നാമനായും എക്കണോമിക്സിനു് പ്രസിഡൻസിയിൽ നാലാമനായുമാണു് തിരുമേനി പാസായതു് തേവരകോളെജിൽനിന്നു് എക്കണോമിക്സിനു് ഒന്നാമനായി ജയിക്കുകയാൽ "മാത്തുള്ള മെമ്മോറിയൽ സ്വർണ്ണമെഡലിനു്" തിരുമേനി അർഹനായിത്തീർന്നു. ബി. എ. ബിരുദലബ്ധിയെത്തുടർന്നു് അഭിവന്ദ്യമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ "സത്യദീപ്" പത്രാധിപസമിതിയിലെ ഒരംഗമായി നിയമിച്ചു.

സത്യദീപംപത്രത്തെ സമുദ്ധരിക്കുവാനുള്ള ബു്റുഹത്തായ ചുമതല പ്രധാനമായി ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയുടെ ചുമലിൽ നിക്ഷിപ്തമായതോടുകൂടി ഇന്നത്തെ നിലയിൽ പലവിധ പരിഷ്കാരങ്ങളോടുകൂടി അതു പ്രസിദ്ധം ചെയ്യുവാൻ തുടങ്ങി. ഇന്നതു ഇരുപതിനായിരത്തോളം വരിക്കാരുള്ള ഒരു പ്രമുഖവാരികയായി ഉയർന്നിരിക്കുന്നു. ഇതേപ്പററി സത്യദീപത്തിന്റെ മറെറാരു പത്രാധിപരായ വെരി റവ. മോൺ. ജേക്കബ്ബ് നടുവത്തുശ്ശേരി അവർകൾതന്നെ പ്രസ്താവിച്ചിരിക്കുന്നതു് ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. "സത്യദീപത്തിന്റെ ഭാഗധേയം സംരക്ഷിക്കുവാൻ ആവശ്യകമായ പാണ്ഡിത്യവും സാമർത്ഥ്യവും സേവനസന്നദ്ധതയും ഒത്തിണങ്ങിയ ആളാണെന്നു് ബോദ്ധ്യപ്പെട്ടതിനാൽ തിരുമേനിയെ അഭിവന്ദ്യമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് അതിന്റെ പത്രാധിപരായി നിയമിച്ചു. ചോദ്യോത്തരപംക്തിയും വേദശാസ്ത്രപംക്തിയും നിയമേനയും, മുഖപ്രസംഗം, പ്രസാധകക്കുറിപ്പുകൾ, ഗ്രന്ഥനിരൂപണം എന്നീ പംക്തികൾ പലപ്പോഴും തിരുമേനിയുടെ തൂലികയാണു് നിറച്ചുകൊണ്ടുപോന്നിട്ടുള്ളതു്...നാനാവിഷയങ്ങളിൽ പാണ്ഡിത്യമുള്ള സഹൃദയന്മാരെ കണ്ടുപിടിച്ചു അവരുടെ സഹകരണം അഭ്യർത്ഥിച്ചു് അവരിൽനിന്നു് അവസരോചിതങ്ങളായ ലേഖനങ്ങൾ സമ്പാദിച്ചു് അവകൊണ്ടു് സത്യദീപത്തെ അലങ്കരിക്കുവാനും വായനക്കാരെ വിജ്ഞന്മാരാക്കിത്തീർക്കുവാനും തിരുമേനി നിസ്തന്ദ്രം ചെയ്തുകൊണ്ടിരുന്ന പ്രയത്നങ്ങളുടെ ഫലമായിട്ടാണു് സത്യദീപത്തിനു് ഇന്നുള്ള ഒന്നാംസ്ഥാനം കരഗതമായിരിക്കുന്നതു്."

ശ്രമകരമായ ഈ പത്രാധിപജോലികൾക്കിടയിൽത്തന്നെ പെററി സെമിനാരി വിദ്യാർത്ഥികളുടെ ആദ്ധ്യാത്മികപിതാവു്, നവസന്യാസമഠത്തിലെ യോഗാർത്ഥിനികളുടെ വേദശാസ്ത്രാദ്ധ്യാപകൻ, സെൻറ് മേരീസ് കോൺവെൻറിനോടനുബന്ധിച്ചുള്ള സെൻറ് ഫിലോമിനാസ് ഹോസ്റ്റലിലേയും, സെൻറ് ആൻസ് ബോർഡിംഗിലെയും വിദ്യാർത്ഥിനികളുടെ ആത്മീയപിതാവു്. പെരുമാനൂരും എറണാകുളം ആശുപത്രിയിലുമുള്ള അഗതികളുടെ സഹോദരികൾ എന്ന സന്യാസിനികളുടെ കുമ്പസാരക്കാരൻ എന്നിങ്ങനെ പല നിലകളിൽ തിരുമേനി സേവനമനുഷ്ഠിച്ചിരുന്നു. സ്ഥലത്തെ അഭ്യസ്തവിദ്യരായ യുവതികൾക്കും കന്യാസ്ത്രീകൾക്കുമായി ഞായറാഴ്ചതോറും പാനക്ലാസുകൾ നടത്തുന്നതിലും അവിടുന്നു് വ്യാപൃതനായിരുന്നു. കൂടാതെ അതിരൂപതയിൽ പുസ്തകപരിശോധകൻ, സിനഡൽ ജഡ്ജ് എന്നീ ഉദ്യോഗങ്ങളും വഹിച്ചുവന്നു.

ഒരനുഗൃഹീത വാഗ്മി, പ്രസിദ്ധ ധ്യാനപ്രസംഗകൻ എന്നീ നിലകളിലും തിരുമേനി നിർവ്വഹിച്ചിട്ടുള്ള സേവനം ഏററവും സ്തുത്യർഹമത്രെ. തിരുമേനി നടത്തിയിട്ടുള്ള നിരവധി ഏകാന്തധ്യാനങ്ങളിൽ സംബന്ധിച്ചു് ആത്മശാന്തി പ്രാപിക്കുവാൻ ഭാഗ്യം ലഭിച്ചിട്ടുള്ള എത്രയോ പ്രശസ്തവ്യക്തികൾ കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നു് ഇന്നു് അവരുടെ അഭിവന്ദ്യപിതാവിനു് മംഗളം നേരുന്നുണ്ടാകും! ഇംഗ്ലീഷ്, ലത്തീൻ, സുറിയാനി എന്നീ ഭാഷകൾക്കുപുറമെ സംസ്കൃതം, ഫ്രഞ്ച്, ഗ്രീക്ക്, ഹീബ്രു എന്നീ ഭാഷകളും തിരുമേനിക്കു് സ്വാധീനമാണു്. അങ്ങനെ വിജ്ഞാനവും വിശുദ്ധിയും ഒത്തിണങ്ങിയ ഒരു മഹാവ്യക്തിതന്നെയാണു് അഭിനവമെത്രാൻ എന്നു് ആരും സമ്മതിക്കും. അതേസമയം വിനീതമനസ്കനും ആർഭാടരഹിതനും സേവനസന്നദ്ധനുമാണു് അവിടുന്നെന്നു് ആരേയും പറഞ്ഞറിയിക്കേണ്ടതില്ല.

കോളുകൊണ്ട കടലിൽ ചരിക്കുന്ന ഒരുകപ്പലിലെ മാലുമിയുടെ ദീർഘദൃഷ്ടിയോടുകൂടി എറണാകുളം അതിരൂപതയുടെ ഭാഗധേയങ്ങളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യനായ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു് സർവ്വഥാ അനുരൂപനായ ഒരാളെ സഹായമെത്രാനായി ലഭിച്ചതിൽ നാം സന്തോഷിക്കേണ്ടിയിരിക്കുന്നു. ഭാവിതലമുറ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്ന അനേകമനേകം മഹാകാര്യങ്ങൾ മാർ അഗസ്റ്റിൻ തിരുമേനി എറണാകുളം അതിരൂപതയ്ക്കു് നേടിത്തന്നിട്ടുള്ളതിൽ പ്രമുഖമായ ഒന്നായി ഈ സഹായമെത്രാൻ നിയമനം അനുസ്മരിക്കപ്പെടുമെന്നുള്ളതിനു് തർക്കമില്ല.

മൊറൊ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലേക്കു് സകല ഭാവുകങ്ങളും ഏററം വിനീതമായവിധത്തിൽ ആശംസിക്കുകയും പുതിയ സ്ഥാനത്തിനുവേണ്ട എല്ലാ അനുഗ്രഹങ്ങളും ഉദാരമായി വർഷിക്കുന്നതിനു് ദൈവത്തെ പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇപ്പോൾ ഒരു സഹായമെത്രാന്റെ പിൻതുണ ലഭിച്ചിരിക്കുന്ന മാർ അഗസ്റ്റിൻ തിരുമേനി എറണാകുളം അതിരൂപതയുടേയും കേരളീയ സുറിയാനി സമുദായത്തിന്റേയും പുരോഗതിക്കുവേണ്ടി ഇനിയും ദീർഘകാലം ജീവിച്ചിരിക്കുവാനും നമുക്കു് പ്രാർത്ഥിക്കാം.

(എം. കെ. ജോസഫ്)



മൊറൊ് റവ. ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയും മാതാപിതാക്കന്മാരും. (നിയുക്തമെത്രാനായശേഷം മാതാപിതാക്കന്മാരെ സന്ദർശിച്ചപ്പോൾ എടുത്ത ഫോട്ടോ.)



1931-ൽ എറണാകുളം പെററിസെമ്മിനാരിയിൽ അന്നു വികാരിജനറാളായിരുന്ന മൊറൊ് റവ. മോൺ: തോമസ് നെടുങ്കല്ലേൽ അവർകളുടെ ഗുരുപ്പട്ട രജതജൂബിലിപ്രമാണിച്ചെടുത്ത ചിത്രം. പിൻനിരയിൽ രണ്ടാമതായി പാറേക്കാട്ടിൽ തിരുമേനിയെ കാണാം.



കിടങ്ങൂർ പള്ളി (ഡോ: പാറേക്കാട്ടിൽ തിരുമേനിയുടെ ഇടവകപ്പള്ളിയുടെ മുഖവാരം.


## ക്രിസ്തുസ് ക്രിബ് സെററുകൾ

18" യൗസേപ്പിതാവു്, മാതാവു്, ഉണ്ണി, സെററു് 30 ക.
12" " " " " 18 ക.
4" " " " " 4 ക.

യൗസേപ്പിതാവു്, മാതാവു്, ഉണ്ണി, ആട്ടിടയന്മാർ, പൂജരാജാക്കന്മാർ കൂടിയ 15 ഫിഗർ—6". സെററു് 15 ക.
ഉണ്ണി തനിച്ചു് 4" 1ക.
" 12" 8ക.
" 18" 12ക.

തിരുഹൃദയഡിപ്പോ, ബ്രോഡ്‌വേ, എറണാകുളം-1

# മേരീവത്സരം

## ഫുൾജെൻസ് കൊറോണ എന്ന തിരുവെഴുത്ത്

(പരിഭാഷകൻ: റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.

(തുടച്ച്)

### ആ അത്യുന്നത സ്ഥാനത്തിൽ നിന്നു നിഷ്പദിക്കുന്ന കാര്യങ്ങൾ

നെസ്തോറിയൻ ഇടത്തുടിനെതിരായി എഫേസൂസ് സൂനഹദോസ് അദ്ധ്യവസാനംചെയ്തു പ്രഖ്യാപിച്ചതും കൂടുതൽ മാഹാത്മ്യമുള്ളതായി ചിന്തിക്കുവാൻ വഹിയാത്തതുമായ ആ അത്യുന്നതസ്ഥാനം മിശിഹായുടേതു കഴിഞ്ഞാൽ ഏററവും മികച്ച വിശുദ്ധിയും യോഗ്യതയും ആവശ്യപ്പെടുന്നു. ഒന്നാകയാൽ ദൈവവരപ്രസാദപൂർണ്ണതയും ആത്മാവിന്റെ പാപരാഹിത്യവും അത്യന്താപേക്ഷിതമായിത്തീരുന്നു. ദൈവമാതാവിന്റെ ജീവിതത്തേയും ആത്മാവിനേയും അസാധാരണമായ രീതിയിലും തോതിലും അലങ്കരിച്ചിരുന്ന എല്ലാ അനുഗ്രഹവരങ്ങളും ദൈവമാതൃസ്ഥാനമാകുന്ന നിഗൂഢവും അച്ഛസ്ഫടികവുമായ ഉറവയിൽ നിന്നു പ്രവഹിക്കുന്നതാണ്. അക്വീനസ്സ് പുണ്യവാൻ സയുക്തികം പറയുന്നു: "കന്യകാമറിയം ദൈവമാതാവാകയാൽ അനന്തനന്മയായ ദൈവത്തിൽനിന്ന് അനന്തമായ ഏതോ ഒരു മഹത്വം പ്രാപിച്ചിട്ടുണ്ട്." സുപ്രസിദ്ധനായ ഒരു ഗ്രന്ഥകാരൻ ഇതുതന്നെ ഇപ്രകാരം വിവരിച്ചിരിക്കുന്നു: "കന്യകാമറിയം ദൈവത്തിന്റെ അമ്മയാണ്. അതിനാൽ അവിടുന്ന് എത്രയും പരിശുദ്ധയും നിർമ്മലയുമാണ്. ദൈവത്തിൻകീഴ് കൂടുതൽ നൈർമ്മല്യം അചിന്ത്യമാണ്."



കാര്യം ശ്രദ്ധാപൂർവ്വം ചിന്തിക്കുകയാണെങ്കിൽ, പ്രത്യേകിച്ച്, തന്റെ ഏകജാതന്റെ അമ്മയോടു സർവ്വശക്തനായ ദൈവത്തിനു ഉണ്ടായിരുന്നതും ഉണ്ടാകുന്നതുമായ ഉജ്ജ്വലവും മധുരവുമായ സ്നേഹത്തെപ്പററി ചിന്തിക്കുകയാണെങ്കിൽ എന്തു കാരണമാണുള്ളതു കന്യകാമറിയം സ്വല്പസമയം പാപവിധേയയായിരുന്നുവെന്നും അങ്ങനെ ദൈവവരപ്രസാദരഹിതയായിരുന്നുവെന്നും വിചാരിപ്പാൻ?

### ദൈവത്തിനു കഴിയുമായിരുന്നു; അതിനാൽ വേണ്ടതു ചെയ്തു

സർവ്വശക്തനായ ദൈവത്തിനു രക്ഷകന്റെ യോഗ്യതകളെ അടിസ്ഥാനപ്പെടുത്തി ഈ വിശേഷവരം കന്യകാമറിയത്തിനു നൽകാൻ പാടുണ്ട്. അതിനാൽ അങ്ങനെ നൽകിയില്ലെന്നു നമുക്കു ചിന്തിക്കുവാൻ വഹിയാ.

ഈശോമിശിഹാക്കു ആവുന്നിടത്തോളം യോഗ്യതയുള്ള ഒരമ്മയുണ്ടാകുക എന്നതു എത്രയും യുക്തമാണ്. ഉത്ഭവത്തിന്റെ പ്രഥമനിമിഷത്തിൽപ്പോലും പരമ്പരാഗതമായ പാപത്തിന്റെ മാലിന്യത്താൽ മറിയം പങ്കിലയായി പിശാചിന്റെ ജുഗുപ്സാവഹമായ അധികാരത്തിനു അടിപ്പെട്ടുപോയിരുന്നുവെങ്കിൽ അവിടുന്നു ദൈവത്തിന്റെ അമ്മയാകുവാൻ യോഗ്യയായിരിക്കയില്ലായിരുന്നു. ഇക്കാരണത്താൽ മിശിഹായുടെ രക്ഷണാകൃത്യത്തിന്റെ ഫലം ആദത്തിന്റെ സന്തതികൾക്കെല്ലാം ലഭിച്ചില്ലെന്നോ ദിവ്യരക്ഷകന്റെ ജോലിക്കും പ്രതാപത്തിനും കുറവുവരുന്നുവെന്നോ പ്രസ്താവിക്കാവുന്നതല്ല കാര്യം ശരിയായും പൂർണ്ണമായും പരിശോധിക്കുകയാണെങ്കിൽ നമുക്കു സൂക്ഷ്മമായി കാണാൻ കഴിയും ക്രിസ്തുനാഥൻ പൂർണ്ണമായ അർത്ഥത്തിൽ തന്റെ അമ്മയേയും രക്ഷിച്ചുവെന്നു, കാരണം അവിടുത്തെ യോഗ്യതകളെപ്രതിയാണ് കന്യകാമറിയത്തെ ഉത്ഭവപാപത്തിൽ വീഴാതെ സംരക്ഷിച്ചതു. അതിനാൽ ഈശോയുടെ അനന്തമഹിമയ്ക്കും സാർവ്വത്രികരക്ഷണകൃത്യത്തിനോ ഒരുവിധത്തിലും മാററു കുറഞ്ഞുപോകുന്നില്ല. ദൈവത്തിനു മാത്രവും ഈശോമിശിഹാക്കും നൽകേണ്ടതായ ആരാധനക്കു കുറവുവരുന്നുവെന്നു പറഞ്ഞു കന്യകാമറിയത്തോടുള്ള നമ്മുടെ ഭക്തിയെ അകത്തോലിക്കരും മതപരിവർത്തകരും കുററപ്പെടുത്തുമ്പോൾ അവർ അബദ്ധാനീതരാകുന്നു. യാഥാർത്ഥ്യം നേരെ മറിച്ചാണ്. എത്രയും സമുന്നതമായ അനുഗ്രഹവരങ്ങളെല്ലാംതന്നെ പ്രാഥമികമൂലസ്ഥാനമെന്നവണ്ണം അവിടെനിന്നു പ്രവഹിക്കുന്നതുകൊണ്ടും മക്കളുടെ മഹത്വമെല്ലാം പിതാക്കളുടേതായിരിക്കുന്നതുകൊണ്ടും സ്വർഗ്ഗീയാംബികക്കു നാം നൽകുന്ന ബഹുമാനവും വന്ദനവും അവിടുത്തെ ദിവ്യസുതന്റെ മഹത്വത്തെ വർദ്ധിപ്പിക്കുന്നുവെന്നുള്ളതു നിസ്സംശയമാണ്.



1939-ൽ ഡോക്ടർ പാറേക്കാട്ടിൽ ഒരുമിച്ചു കാൻഡിയിൽവെച്ചു വൈദികപട്ടം സ്വീകരിച്ച നവവൈദികർ.

അതിനാൽ പ്രാചീനകാലം മുതൽക്കുതന്നെ ഈ വിശ്വാസസത്യം ഇടയരുടേയും വിശ്വാസികളുടേയും ബുദ്ധിയിലും മനസ്സിലും വിപുലമായി പ്രചരിച്ചിരുന്നു. പിതാക്കന്മാരുടെ ഗ്രന്ഥങ്ങൾ അതിനു സാക്ഷ്യംവഹിക്കുന്നു. സൂനഹദോസുകളും റോമാ മാർപ്പാപ്പാമാരുടെ നടപടികളും അതു പ്രഖ്യാപിക്കുന്നു. ഈ തിരുനാളിനെപ്പററി പ്രതിപാദിക്കുന്ന പ്രാചീനകർമ്മവിധിപ്പുസ്തകങ്ങളിൽ അതിനു തെളിവു നൽകുന്നു.

### അനൈക്യത്തിലും സത്യം അചഞ്ചലമായി നില്ക്കുന്നു

കത്തോലിക്കാസഭയിൽനിന്നു ഭിന്നിച്ചുപോയ പൗരസ്ത്യക്രിസ്ത്യൻ വിഭാഗങ്ങളിൽക്കൂടി പല മതവിധികളും അബദ്ധങ്ങളും ഉണ്ടായിരുന്നിട്ടും അമലോത്ഭവവിശ്വാസസത്യം സമാശ്ലേഷിച്ചു വർഷംപ്രതി ആ തിരുനാൾ കൊണ്ടാടുന്ന പലരും ഉണ്ടായിരുന്നുവെന്നും ഇപ്പോളുണ്ടെന്നും കാണുന്നതിൽനിന്നു അനുമാനിക്കാം ഏകതൊഴുത്തിൽനിന്നു പിരിഞ്ഞുപോകുന്നതിനു മുമ്പുതന്നെ അതിപ്രാചീനകാലംമുതല്ക്കു അവക്കു ഈ വിശ്വാസമുണ്ടായിരുന്നുവെന്നു.

നിത്യസ്മരണാർഹനായ ഒമ്പതാം പീയൂസ് മാർപ്പാപ്പാ ദൈവമാതാവായ കന്യകാമറിയത്തിന്റെ ഈ വിശേഷവരത്തെ അദ്ധ്യവസാനംചെയ്തിട്ടു ഒരു ശതാബ്ദപൂർത്തിയാകുന്ന ഈ അവസരത്തിൽ അദ്ദേഹപിതാവിന്റെ വാക്കുകളിൽ ഈ വിശ്വാസസത്യത്തെ സംക്ഷേപിച്ചു പ്രഖ്യാപിക്കുവാൻ നമുക്കു അതിയായ സന്തോഷമുണ്ട്. ഇതു സഭാപിതാക്കന്മാരുടെ വ്യാഖ്യാനാനുസാരം വേദപുസ്തകത്തിൽ പ്രതിപാദിതവും അവരുടെ പ്രധാന ഗ്രന്ഥങ്ങൾവഴി നമ്മുടെപക്കൽ എത്തിച്ചേർന്നിട്ടുള്ളതും തിരുസ്സഭയുടെ സമുന്നതമായ തീരുമാനംവഴി ഉറപ്പായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമാണ്. അതിനാൽ ജന്മപാപമാലിന്യംകൂടാതെ ഉത്ഭവിച്ച ദൈവമാതാവിനെ സ്നേഹപുരസ്സരം സംബോധനചെയ്തു സ്തുതിക്കുന്നതിലും ബഹുമാനിക്കുന്നതിലും വന്ദിക്കുന്നതിലും കൂടുതൽ മധുരവും പ്രിയംകരവുമായി ഇടയർക്കാകട്ടെ വിശ്വാസികൾക്കാകട്ടെ ഒന്നുമില്ലായിരുന്നു.

അമലോത്ഭവ വിശ്വാസസത്യപ്രഖ്യാപനശേഷം വിശ്വാസികൾ കൂടുതൽ പ്രകടമായി പ്രകാശിപ്പിച്ചിരുന്ന അഭിലാഷമനുസരിച്ചു ജൂബിലിവത്സരമായിരുന്ന 1950-ന്റെ അവസാനത്തിൽ, ദൈവമാതാവിന്റെ ശരീരം ആത്മാവോടുകൂടെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടുവെന്നുള്ള വിശ്വാസസത്യം പ്രഖ്യാപനംചെയ്യുവാനുള്ള ഭാഗ്യം ദൈവപരിപാലനയിൽ നമ്മൾക്കു ലഭിച്ചുവെന്ന വസ്തുത കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്ന ഈ സമയത്തു കന്യകാമറിയത്തിന്റെ വിശുദ്ധമകുടത്തിൽ നൂറു സംവത്സരംമുമ്പു പതിച്ച ആ അമൂല്യരത്നം ബൃഹത്തരമായ പ്രകാശത്തോടെ തിളങ്ങുന്നതുപോലെ തോന്നുന്നു.

### വിശ്വാസികളുടെ തീവ്രമായ ശരണം

വിശ്വാസികളെസംബന്ധിച്ച Munificentissimus Deus എന്ന ശ്ലൈഹികലേഖനത്തിൽ നാംതന്നെ എഴുതിയിട്ടുള്ളതാണ് തിരുസ്സഭയുടെ സമുന്നതമായ അദ്ധ്യാപനാധികാരമുപയോഗിച്ചു കന്യകാമറിയം ശരീരത്തോടുകൂടെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടുവെന്നുള്ള വിശ്വാസസത്യം അദ്ധ്യവസായം ചെയ്തു കാണുവാൻ തീവ്രമായി അവർ ആഗ്രഹിക്കുന്നുവെന്ന്. മേലിൽ വിശ്വാസികളുടെ മനസ്സും ഹൃദയവും അമലോത്ഭവരഹസ്യത്തിലേക്കു സകാരണം തിരിയുമെന്നു തോന്നുന്നു; എന്തുകൊണ്ടെന്നാൽ രണ്ടു വിശ്വാസസത്യങ്ങളും ഗാഢമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒന്നാമതായി കന്യകാമറിയത്തിനു നൽകിയ വിശേഷവരത്തിന്റെ പൂർത്തീകരണവും മകുടവുമായ സ്വർഗ്ഗാരോപണം നിർവ്വഹിച്ച തനിനിറത്തിൽ ഇപ്പോൾ പ്രകാശിപ്പിച്ചിട്ടുള്ളതുകൊണ്ട് എത്രയും ഭാഗ്യപ്പെട്ട കന്യകാമറിയം ജന്മപാപമാലിന്യത്തിൽനിന്നു വിമുക്തമായിരിക്കണമെന്നു ദൈവം ആഗ്രഹിച്ചതിൽ പ്രകടമാകുന്ന ദൈവബോധജ്ഞാനവും അവിടുത്തെ ക്രമീകരണത്തിനുള്ള സൗന്ദര്യവും കൂടുതൽ സ്പഷ്ടമായും പൂർണ്ണമായും ബഹിർസ്ഫുരിക്കുന്നു.

ദൈവമാതാവായ കന്യകയുടെ ഭൗമികപ്രയാണത്തിന്റെ പ്രാരംഭവും സമാപ്തിയുമായി ആ രണ്ടു അസാധാരണവരങ്ങൾ നിലകൊള്ളുന്നു. എല്ലാം പാപമാലിന്യത്തിൽനിന്നും വിമുക്തമായ അവിടുത്തെ ആത്മാവിന്റെ പരിപൂർണ്ണനിഷ്കളങ്കതയുടെ ഉചിതവും അത്ഭുതാവഹവുമായ പൂർത്തീകരണമാണ് കന്യകാശരീരത്തിന്റെ എത്രയും വമ്പിച്ച മഹത്വീകരണം. നാരകീയസർപ്പത്തോടു തന്റെ പ്രിയപ്പെട്ട ഏകജാതൻ നടത്തിയ പോരാട്ടത്തിൽ മറിയം പങ്കെടുത്തതുപോലെ പാപത്തിന്മേലും അതിന്റെ ഫലങ്ങളിന്മേലും നേടിയ മഹത്വപൂർണ്ണമായ വിജയത്തിൽക്കൂടി മറിയം പങ്കെടുത്തു.

ഈ ശതാബ്ദാഘോഷംകൊണ്ടു എല്ലാം ആത്മാക്കളിലും കത്തോലിക്കാവിശ്വാസവും ദൈവമാതാവിനോടുള്ള ഭക്തിയും പുനർജ്ജീവിച്ചാൽ പോരാ; ക്രിസ്ത്യാനികൾ ആവുന്നിടത്തോളം കന്യകാമറിയത്തിന്റെ മാതൃകയനുസരിച്ചു തങ്ങളുടെ ജീവിതം നിയന്ത്രിക്കണം. മക്കളുടെ മുഖത്തു തങ്ങളുടെ ശരിയായ പ്രതിബിംബം ബിംബിച്ചുകാണുമ്പോൾ, മാതാക്കൾക്കു പ്രത്യേകവാത്സല്യം തോന്നാറുണ്ട്. അതുപോലെതന്നെ, എത്രയും മാധുര്യമുള്ള നമ്മുടെ അമ്മ തന്റെ മകന്റെ കുരിശിനരികെവച്ചു തന്റെ പുത്രരായി സ്വീകരിച്ച മക്കൾ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും സ്വന്തം ആത്മാവിന്റെ വടിവും അലങ്കാരവും പ്രദർശിപ്പിച്ചുകാണുവാൻ പ്രകാശിപ്പിക്കുന്ന ആഗ്രഹത്തെക്കാളും അതിലുള്ള ആനന്ദത്തെക്കാളും കൂടുതലായി യാതൊന്നുമില്ല.

ഈ ഭക്തി വെറും വാക്കുകളിൽ നിലകൊള്ളാതെ, മതഭക്തിയുടെ കള്ളനാണയമോ ക്ഷണികമായ ഒരു സ്നേഹപ്രകടനമോ ആയിത്തീരാതെ, ഹൃദയംഗമവും യഥാർത്ഥവും കാര്യക്ഷമവുമായിരിക്കണമെങ്കിൽ നമ്മളോരോരുത്തരും അവരവരുടെ ജീവിതസ്ഥിതിയനുസരിച്ചു പുണ്യസമ്പാദനത്തിനായി ശ്രമിക്കണം. ജന്മപാപത്തിന്റെ സകല മാലിന്യത്തിൽനിന്നും വിമുക്തയായി അമലോത്ഭവയായി ഉത്ഭവിച്ച എത്രയും പരിശുദ്ധ കന്യകയുടെ ഈ ജീവിതരഹസ്യത്തിന്റെ, കർമ്മപാപത്തി

ഈഷ്ടേൺ മർക്കന്റൈൽ ബാങ്ക് ലിമിറ്റഡ്
H. O. കൊച്ചി. ബ്രാഞ്ചുകൾ: എറണാകുളം & തൃശൂർ
തിരു-കൊച്ചി ഗവമ്മെന്റിൽനിന്നു സിദ്ധിച്ച 4-9-'53-ലെ L. Dis 5956/53 R. D. ഉത്തരവുപ്രകാരം തുടങ്ങുന്ന

പുതിയ മാസക്കുറി

56 നമ്പ്ര്. നമ്പ്ര് 1-ൽ 2നറുക്ക്. നറുക്ക് 1ക്ക് 100ക. ആകെ സല. 11200ക. ഒരു നറുക്ക് എടുക്കലും ഒരു നറുക്ക് ലേലവും—മററു നിശ്ചയങ്ങളോടുംകൂടി ബാങ്കിന്റെ കൊച്ചി ബ്രാഞ്ചിൽനിന്നും 3—12—1953-ൽ (18—4—1129-ൽ) ഒരു പുതിയ മാസക്കുറി തുടങ്ങുന്നതാകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ ആവശ്യപ്പെടുക.

കൊച്ചി 10-9-'53 — എ. എൽ. ശ്രീധരശേണായി, ചെയർമാൻ ഓഫ് ദി ബോർഡ് ഓഫ് ഡയറക്ടേഴ്സ്

ന്റെ ലഘുവായ ലാഞ്ഛനയിൽനിന്നുകൂടി ഓടിയകലുവാൻ നിർബന്ധിക്കുന്ന നിഷ്കളങ്കതയിലേക്കും ജീവിതവിശുദ്ധിയിലേക്കും നമ്മെ സമാനയിക്കേണ്ടതാണ്.

### ആ പൂർവ്വികാഹ്വാനംതന്നെ ഇന്നും

ജീവിതം മുഴുവനും രക്തസാക്ഷികളുടെ രാജ്ഞിയാകുവാൻ ഇടയാക്കിയ ദുഃഖങ്ങളിലും ക്രൂരമായ പീഡകളിലും തന്നെ അത്യധികം സ്പർശിച്ചിരുന്ന സന്തോഷങ്ങളിലും കന്യകാമറിയം തന്റെ പ്രിയസുതന്റെ കല്പനകളിൽനിന്നോ മാതൃകയിൽനിന്നോ അകന്നിട്ടില്ല. ഈശോയെ നമ്മെ കാണിച്ചുകൊണ്ട്, കാനായിലെ കല്യാണവിരുന്നിൽ ഭൃത്യന്മാരോടു പറഞ്ഞതുപോലെ നമ്മളോരോരുത്തരോടും "അവൻ പറയുന്നതു നിങ്ങൾ ചെയ്യുക" എന്നു പറയുന്നതായി നമുക്കു തോന്നുന്നുവെന്നു നാം പറയുന്നു.

ഈ ഉപദേശംതന്നെ സ്വല്പം വിപുലമായ അർത്ഥത്തിൽ കന്യകാമറിയം ഇന്നും നമ്മൾക്കു തരുന്നു. മനുഷ്യനെ ഇന്നു ബാധിച്ചിട്ടുള്ളതും ക്രൂരമായി അവനെ വേദനിപ്പിക്കുന്നതുമായ സകല തിന്മകളുടേയും മൂലകാരണം മനുഷ്യൻ സജീവജലത്തിന്റെ ഉറവയായ ഈശോയെ ഉപേക്ഷിച്ചു ജലം ഉൾക്കൊള്ളുവാൻ കഴിവില്ലാത്ത പൊട്ടക്കുളങ്ങൾ തങ്ങൾക്കായി ഉണ്ടാക്കിയെന്നുള്ളതാണ്. മാർഗ്ഗവും സത്യവും ജീവനുമായ അവിടുത്തെ അവർ ഉപേക്ഷിച്ചിരിക്കുന്നു.

ഒരു വ്യതിയാനമുണ്ടായിട്ടുണ്ടെങ്കിൽ ഋജുവായ പഥത്തിലേക്കു് ഒരു പ്രത്യാഗമനവും ആവശ്യമായിരിക്കുന്നു. അബദ്ധാന്ധകാരം മനസ്സിനെ സമാവരണം ചെയ്തിട്ടുണ്ടെങ്കിൽ സത്യത്തിന്റെ പ്രകാശംകൊണ്ടു് അതിനെ നീക്കംചെയ്യണം. മരണം ശരിയായ അർത്ഥത്തിൽ ആത്മാക്കളെ പിടികൂടുന്നപക്ഷം, ഉത്സാഹത്തോടും തീക്ഷ്ണതയോടുംകൂടെ ജീവിതത്തെ, അതായതു്, സ്വർഗ്ഗീയജീവിതത്തെ മുറുകെപ്പിടിക്കണം. ഈശോമിശിഹായിൽനിന്നു വരുന്ന ആ ജീവിതത്തിനു് അതിർത്തിയില്ല. മരണത്തിന്റെ ഈ താഴ്വരയിൽ വിശ്വാസത്തോടും ശരണത്തോടുംകൂടെ ആ ജീവിതത്തെ പിഞ്ചെല്ലുന്നപക്ഷം, നിത്യഭവനത്തിലെ സൗഭാഗ്യത്തിൽ അവിടുത്തോടുകൂടെ എന്നന്നേക്കും നമുക്കു് ആനന്ദിക്കുവാൻ കഴിയും.

ഇതാണു കന്യകാമറിയം നമ്മളെ പഠിപ്പിക്കുന്നതു്; ഇതാണ് ഏതു ഭൗമികമാതാവിനെക്കാളും യഥാർത്ഥത്തിൽ കൂടുതൽ നമ്മളെ സ്നേഹിക്കുന്ന നമ്മുടെ ഏത്രയും മാധുര്യമുള്ള അമ്മ ഉപദേശിക്കുന്നതു്. ബ. സഹോദരരേ, മനുഷ്യർ ക്രിസ്തുവിലേക്കു പിന്തിരിയുന്നതിനും പ്രമാണങ്ങളനുസരിച്ചു് അവരുടെ ജീവിതം കാര്യക്ഷമമാകുംവിധം നയിക്കുന്നതിനും ഈ ഉപദേശങ്ങൾ അവർക്കു് അത്യന്താപേക്ഷിതമാണു്; എന്തുകൊണ്ടെന്നാൽ അബദ്ധങ്ങൾ അഹങ്കാരപൂർവ്വം പ്രസംഗിച്ചും സൂത്രങ്ങളും രഹസ്യകെണികളുംവഴി ആത്മാക്കളിൽനിന്നു ക്രിസ്തീയവിശ്വാസം നീക്കിക്കളയുവാൻ പലരും ശ്രമിച്ചുകൊണ്ടിരിക്കയാണു്. പുരോഗമനാത്മകവും പരിഷ്കാരസമ്പന്നവുമായ ഈ ദശയുടെ മഹത്വമായിട്ടാണു് ഈ അബദ്ധങ്ങളെ അവർ അഭിമാനപൂർവ്വം ചിത്രീകരിക്കുന്നതു്. പരിശുദ്ധമായ മതവിശ്വാസം അവഗണിക്കുകയോ തിരസ്കരിക്കുകയോ ചെയ്തുകഴിഞ്ഞാൽ, നന്മതിന്മ ഏതെന്നു നിർണ്ണയിക്കുന്ന ദൈവഹിതത്തെ പുറംതള്ളിയാൽ, നിയമങ്ങൾക്കും ഗവർമ്മെന്റു് അധികാരത്തിനും വിലയില്ലാതാകും. വഞ്ചനാത്മകമായ ഈ തത്വങ്ങൾവഴി നിത്യസമ്മാനത്തിലുള്ള ശരണവും പ്രത്യാശയും നഷ്ടപ്പെട്ടുകഴിഞ്ഞാൽ മനുഷ്യൻ നിയന്ത്രണരഹിതം അത്യാശയോടെ ഭൗമികവസ്തുക്കളുടെ പിന്നാലെ പോകുകയും അയല്ക്കാരന്റെ വസ്തുക്കൾ കൊതിക്കുകയും സൗകര്യവും സന്ദർഭവും ലഭിക്കുമ്പോഴെല്ലാം ബലം പ്രയോഗിച്ചു് അവ എടുക്കുകയും ചെയ്യും. തൽഫലമായി ദ്വേഷവും അസൂയയും കലഹവും വൈര്യവും മനുഷ്യരുടെയിടയിൽ ഉയരുന്നു; പരസ്യവും രഹസ്യവുമായ ജീവിതത്തിനു ശല്യങ്ങളുണ്ടാകും. ഗവർമ്മെന്റു് അധികാരംകൊണ്ടു് സമുദായത്തിന്റെ അടിത്തറ പൊളിഞ്ഞുവീഴാതെ സംരക്ഷിക്കുവാൻ പ്രയാസമായിത്തീരുന്നതിന്റെ ഫലമായി ക്രമേണ സമുദായം നശിക്കും. അവസാനം ചിത്തനാടകങ്ങളും പുസ്തകങ്ങളും മാസികകളും തന്നി അക്രമങ്ങളുംവഴി സന്മാർഗ്ഗബോധത്തെ നശിപ്പിക്കുകയും ചെയ്യും.

ഗവർമ്മെന്റധികാരം കൈയിലിരിക്കുന്നവർക്കു് ഇക്കാര്യത്തിൽ പലതും ചെയ്യാൻ കഴിയുമെന്നു നമുക്കു സംശയമില്ല. എന്നുവരികിലും ഈദൃശതിന്മകൾക്കുള്ള പരിഹാരം ഉന്നതമായ ഒരു കേന്ദ്രത്തിൽത്തന്നെ തേടണം. സ്വർഗ്ഗീയപ്രകാശംകൊണ്ടു മനസ്സിനെ നിറയ്ക്കുന്നതും ആത്മാക്കളെ സ്പർശിക്കുന്നതും ദിവ്യവരപ്രസാദംകൊണ്ടു നവീകരിക്കുന്നതും പ്രചോദനംകൊണ്ടു നന്നാക്കുന്നതുമായ മനുഷ്യാതീതമായ ഒരു ശക്തിയുടെ സഹായം നാം അഭ്യർത്ഥിക്കണം.

### ജീവിതപരിഷ്കരണവും സമാധാനവും

ഇപ്രകാരം മാത്രമേ എല്ലായിടത്തും ക്രിസ്തീയസന്മാർഗ്ഗം വീണ്ടും അഭിവൃദ്ധിപ്പെടുമെന്നും സമുദായത്തിന്റെ അടിസ്ഥാനതത്വങ്ങൾ ഉറച്ചുനില്ക്കുമെന്നും വിവിധ വർഗ്ഗങ്ങളുടെ ഇടയിൽ പരസ്പരനീതിയും സ്നേഹവും ആത്മാർത്ഥമായും പക്ഷഭേദം കൂടാതെയും സംരക്ഷിക്കപ്പെടുമെന്നും നൂതനദുരിതങ്ങളുടെ ബീജമായി നില്ക്കുന്നതും കോപകലുഷിതരായവരെ രക്തംചിന്തുവാൻ പ്രേരിപ്പിക്കുന്നതുമായ വൈരാഗ്യത്തെ ഇല്ലാതാക്കുമെന്നും ശരണമുള്ളൂ. ഉന്നതവർഗ്ഗക്കാരും അധഃസ്ഥിതരും തമ്മിലുള്ള മത്സരങ്ങൾ ശാന്തമായി അവസാനിപ്പിക്കുവാനും ഇരുകക്ഷികളുടേയും ന്യായമായ അവകാശങ്ങൾ നീതിയോടെ സംരക്ഷിക്കുന്നതിനും യുക്തിയുക്തമായ ഒത്തുതീർപ്പുകൾവഴി പൊതുനന്മയ്ക്കു് അനുയോജ്യമാക്കിത്തീർക്കുന്നതിനുമുള്ള ശരണവും മേല്പറഞ്ഞതുതന്നെ.

താല്പര്യത്തോടും ഉത്സാഹത്തോടുംകൂടെ പിഞ്ചെല്ലുവാൻ ദൈവമാതാവായ കന്യക നമ്മെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തീയതത്വങ്ങൾ പരിപൂർണ്ണമായി ഫലദായകമായിത്തീരണമെങ്കിൽ അവയെല്ലാം പ്രവൃത്തിപഥത്തിലായാലേ മതിയാവൂ എന്നു നിസ്സംശയമാണു്. ഇതു പരിഗണിച്ചു ബഹുമാനപ്പെട്ട സഹോദരരേ, ഈ ഡിസമ്പർ മുതൽ അടുത്തകൊല്ലം ഡിസമ്പർവരെ ഒരു മേരിവത്സരം ആചരിക്കുവാൻ നിങ്ങളുടെ ശുശ്രൂഷയ്ക്കു് ഏല്പിക്കപ്പെട്ടിരിക്കുന്ന വൈദികരേയും വിശ്വാസികളേയും ഉപദേശിക്കുവാൻ നാം നിങ്ങളെ എല്ലാവരേയും ക്ഷണിച്ചുകൊള്ളുന്നു. കന്യകാമറിയം ജന്മപാപത്തിന്റെ സകല മാലിന്യത്തിൽനിന്നും പരിപൂർണ്ണമായി വിമുക്തയായിരുന്നുവെന്നു ശാശ്വതസ്മരണാർഹനായ നമ്മുടെ പുരോഗാമി ആഘോഷപൂർവ്വം അദ്ധ്യവസായം ചെയ്തപ്പോൾ നാം മുൻ പ്രസ്താവിച്ചതുപോലെ ക്രിസ്തീയജനത ആഹ്ലാദംകൊണ്ടു, കന്യകാമറിയം ഒരു പുതിയ രത്നംകൊണ്ടു ശോഭിച്ചു. ഇതാ ഇപ്പോൾ ഒരു ശതാബ്ദം പൂർത്തിയായിരിക്കുന്നു. ഈ മരിയൻ ആഘോഷങ്ങൾ നമ്മളെല്ലാവരും അഭിലഷിക്കുന്ന രക്ഷാകരമായ ഫലങ്ങൾ പുറപ്പെടുവിക്കുമെന്നാണു നമ്മുടെ ശരണം.

കാര്യങ്ങൾ എളുപ്പമാക്കാനും ഈ ഉദ്ദേശം കൂടുതൽ വിജയപ്രദമാകുവാനുമായി ഓരോ രൂപതയിലും ഇതിനായി സമുചിതമായ പ്രസംഗങ്ങളും പ്രഭാഷണങ്ങളും നടത്തണമെന്നു നാം ആഗ്രഹിക്കുന്നു. അങ്ങനെ ഈ ക്രിസ്തീയതത്വം കൂടുതൽ വിശദമായി അറിയപ്പെടണം. അതുവഴി ജനങ്ങളുടെ വിശ്വാസം വർദ്ധിക്കുകയും ദൈവത്തിന്റെ മാതാവായ കന്യകയോടുള്ള ഭക്തി ഉജ്ജ്വലതരമാകുകയും നമ്മുടെ സ്വർഗ്ഗീയാംബികയുടെ ചേവടികളെ കൂടുതൽ താല്പര്യത്തോടും ഉത്സാഹത്തോടുംകൂടെ പിഞ്ചെല്ലുവാൻ ഇടയാകുകയും ചെയ്യണം.

ബ. സഹോദരരേ, ക്രിസ്തീയവിശ്വാസം തഴച്ചുവളരുന്ന എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും ഗ്രാമങ്ങളിലും പരിശുദ്ധ കന്യകാമറിയത്തിനു പ്രതിഷ്ഠിതമായിരിക്കുന്ന ഒരു അൾത്താരയോ പ്രാർത്ഥനാമന്ദിരമോ ഉള്ള സ്ഥിതിക്കു് വിശ്വാസികൾ അവിടെ ധാരാളമായി ചെന്നുകൂടി ഏകയോഗമായി ഒരേസ്വരത്തിൽ പരസ്യവും രഹസ്യവുമായ പ്രാർത്ഥനകൾ സമർപ്പിക്കണമെന്നു നാം ആഗ്രഹിക്കുന്നു.

(തുടരും)




സഭാചരിത്രപംക്തി (7)

# വി. പൗലോസിന്റെ

## ആദ്യത്തെ പ്രേഷിതപര്യടനം

പ്രഫസ്സർ പി. ടി. തോമസ് എം. എ.)

43. A. D. മുതൽ 64 A. D. വരെ നീണ്ടുനിന്ന സമാധാനകാലത്താണ് റോമാസാമ്രാജ്യത്തെ ക്രിസ്തുവിനുവേണ്ടി ജയിച്ചടക്കുവാനുള്ള പരിശ്രമങ്ങൾ നടത്തപ്പെട്ടതു്. മഹത്തായ ഈ സംരംഭത്തിന്റെ നേതൃത്വം വഹിച്ചതു് പൗലോസും ബാർണബാസുമാണു്. അന്ത്യോക്യയായിരുന്നു അവരുടെ പ്രവർത്തനകേന്ദ്രം. സൈപ്രസ്സ് ദ്വീപും തെക്കുപടിഞ്ഞാറേ ഏഷ്യാമൈനറുമായിരുന്നു അവരുടെ ആദ്യത്തെ പ്രചരണരംഗം.

46. A. D. യിൽ പൗലോസും ബാർണബാസും സൈപ്രസ്സിലേക്കു കടൽമാർഗ്ഗം യാത്രതിരിച്ചു. അവിടത്തെ പ്രധാനപട്ടണമായ പാഫോസി (Paphos) ൽ വച്ചു് അവർക്കു് ഒരു വലിയ നേട്ടമുണ്ടായി. റോമൻ പ്രോകോൺസലായിരുന്ന സേർജിയസ് പോളസ് (Sergius Paulus) പാഫോസിൽവച്ചു് മിഷനറിമാരെ കണ്ടുമുട്ടുകയും അവരുമായുള്ള ഒരു അഭിമുഖസംഭാഷണത്തിനുശേഷം പരസ്യമായി ക്രിസ്തുമതം സ്വീകരിക്കയും ചെയ്തു. ഈ സംഭവത്തിനുശേഷമാണു് അപ്പസ്തോലൻ സാവൂൾ എന്ന നാമം ഉപേക്ഷിച്ചു് പൗലോസ് എന്ന റോമൻനാമം സ്വയം സ്വീകരിച്ചതു്. സാർവ്വത്രികസഭ ഇന്നു് അദ്ദേഹത്തെ അറിയുന്നതും വണങ്ങുന്നതും ഈ പേരിലാണല്ലോ.

പാഫോസിൽനിന്നും പ്രേഷിതന്മാർ രണ്ടുപേരും ഏഷ്യാമൈനറിലേക്കു കടന്നു. അവിടെ പാംഫിലിയാദേശത്തെ പേർഗ് (Perge) എന്ന സ്ഥലത്തു് ആദ്യതാവളമുറപ്പിച്ചു. അവിടെ നിന്നും തെക്കേ ഗലേഷ്യയിലേക്കു പോയി. പിസീഡിയയിലെ അന്ത്യോക്യ, ഇക്കോണിയം, ലിസ്ട്രാ, ഡേർബ് എന്നീ സ്ഥലങ്ങൾ അനുക്രമം അവരുടെ പ്രവർത്തികേന്ദ്രങ്ങളായിത്തീർന്നു. ചെന്നിടങ്ങളിലെല്ലാം അവർ സുവിശേഷം പ്രസംഗിച്ചു. എല്ലായിടത്തും പുറജാതിക്കാരിൽനിന്നു് സൗഹാർദ്ദപൂർവ്വമായ സ്വീകരണവും സ്വവർഗ്ഗീയരായ യഹൂദന്മാരിൽനിന്നു് ശത്രുതയുമാണു് അവർക്കു ലഭിച്ചതു്.

പൗലോസിന്റെ പ്രേഷിതപരിപാടി താഴെപ്പറയുംവിധമായിരുന്നു. ഒരു കൂടാരംപണിക്കാരനായിരുന്ന അദ്ദേഹം ഈ യാത്രാവേളയിലെല്ലാം കായികാദ്ധ്വാനംകൊണ്ടുതന്നെയാണ് ഉപജീവനം കഴിച്ചിരുന്നതു്. സൗകര്യം കിട്ടിയപ്പോഴെല്ലാം കൂടാരനിർമ്മാണത്തിൽ അദ്ദേഹം ഏർപ്പെട്ടിരുന്നു. ഒരു നഗരത്തിലോ ഗ്രാമപ്രദേശത്തോ ചെന്നുചേർന്നാലുടനെ അവിടെ താമസക്കാരായിരുന്ന യഹൂദരെ അന്വേഷിച്ചു കണ്ടുപിടിക്കുകയായിരുന്നു പതിവു്. ശാബത്ദിവസം യഹൂദദൈവാലയത്തിൽ മററുള്ളവരോടൊപ്പം ഹാജരാകും. വിശുദ്ധഗ്രന്ഥപാരായണം കഴിയുമ്പോൾ പൗലോസ് അവിടെ കൂടിയിരുന്നവരോടു് രക്ഷകനായ യേശുവിനെപ്പററി പ്രസംഗിക്കും. ഈ ശാബത് സമ്മേളനങ്ങളിൽ യഹൂദരും, ഛേദനാചാരം തുടങ്ങിയ യഹൂദവിധികളും പഴയനിയമവും സ്വീകരിച്ചു് യഹൂദരായിത്തീർന്ന പുറജാതിക്കാരും, യഹൂദമതവിശ്വാസം സ്വീകരിച്ചെങ്കിലും അവരുടെ നിയമവിധികളും ആചാരമുറകളും അനുഷ്ഠിക്കാതെ നിന്നിരുന്ന പുറജാതിക്കാരും ഉണ്ടായിരുന്നു. രണ്ടാമത്തെക്കൂട്ടരെ മാനസാന്തരപ്പെട്ടവർ (Proselytes) എന്നും മൂന്നാമത്തവരെ ദൈവഭയമുള്ളവർ (God-fearing) എന്നും വിളിച്ചുവന്നു. അപ്പസ്തോലന്റെ സുവിശേഷപ്രസംഗം മുഖാന്തിരം യഹൂദന്മാർ വളരെ വിരളമായും "ദൈവഭയമുള്ള" പുറജാതിക്കാർ ധാരാളമായും ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു. ഇതുമൂലം പലസ്ഥലങ്ങളിലും വലിയ ഇടർച്ചയും, രക്തച്ചൊരിച്ചിൽ പോലും ഉണ്ടാകുവാനിടയായി. ക്രിസ്തുമതം സ്വീകരിക്കുന്നതിൽ വൈമുഖ്യം പ്രദർശിപ്പിച്ച യഹൂദർ അപ്പസ്തോലന്റെ ബദ്ധശത്രുക്കളായിത്തീർന്നു. അവർ പട്ടണങ്ങൾതോറും പൗലോസിനെ പിന്തുടരുകയും ജനങ്ങളെ അദ്ദേഹത്തിനെതിരായി ഇളക്കിവിടുകയും ചെയ്തിരുന്നു. സ്വവർഗ്ഗീയരിൽനിന്നുണ്ടായ ഈ അനുഭവം കാരണം അപ്പസ്തോലൻ അചിരേണ തന്റെ ശ്രദ്ധമുഴുവൻ പുറജാതിക്കാരിൽ കേന്ദ്രീകരിച്ചു

എവിടെയെല്ലാം പൗലോസ് ക്രൈസ്തവസമൂഹങ്ങൾ സ്ഥാപിച്ചുവോ അവിടെയെല്ലാം സഭാകാര്യങ്ങൾ നോക്കുന്നതിനായി മൂപ്പന്മാരെ (presbyters) അദ്ദേഹം തലവന്മാരായി നിയമിച്ചു. വിശ്വാസികളുടെയും മൂപ്പന്മാരുടെയും മേലുള്ള ഭരണം (എപ്പിസ്കോപ്പൽ അധികാരം) അപ്പസ്തോലനും നടത്തിവന്നു. കാലാന്തരത്തിൽ തിരുസ്സഭാഭരണത്തിലെ സുപ്രധാനഘടകങ്ങളാകുവാനിരുന്ന വൈദികരുടെ (presbyters) യും മെത്രാന്മാരുടെയും അധികാരത്തിന്റെ പ്രാരംഭമാണ് നാം ഇവിടെ കാണുന്നതു്. നിയുക്താധികാരങ്ങളോടുകൂടിയ വൈദികരും (priests) മെത്രാന്മാരും (episcopates) അപ്പസ്തോലന്മാരുടെ കാലശേഷം മാത്രമാണു് പ്രത്യക്ഷപ്പെടുന്നതു്.

ലിസ്ട്രാ എന്ന സ്ഥലത്തുവച്ചു് പൗലോസ് തന്റെ പ്രസംഗം ശ്രവിച്ചു് ക്രിസ്തുവിൽ വിശ്വസിച്ച ഒരു മുടന്തനെ അത്ഭുതകരമാംവണ്ണം സുഖപ്പെടുത്തി. ഈ സംഭവം കണ്ടുകൊണ്ടുനിന്ന വമ്പിച്ച ജനസമൂഹം പൗലോസും ബാർണബാസും ഭൂമിയിലേക്കിറങ്ങിവന്ന ദേവന്മാരാണെന്നു

# പത്രാധിപത്യവും രാജകീയ പൗരോഹിത്യവും

(ഫാദർ തോമസ് കൊച്ചുമുങ്കാനാൽ)

തിരുസ്സഭാഭരണം പ്രശംസ്യമായി നടത്തിക്കൊണ്ടിരിക്കുന്ന പന്ത്രണ്ടാം പീയൂസ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കർദ്ദിനാൾമാത്രമായിരുന്നപ്പോൾ ഒരു കത്തോലിക്കാപത്രത്തിനു ഒരു അഭിനന്ദനസന്ദേശമയച്ചുകൊടുക്കുക യുണ്ടായി. അതിൽ കത്തോലിക്കാപത്രാധിപത്യത്തെ രാജകീയപൗരോഹിത്യത്തോടാണു് ഉപമിച്ചിരുന്നതു്. പൗരോഹിത്യം പുരോഹിതശബ്ദത്തിൻെറ തന്മാത്രരൂപം ആണു്. പുരോഹിതൻ എന്നു പറഞ്ഞാൽ ബഹുമാനിക്കപ്പെട്ടവൻ എന്നുമാത്രമേ വാച്യാർത്ഥമുള്ളുവെങ്കിലും നിരൂഢമായ അർത്ഥം ഈശ്വരാരാധനയുടെ കാർമ്മികനും പരമാരാധനാകർമ്മമായിരിക്കുന്ന ദിവ്യബലിയുടെ സമർപ്പകനും എന്നാകുന്നു. പ്രസ്തുത കൃത്യങ്ങൾ മാത്രമല്ലാതെ, ഒരു പുരോഹിതൻ ദൈവത്തേയും ദൈവികമായ സകല കാര്യങ്ങളേയും സംബന്ധിച്ച സമസ്തജോലികളുംകൂടി നിർവ്വഹിക്കയും ജനങ്ങൾക്കു നേതൃത്വംനൽകുകയുംചെയ്യേണ്ടതുണ്ടു്. മുഴുവൻ സമയവും വിനിയോഗിച്ചു് ഇങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനുവേണ്ടിയത്രേ ജനങ്ങളിൽനിന്നു ജനങ്ങൾക്കായിട്ടു തിരുസ്സഭ പുരോഹിതന്മാരെ നിയോഗിച്ചുകൊണ്ടിരിക്കുന്നതു്. അവർ നിർവ്വഹിക്കേണ്ട മേൽപ്പറഞ്ഞ കൃത്യങ്ങളിൽ പ്രധാനമായ ഒന്നു് ദൈവവചനങ്ങൾ ജനങ്ങളെ അറിയിക്കയാകുന്നു.

പഠിപ്പിക്കുന്നതിനുള്ള അധികാരവും കടമയും നിക്ഷിപ്തമായിരിക്കുന്നതു മഹോന്നതപുരോഹിതന്മാരായ മെത്രാന്മാരിലാണെങ്കിലും അവർക്കു് എപ്പോഴും എല്ലായിടത്തും സ്വയം സന്നിഹിതരാകുന്നതിനോ എല്ലാവരേയും പഠിപ്പിക്കുന്നതിനോ സാധിക്കയില്ലല്ലോ. ആകയാൽ അവർ തങ്ങളുടെ പ്രതിനിധികളായ വൈദികരുടെ സഹകരണം ആവശ്യപ്പെടുന്നുണ്ടു്. വൈദികർക്കും അഭിമുഖമായി എല്ലാവരേയും എപ്പോഴും കാണുവാനോ ദൈവികകാര്യങ്ങളെല്ലാം അവരോടു് അറിയിക്കുവാനോ കഴിയുകയില്ല. ആ പോരായ്മയെ ആധുനികകാലങ്ങളിൽ പരിഹരിച്ചുകൊണ്ടിരിക്കുന്നതു ഉത്തമ കത്തോലിക്കാ പത്രങ്ങളുടെ അധിപന്മാർ ആകുന്നു. ഒരു പത്രത്തിനു പ്രവേശിക്കുവാൻ പാടില്ലാത്ത സ്ഥലവും സന്ദർശിക്കുവാൻ കഴിയാത്ത ആളുകളും ഇല്ലല്ലോ. വാഗ്മിയായ ഒരു വൈദികനു് ഒരു സമയത്തു് ഏതാനും ആളുകളോടു മാത്രമേ പ്രസംഗിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ ഒരു പത്രാധിപർക്കു് എത്ര ആളുകളെവേണമെങ്കിലും ഉദ്ബോധിപ്പിക്കുവാൻ സാധിക്കും. ഒരു പത്രാധിപരുടെ അതിവിപുലമായ ഈ കഴിവുകളെ സ്മരിച്ചുകൊണ്ടാകുന്നു പത്രാധിപത്യത്തെ കർദ്ദിനാൾ പച്ചെല്ലി തിരുമനസ്സുകൊണ്ടു രാജകീയപൗരോഹിത്യമെന്നു് അഭിസംബോധനംചെയ്തിട്ടുള്ളതു്.

ഈ ഘട്ടത്തിൽ രാജകീയമെന്ന വിശേഷണംകൂടി പൗരോഹിത്യത്തോടു് ചേർത്തതെന്തുകൊണ്ടായിരിക്കുമെന്നു് ചർച്ച ചെയ്യാം. അർത്ഥസംപുഷ്ടമായ ഈ പ്രയോഗത്തിൽ അതിഗഹനമായ ഒരു വിജ്ഞാനം അന്തർഹിതമായിട്ടുണ്ടു്. ഉൽപത്തി പരിശോധിച്ചുനോക്കിയാൽ വിശുദ്ധ പത്രോസ് ശ്ലീഹായാണു് പ്രസ്തുത ശബ്ദത്തിൻെറ ആദ്യത്തെ പ്രയോഗകർത്താവെന്നു കാണാം. (I പത്രോസ് 2, 9). അദ്ദേഹവും ഇതു പുറപ്പാടിൻെറ പുസ്തകം 19-ാം അദ്ധ്യായം ആറാംവാക്യത്തെ ആസ്പദമാക്കിക്കൊണ്ടു ചെയ്തിട്ടുള്ളതാണു്. മേൽപ്പറഞ്ഞ വാക്യങ്ങൾ രണ്ടിലും തിരഞ്ഞെടുക്കപ്പെട്ട ജനത്തിനു ദൈവത്തിൻെറ വചനം അറിയിക്കുവാനുള്ള ഉപദേശമാണു് അടങ്ങിയിരിക്കുന്നതു്. ആധുനികകാലങ്ങളിൽ നിർദ്ദിഷ്ടകൃത്യം ഔദ്യോഗികമായി നിർവ്വഹിക്കുന്നതിനു നിയോഗിക്കപ്പെട്ടിരിക്കുന്നവർ വൈദികരാണെന്നു മുകളിൽ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. കത്തോലിക്കാസഭ ഒരു സാമ്രാജ്യത്തോടാണു് ഉപമിക്കപ്പെട്ടിരിക്കുന്നതു്. അതിൻെറ രാജാവു് നിത്യപുരോഹിതനായ ക്രിസ്തുവും അത്രേ. ദിവ്യവചനം പ്രസംഗിക്കയെന്നകൃത്യത്തിൽ അവിടുത്തെ പ്രതിനിധികളായ പുരോഹിതന്മാരുടെ സ്ഥാനമാണു പത്രാധിപന്മാർ നിർവ്വഹിക്കുന്നതെന്നു സൂചിപ്പിക്കുവാൻവേണ്ടി മനഃപൂർവ്വമത്രേ കർദ്ദിനാൾ പച്ചെല്ലി രാജകീയമെന്ന വിശേഷണം കൂട്ടിച്ചേർത്തിട്ടുള്ളതു്.

ആ കർദ്ദിനാൾ പച്ചെല്ലിതന്നെയാണല്ലോ ദൈവാനുഗ്രഹത്താൽ പാപ്പാസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാതിരുമേനി. പത്രാധിപത്യത്തിനു മുകളിൽ പറഞ്ഞിട്ടുള്ള മാഹാത്മ്യം കല്പിച്ചുകൊടുത്ത ഒരു വിശുദ്ധ പാപ്പാ "സത്യദീപ"ത്തിൻെറ ഒരു പത്രാധിപർ അവർകളെ മെത്രാൻപദത്തിലേക്കു് ഉയർത്തിയതിൽ ഒട്ടുംതന്നെ വിസ്മയത്തിനു് അവകാശമില്ല. വലിയ ഒച്ചപ്പാടൊന്നും കൂടാതെ സ്തുത്യർഹമായി പ്രയത്നിച്ചു് സത്യദീപത്തെ ഉന്നതത്തെ നിലയിലേക്കുയർത്തിയ അദ്ദേഹം ഈ മഹോന്നതപദത്തിനു അർഹൻതന്നേ. പള്ളിയിലെ പ്രസംഗപീഠത്തിൽനിന്നു പ്രസംഗിച്ചു സത്യത്തെ സംരക്ഷിക്കുന്നവരുടെ എണ്ണത്തെക്കാൾ മുറിയിലിരുന്നു പേനകൊണ്ടു സേവനമനുഷ്ഠിക്കുന്നവരുടെ സംഖ്യ വർദ്ധിക്കുന്നതാകുന്നു തിരുസ്സഭയ്ക്കു് ആധുനികകാലങ്ങളിലെ ആവശ്യമെന്നു ഒൻപതാംപീയൂസ് മാർപ്പാപ്പാ ചെയ്തിട്ടുള്ള പ്രസ്താവനയും ഈ സന്ദർഭത്തിൽ സ്മരണീയമാണു്. വിദ്യാഭ്യാസവിഷയത്തിൽ ലക്ഷം ലക്ഷമായി ധനവ്യയം ചെയ്തുകൊണ്ടിരിക്കുന്ന കേരളത്തിലെ ഇരുപതുലക്ഷം കത്തോലിക്കർ സത്യദീപം തുടങ്ങിയുള്ള ഉത്തമ കത്തോലിക്കാപത്രങ്ങളെ യഥാർഹം പ്രോത്സാഹിപ്പിക്കയും പ്രചരിപ്പിക്കയും ചെയ്യേണ്ടതിൻെറ ആവശ്യകതയും ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. യഥാർത്ഥത്തിൽ രാജകീയപത്രാധിപപദവിയിൽ ഭവിച്ചിരിക്കുന്ന നിതാന്ത വന്ദ്യ ശ്രീ പാറേക്കാട്ടിൽ യൗസേപ്പുമെത്രാൻ തിരുമേനിയുടെ വാഴ്ചക്കാലം കേരളകത്തോലിക്കാപത്രങ്ങളുടെ സുവർണ്ണദശയായിപ്പരിണമിക്കട്ടെ.



മൈററു് റവ. ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയും മാതാപിതാക്കന്മാരും. (വൈദികനായ ഉടനെ)

—

ഒരു ജപ്പാൻകാരൻെറ

## സംഭാവന

1947-ൽ അമേരിക്കൻ സൈന്യം ടോക്കിയോയിൽ താമസമുറപ്പിച്ചപ്പോൾ പട്ടാളത്താവളത്തിനടുത്തു ഒരു കത്തോലിക്കാപള്ളി തുടങ്ങാൻ ആലോചനയുണ്ടായി. നഗമിനേ എന്നു പേരായ ഒരു വമ്പിച്ച ജപ്പ് വ്യാപാരി അദ്ദേഹത്തിൻെറ കടയുടെ ഏഴാംനിലയിലുള്ള ഒരു ശാല ഇതിലേക്കു കൂലിക്കുകൊടുത്തു. ടോക്കിയോനഗരത്തിൻെറ ഒരു കേന്ദ്രസ്ഥാനത്താണു ഈ കെട്ടിടം സ്ഥിതിചെയ്യുന്നതെന്നുള്ള ഒരു പ്രാധാന്യവും അതിനുണ്ടു്. സെൻറു് ഫ്രാൻസീസിൻെറ നാമത്തിലുള്ള ഒരു പള്ളിയായ ആ ശാല ഇക്കഴിഞ്ഞ അഞ്ചുകൊല്ലം അതിപ്രശസ്തമായ സേവനമാണു അനുഷ്ഠിച്ചതു്. അഞ്ചാംകൊല്ലത്തിൻെറ അവസാനത്തിൽ കരാർ ഒന്നു പുതുക്കുന്നതിനായി ഷാപ്പുടമസ്ഥൻ വികാരിയച്ചനെ സമീപിച്ചു. എന്തായിരിക്കും പുതിയ വ്യവസ്ഥകൾ എന്നു് അദ്ദേഹം പരിഭ്രമിച്ചു. "പള്ളി ഇനിയും നിങ്ങൾക്കു അവിടെ തുടരാം. കഴിഞ്ഞ കാലത്തേക്കു കൂലിയൊന്നും തരേണ്ട. ഭാവിയിലും കൂലി തരേണ്ട ആവശ്യമില്ല. ലൈററിനും വെള്ളത്തിനുമുള്ള വകകൾമാത്രം നിങ്ങൾ അടച്ചുകൊണ്ടാൽ മതി." ഇതായിരുന്നു പുതിയ നിബന്ധനകൾ. വികാരിയച്ചൻ അത്ഭുതപ്പെട്ടു. വ്യാപാരി തുടർന്നു: "അച്ചാ ഞാനൊരു കത്തോലിക്കനല്ലെങ്കിലും, ആ പള്ളികൊണ്ടു ഇവിടെയുണ്ടാകുന്ന പ്രയോജനങ്ങൾ കാണാൻ എനിക്കു കണ്ണുണ്ടു്. അഭിനവജപ്പാനു കത്തോലിക്കാസഭയിൽനിന്നു വളരെയൊക്കെ ലഭിക്കാനുണ്ടെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഞങ്ങളുടെ നാട്ടുകാരെ അതു വേണ്ടപോലെ മനസ്സിലാക്കുന്നതിലേക്കു് എല്ലാവരെയും നിങ്ങളുടെ പള്ളിയിലേക്കു ക്ഷണിക്കുക." വികാരിയച്ചൻ കൃതജ്ഞതാഭരിതനായി നന്ദിപറഞ്ഞു. ചുരുങ്ങിയതു ആഴ്ചയിൽ 200 പവൻ കൂലികൊടുക്കേണ്ട ഒരു ശാലയാണതു്. അഞ്ചുകൊല്ലത്തേക്കുള്ള അമ്പതിനായിരം പവനും ഇളച്ചുകൊടുക്കുകയാണു ചെയ്തതു്! ഭാവിയിൽ കൂലിയെപ്പററി ചിന്തിക്കേണ്ടതുമില്ല!!

—

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ അനുഗ്രഹം ലഭിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

മിസ്സസ്സ്, ഏലിയാമ്മ ചാക്കോ നന്നാകുഴിയിൽ, പാലാ.

---

തന്നെ സങ്കല്പിച്ചു. പൗലോസിനെ ജൂപ്പിററെന്നും ബാർണബാസിനെ മെർക്കുറി എന്നും അവർ സംബോധനചെയ്തു. രണ്ടുപേർക്കുംവേണ്ടി ബലികളർപ്പിക്കുവാനായി അവർ കാളകളേയും കുസുമമാല്യങ്ങളേയും അവിടെ കൊണ്ടുവന്നു. ഈ ആരാധനഭ്രാന്തുകണ്ടു് ഭയവിഹ്വലരായിത്തീർന്ന അപ്പസ്തോലന്മാർ, അവരുടെവസ്ത്രങ്ങൾ ചീന്തിക്കൊണ്ടു് തങ്ങൾ ദേവന്മാരല്ലെന്നും വെറും മർത്ത്യരാണെന്നും ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഇതു കേട്ടമാത്രയിൽ ആരാധകന്മാരുടെ ഭക്ത്യാദരങ്ങൾ കോപാവേശമായി മാറി. അവിടെ വന്നെത്തിയ ചില യഹൂദന്മാരുടെ ദുഷ്പ്രേരണയ്ക്കു വശംവദരായി ആ ജനാവലി പൗലോസിനെ കല്ലെറിഞ്ഞു. അപ്പസ്തോലൻ അവശനായി നിലംപതിച്ചു. അദ്ദേഹം മൃതനായി എന്നു വിശ്വസിച്ചു് ശത്രുക്കൾ അദ്ദേഹത്തെ വലിച്ചിഴച്ചു് പട്ടണത്തിനു വെളിയിൽ കൊണ്ടിട്ടുംവച്ചുപോയി. പെട്ടെന്നുതന്നെ ബോധവാനായി അദ്ദേഹം എഴുന്നേററു. പിറേറദിവസം ബാർണബാസൊരുമിച്ചു് അവിടെനിന്നും തൻെറ പ്രധാന ആസ്ഥാനമായ അന്ത്യോക്യയിലേക്കു തിരിച്ചു. അവിടെയെത്തി ദൈവം തങ്ങളെക്കൊണ്ടു നിർവ്വഹിച്ചകാര്യങ്ങളെപ്പററിയും വിശ്വാസകവാടം പുറജാതികൾക്കായി തുറന്നുകൊടുത്തതിനെപ്പററിയും ക്രൈസ്തവസഹോദരന്മാരെ പറഞ്ഞുകേൾപ്പിച്ചു. അങ്ങനെ നാലഞ്ചുകൊല്ലം ദീർഘിച്ച പൗലോസിൻെറ ആദ്യത്തെ പ്രേഷിതപര്യടനം അവസാനിച്ചു.



തവണ വില്പന പദ്ധതി

15ക. പ്രകാരം 25 ഗഡുവുകൾ. നക്ക വന്നാൽ മേലാൽ സംഖ്യ വയ്ക്കേണ്ടതില്ല.
പെട്ടി കിട്ടും. കൂടുതൽ വിവരം ആവശ്യപ്പെടുവിൻ.

ശ്രീ ഗോപാലകൃഷ്ണാ ആൻറ് കമ്പനി

ഇരുമ്പുപെട്ടിവ്യാപാരം, ജൂതത്തെരുവ്, എറണാകുളം

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റൈററ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 | ERNAKULAM, DECEMBER 2, 1953 | No. 15


# സഹായമെത്രാൻ തിരുമേനി വിജയിപ്പൂതാക!

എറണാകുളം അതിരൂപതയുടെ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു സുദിനമാണ് 1953 നവംബർ 30-ാംതീയതി. എറണാകുളം മെത്രാപ്പോലീത്താ മോസ്സ് റവ. ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയുടെ സഹായമെത്രാനായി തിരുസിംഹാസനത്തിൽനിന്നു നിയമിക്കപ്പെട്ട റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേക ദിനമാണതു്. തിരുമേനിയുടെ നിയമനത്തിന്റെയും അഭിഷേകത്തിന്റെയും സാഹചര്യങ്ങൾ ആലോചിച്ചാൽ കാണാം, അനിതരസാധാരണങ്ങളും അസുലഭങ്ങളുമായ ചില പ്രത്യേകതകളാൽ അവ അനുഗൃഹീതങ്ങളായിത്തീർന്നിട്ടുണ്ടെന്ന്. തിരുമേനിയുടെ നിയമനവാർത്ത നമ്മെ അറിയിച്ച ആൾ മാർപ്പാപ്പ കഴിഞ്ഞാൽ തിരുസഭയിലെ ഇന്നത്തെ ഏററവും ഉന്നതനായ അധികാരി, കർദ്ദിനാൾ തിസ്സെരാങ്ങ്, തിരുമേനി ആണ്; അറിയിച്ച സന്ദർഭം തിരുമേനി നമ്മുടെ ഇടയിൽ എഴുന്നള്ളിയിട്ട് ആദ്യമായി അവിടുത്തേക്ക് ഒരു പൊതുസ്വീകരണം നൽകിയതിനിടയ്ക്കാണ്; അറിയിച്ച സ്ഥലം എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയുടെ അങ്കണമാണ്. നിയമനം കഴിഞ്ഞിട്ട് ഒരു മാസം തികയുന്നതിനുമുമ്പ് നിയുക്തമെത്രാന്റെ പട്ടാഭിഷേകം നടക്കുന്നു. അഭിഷേചകൻ അത്യുന്നതനായ പ്രസ്തുത കർദ്ദിനാൾ തിരുമേനിതന്നെ. റോമയിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന, കർദ്ദിനാൾ സംഘത്തിന്റെ നേതൃത്വം വഹിക്കുന്ന, ഒരു സഭാധികാരി, മാർപ്പാപ്പായുടെ പ്രത്യേക പ്രതിനിധിയായി പൗരസ്ത്യദേശം സന്ദർശിക്കുന്നതിനിടയിൽ, ആ സ്ഥലത്തേക്കുള്ള ഒരു മെത്രാനെ അഭിഷേകം ചെയ്യുക എന്നതു് അഭൂതപൂർവ്വകമായ സംഭവമാണെന്നാണ് ഞങ്ങളുടെ ഓർമ്മ. അഭിഷേകകർമ്മത്തിൽ കർദ്ദിനാൾ തിരുമേനിയുടെ സഹകാരികളായ തിരുമേനിമാരുടെ കാര്യത്തിലും ശ്രദ്ധേയങ്ങളായ പ്രത്യേകതകളുണ്ട്. സഹകാരികളിൽ ഒരാളായ വരാപ്പുഴ മെത്രാപ്പോലീത്താ മോസ്സ് റവ. ഡോക്ടർ അട്ടിപ്പേററി തിരുമേനി റോമയിൽവച്ച് പരി. പിതാവിൽനിന്നുതന്നെ അഭിഷേചനം സ്വീകരിക്കുവാൻ ഭാഗ്യമുണ്ടായ ആളാണ്. മറേറ സഹകാരിയായ തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമേനിക്ക് തിരുസിംഹാസനത്തിലെ സ്ഥിരം പ്രതിനിധിയായി ഇൻഡ്യയിൽ വാണിരുന്ന ലേഗാദ് അപ്പസ്തോലിക്കാ മോസ്സ് റവ. ഡോക്ടർ പീററർ കീയർക്കൽസ് തിരുമേനിയിൽനിന്നും സ്വന്തം രൂപതാകേന്ദ്രത്തിൽവച്ച് പട്ടാഭിഷേകം സ്വീകരിക്കുവാൻ ഭാഗ്യമുണ്ടായി. ഇങ്ങനെ അന്യാദൃശങ്ങളായ സാഹചര്യങ്ങൾ ഒത്തിണങ്ങിയ, തിരുസിംഹാസനത്തോട് പലവിധത്തിൽ ബന്ധപ്പെട്ട സാഹചര്യങ്ങളോടുകൂടിയ, മെത്രാൻപട്ടാഭിഷേകമാണ് ഇവിടെ നടന്നതു്. അഭിഷിക്തനായ എറണാകുളം സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ അവിടുത്തെ നേതൃത്വത്തിലും പരിചരണത്തിലും വളരുവാനും ശക്തി പ്രാപിക്കുവാനും ഭാഗധേയം ഉണ്ടായ സത്യദീപം അകംനിറഞ്ഞ സന്തോഷത്തോടുകൂടി അനുമോദിച്ചുകൊള്ളുന്നു. അഭിഷേകകർമ്മം വഴിയായി ലഭിച്ച സമൃദ്ധങ്ങളും അസാധാരണങ്ങളുമായ അനുഗ്രഹങ്ങളാൽ സഹായമെത്രാന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുവാൻ തിരുമേനി പ്രാപ്തനാക്കപ്പെട്ടിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. ആ അനുഗ്രഹവർഷം തിരുമേനിക്കു തുടർന്നു ലഭിക്കണമെന്ന് ഞങ്ങൾ ഉള്ളഴിഞ്ഞു് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## മെത്രാൻസ്ഥാനത്തിന്റെ സ്വഭാവം

മെത്രാൻ പട്ടാഭിഷേകംസംബന്ധിച്ച പുറപ്പെടുന്ന ഈ ലക്കത്തിൽ മെത്രാൻസ്ഥാനത്തിന്റെസ്വഭാവത്തെയും അവകാശങ്ങളെയുംകർത്തവ്യങ്ങളെയുംപററി അവശ്യം അറിഞ്ഞിരിക്കേണ്ട ചില സംഗതികൾ ചൂണ്ടിക്കാണിക്കുന്നതു് അവസരോചിതമായിരിക്കുമെന്ന് വിശ്വസിക്കുന്നു. ട്രെൻറിലെ സൂനഹദോസ് പഠിപ്പിക്കുന്നതനുസരിച്ച് മെത്രാൻ ശ്ലീഹന്മാരുടെ അനന്തരഗാമിയാകുന്നു. പട്ടം എന്ന കൂദാശയുടെ പരിപൂർണ്ണതയാണ് അഭിഷേകകർമ്മത്താൽ മെത്രാനു ലഭിക്കുന്നതു്. തന്മൂലം ശ്ലീഹന്മാരെപ്പോലെ അവിടുത്തേക്ക് മററു മെത്രാന്മാരേയും പട്ടക്കാരേയും അഭിഷേകം ചെയ്യുവാനും മൂമ്പിലത്തെ ഒപ്പ്രുശുമാ എന്ന കൂദാശ നൽകുവാനും അധികാരമുണ്ട്. പട്ടസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മാർപ്പാപ്പ ഒരു മെത്രാൻ മാത്രമാണ്. ദൈവസ്ഥാപിതമായ വൈദികാദ്ധ്യക്ഷസംഘത്തിലെ ഒരു അംഗമാണ് മെത്രാൻ. ആ സംഘം അപ്പസ്തോലസംഘത്തിന്റെ സ്ഥാനമാണ് വഹിക്കുന്നതു്. "ദൈവത്തിന്റെ സഭയെ ഭരിക്കുവാൻ" പരിശുദ്ധാത്മാവു് നിയമിച്ചിട്ടുള്ളവരാണ് മെത്രാന്മാരെന്ന് വി. പൗലോസ് പഠിപ്പിക്കുന്നു. മാർപ്പാപ്പാ മെത്രാസനങ്ങൾ നിർത്തലാക്കുകയോ അവയുടെ അതിരുകൾ മാററുകയോ ചെയ്യാമെങ്കിലും, അവരവരുടെ രൂപതകൾ സഹജമായ അധികാരത്തോടുകൂടി ഭരിക്കുന്ന മെത്രാന്മാരെ ലോകമാസകലം ഇല്ലാതാക്കുവാൻ അധികാരമില്ല. എന്തുകൊണ്ടെന്നാൽ ആ പ്രവൃത്തി ദിവ്യസ്ഥാപിതവും അതിനാൽ അഭേദ്യവുമായ സഭാഘടനയിൽ മാററം വരുത്തുകയായിരിക്കും ചെയ്യുന്നതു്.

ഓരോ മെത്രാനും തിരുസഭയോടു പൊതുവിൽ ചില കർത്തവ്യങ്ങളുണ്ട്. തന്റെ മുൻഗാമികളുടേയും അജഗണങ്ങളുടേയും വിശ്വാസത്തിനും പാരമ്പര്യത്തിനും സാക്ഷ്യംവഹിക്കുക അവിടുത്തെ കർത്തവ്യമാകുന്നു. പൊതുസൂനഹദോസുകളിൽ ഒരു വിധിയാളനായി അവിടുന്ന് ഇരിക്കുകയും ചെയ്യുന്നു. എന്നാൽ ഈ അവകാശങ്ങളും കർത്തവ്യങ്ങളും പ്രയോഗിക്കപ്പെടേണ്ടതു് പത്രോസിന്റെസിംഹാസനത്തോടുള്ള ഐക്യത്തിലും വിധേയത്വത്തിലുമായിരിക്കണം.

## മെത്രാന്റെ കർത്തവ്യങ്ങൾ

സ്വന്തം രൂപതയിൽ ദൈവം വെളിപ്പെടുത്തിയവ പഠിപ്പിക്കുവാനുള്ള ചുമതല മെത്രാനുണ്ട്. ന്യായമായ പ്രതിബന്ധമൊന്നുമില്ലെങ്കിൽ, താൻതന്നെ ദൈവവചനം പ്രസംഗിക്കണമെന്നാണ് മെത്രാനോട് ട്രെൻറിലെ സൂനഹദോസ് ആവശ്യപ്പെട്ടന്നതു്, അവിടുത്തെ അനുമതികൂടാതെ രൂപതയിലാർക്കും ദൈവവചനം പ്രസംഗിക്കുവാൻ അധികാരമില്ല. വിശ്വാസസത്യങ്ങൾ, പബ്ലിക്കും പ്രൈവററുമായ സകല വിദ്യാലയങ്ങളിൽ പ്രത്യേകിച്ചും, കളങ്കരഹിതമായി കാത്തുസൂക്ഷിക്കുവാനുള്ള ചുമതല അവിടുത്തേക്കാണ്. സെമ്മിനാരികളിലും വൈദികകോളേജുകളിലും പ്രഫസറന്മാരെ നിയമിക്കുവാനുള്ള ചുമതലയും അവിടുത്തേക്കുണ്ട്. മതത്തെപ്പററി പ്രതിപാദിക്കുന്ന യാതൊരു ഗ്രന്ഥവും മെത്രാന്റെ കല്പനപ്രകാരം പരിശോധിക്കപ്പെടുകയും അവിടുത്തെ അനുമതി ലഭിക്കുകയും ചെയ്യാതെ പ്രസാധനം ചെയ്യപ്പെടാവുന്നതല്ല.

തന്റെ അജഗണങ്ങളുടെ സന്മാർഗ്ഗം കാത്തു സൂക്ഷിക്കുവാനും, തന്റെ കീഴുള്ള വൈദികരുടെ ഇടയിൽ ശിക്ഷണക്രമം പാലിക്കുവാൻ പ്രത്യേകിച്ചും, മെത്രാനു ചുമതലയുണ്ട്. ദൈവാരാധന യഥാവിധി നിർവ്വഹിക്കുവാൻ നടപടികൾ സ്വീകരിക്കുക, ജനങ്ങൾക്കു് കൂദാശകൾ കൊടുക്കുവാൻ ഏർപ്പാടുകൾ ചെയ്യുക മുതലായവയും അവിടുത്തെ ചുമതലയിൽ ഉൾപ്പെടുന്നു. അവിടുന്നു നേരിട്ടോ (അല്ലെങ്കിൽ അവിടുത്തെ അനുമതിയോടുകൂടി വേറൊരു മെത്രാനോ) മൂമ്പിലത്തെ ഒപ്പ്രുശുമകൊടുക്കുക, വൈദികപട്ടം നൽകുക, വിശുദ്ധതൈലങ്ങളും ദേവാലയങ്ങളും അൾത്താരകളും കാസാകളും മററും കൂദാശചെയ്യുക, എന്നീ കർമ്മങ്ങളും നിർവ്വഹിക്കണം. വൈദികർക്ക് അംഗീകരണം നൽകേണ്ടതും കുമ്പസാരം കേൾക്കുവാനും മററു കൂദാശകൾ കൊടുക്കുവാനും അവർക്ക് അധികാരം നൽകേണ്ടതും അവിടുത്തെ ചുമതലയാണ്.

## മെത്രാന്റെ അവകാശങ്ങൾ

ഈ കർത്തവ്യങ്ങൾ അനുഷ്ഠിക്കുവാൻവേണ്ടി മെത്രാനു ചില അവകാശങ്ങൾ സ്വായത്തമായിരിക്കുന്നുണ്ട്. തന്റെ രൂപതയ്ക്കുവേണ്ടി നിയമങ്ങൾ നിർമ്മിക്കാം. എന്നാൽ അവ തിരുസഭയുടെ പൊതുനിയമത്തിനു വിപരീതമായിരുന്നുകൂടാ. തിരുസിംഹാസനത്തിനു സംവരണം ചെയ്തിട്ടുള്ളവയൊഴിച്ച സഭാസംബന്ധമായ സകല കേസുകളും ആദ്യത്തെ വിധിയാളൻ എന്ന നിലയിൽ മെത്രാൻ തീരുമാനിക്കാം. ശിക്ഷകൾ നൽകുവാനും സസ്പെൻറു ചെയ്യുവാനും മഹറോൻ ചൊല്ലുവാനും മററും അവിടുത്തേക്ക് അധികാരമുണ്ട്. താൻതന്നെ നിർമ്മിച്ചിട്ടുള്ള നിയമങ്ങളുടെ അനുഷ്ഠാനത്തിൽനിന്നു് ഒഴിവുകൊടുക്കുവാനും മെത്രാൻകഴിയും. തനിക്കു മേൽപ്പെട്ടവർ നിർമ്മിച്ചിട്ടുള്ള നിയമങ്ങളുടെ അനുഷ്ഠാനത്തിൽനിന്നു് ഒഴിവുകൊടുക്കുവാൻ സാമാന്യമായി പറഞ്ഞാൽ അവിടുത്തേക്ക് അധികാരമില്ല എങ്കിലും വിവാഹങ്ങളുടെ കാനോനികമായ പരസ്യപ്പെടുത്തൽ, ഉപവാസം, തിരുസിംഹാസനത്തിനു സംവരണംചെയ്യവ ഒഴിച്ചുള്ള പ്രൈവററുവ്രതങ്ങൾ മുതലായവ സംബന്ധിച്ചുള്ള നിയമങ്ങളുടെ അനുഷ്ഠാനത്തിൽനിന്നു ഒഴിവുകൊടുക്കാൻ തിരുസഭയുടെ പൊതുനിയമത്താൽ അവിടുത്തേക്ക് അവകാശമുണ്ട്. അടിയന്തിരങ്ങളും സംശയഗ്രസ്തങ്ങളുമായ കേസുകളുടെ കാര്യത്തിൽ ഒഴിവുകൊടുക്കുവാൻ പ്രത്യേകമായ അധികാരങ്ങളും അവിടുത്തേക്കു നൽകപ്പെട്ടിട്ടുണ്ട്.

## മെത്രാന്മാരുടെ നിയമനം

മെത്രാന്മാരുടെ നിയമനംസംബന്ധിച്ചുള്ള തിരുസഭയുടെ നടപടിക്രമത്തിനു ഓരോ കാലത്തിൽ ഭേദഗതികൾ വന്നിട്ടുള്ളതാണ്. ആദിമസഭയിലും മദ്ധ്യശതകങ്ങളിൽപ്പോലും പതിവുണ്ടായിരുന്നതിനെക്കാൾ കൂടുതൽ നേരിട്ടുള്ള നിയന്ത്രണം ആ വിഷയത്തിൽ തിരുസിംഹാസനം ഇപ്പോൾ പ്രയോഗിക്കുന്നുണ്ട്. എന്നുവരികിലും ആദ്യംമുതൽക്കുതന്നെ തിരുസഭ മുഴുവനും ഭരിക്കുവാനുള്ള പൂർണ്ണമായ അധികാരം മാർപ്പാപ്പായ്ക്കുണ്ടായിരുന്നു. മാർപ്പാപ്പ സ്പഷ്ടമായോ അസ്പഷ്ടമായോ അംഗീകരിക്കാത്ത ആർക്കും ഒരു കത്തോലിക്കാ മെത്രാനായിരിക്കുവാനുള്ള സാദ്ധ്യതയില്ല, ഒരിക്കലും. ഉണ്ടായിരുന്നിട്ടുമില്ല. മാറിമാറിക്കൊണ്ടിരുന്ന സാഹചര്യങ്ങൾനിമിത്തം കുറവായോ, കൂടുതലായോ ഉള്ള തോതിൽ പ്രസ്തുത നിയന്ത്രണാധികാരം പ്രയോഗിക്കേണ്ടതു് വിവേകപൂർവ്വകമാണെന്നു് മാർപ്പാപ്പാമാർ കരുതിപ്പോന്നു. എന്നുവരികിലും അതു സംബന്ധിച്ചുള്ള. തത്വം എന്നും ഒന്നുതന്നെയായിട്ടാണിരുന്നിട്ടുള്ളതു്. ക്രിസ്തുവിന്റെ നിയമത്താൽ തിരുസഭയുടെ തലവൻ മാർപ്പാപ്പായാകുന്നു. പാത്രിയർക്കീസന്മാരും മെത്രാപ്പോലീത്താമാരുമാകട്ടെ, തിരുസഭയുടെ നിയമത്താൽ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ഭരണകർത്താക്കളാണ്. തന്മൂലം മെത്രാന്മാരുടെ നിയമനം സംബന്ധിച്ച് ആഭ്യന്തരമായ യാതൊരവകാശവും അവർക്കുണ്ടാകാൻ സാദ്ധ്യമല്ല. ആകയാൽ പ്രസ്തുതാവകാശം അവരിൽനിന്നു മാർപ്പാപ്പാ എടുത്തുകളഞ്ഞാൽ അതവരോടുചെയ്യുന്ന ദ്രോഹമാകുന്നതുമില്ല.

## സഹായമെത്രാൻ

ഒരു മെത്രാൻ വിവിധകാരണങ്ങളാൽ തന്റെ ഉദ്യോഗസംബന്ധമായ ജോലികളെല്ലാം നിർവഹിക്കുവാൻ അപ്രാപ്തനാകുമ്പോൾ, അവിടുത്തെ സഹായിക്കുവാനായി ഒരു മെത്രാനെ തിരുസിംഹാസനം അനുവദിച്ചുകൊടുക്കുക സാധാരണമാണ്. ഈ സഹായമെത്രാനു സ്വതവേ ഭരണാധികാരമൊന്നുമില്ല. മെത്രാന്റെ ഉദ്യോഗത്തിലോ, പട്ടത്തിലോ ഉൾപ്പെട്ട ജോലികൾ മാത്രം അവിടുന്നു നിർവഹിക്കുന്നു. ഇപ്പോൾ അഭിഷിക്തനായ തിരുമേനിയെ തന്റെ സഹായമെത്രാനായിലഭിച്ചതുസംബന്ധിച്ച് എറണാകുളം മെത്രാപ്പോലീത്താ തിരുമേനി പ്രസിദ്ധംചെയ്ത ഇടയലേഖനത്തിലെ വാക്കുകൾ ഈ അവസരത്തിൽ സ്മർത്തവ്യമാണ്. "വാർദ്ധക്യവും രോഗവുംമൂലം അതിരൂപതാസംബന്ധമായ ഭരണഭാരങ്ങൾ തനിച്ചു നിർവഹിക്കുക ദുസ്സാധമായിത്തീർന്ന് നമ്മെ സഹായിക്കുന്നതിനും, നിങ്ങൾക്കെല്ലാവർക്കും അതാതു സമയം വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനുമായി ഒരു സഹായമെത്രാനെ നിയമിച്ചുതരണമെന്നു കുറെക്കാലമായി നാം പരിശുദ്ധ സിംഹാസനത്തോടു ആവശ്യപ്പെടുവാൻ തുടങ്ങിയിട്ട്.....നാം വളരെക്കാലമായി ആഗ്രഹിച്ചിരുന്ന ഒരു കാര്യം ദൈവാനുഗ്രഹത്താൽ ഇതാ നിറവേറിയിരിക്കുന്നു. പുതിയ മെത്രാന്റെ സഹായം നമ്മുടെ വാർദ്ധക്യകാലത്തു് നമുക്ക് വലിയൊരാശ്വാസവും നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്കു നിദാനവുമായിരിക്കുമെന്നുള്ളതു് നാം പ്രത്യേകം പറയണമെന്നില്ലല്ലോ......നിങ്ങളുടെ പ്രാർത്ഥനകളിൽ നമ്മേയും സഹായമെത്രാനേയും നിങ്ങൾ പ്രത്യേകം അനുസ്മരിക്കണമെന്നും അർഹമായ സ്നേഹാദരവുകൾ അദ്ദേഹത്തോടു് നിങ്ങൾ കാണിക്കണമെന്നും നാം അഭിലഷിക്കുന്നു......പുതിയ മെത്രാനച്ചനുവേണ്ട ദൈവാനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി ഈ ഇടയലേഖനം കിട്ടുന്നതുമുതൽ നവമ്പർ 30-ാം തീയതിവരെ കുർബാനയുടെ അവസാനത്തിൽ "ഏത്രയും ദയയുള്ള മാതാവേ" എന്ന ജപം ചൊല്ലണം."

അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ ഹൃദയാവർജ്ജകമായ ഈ വാക്കുകൾ അനുസരിച്ച് അതിരൂപത മുഴുവനും കൊച്ചുമെത്രാൻ തിരുമേനിക്കുവേണ്ടി പ്രാർത്ഥിച്ചു, തുടർന്നു പ്രാർത്ഥിക്കുകയും ചെയ്യും. ദയാപരനായ നമ്മുടെ കർത്താവു്, അവിടുത്തേയും നമ്മുടേയും മാതാവിന്റെ മദ്ധ്യസ്ഥതയിൽ, പുതിയ മെത്രാൻ തിരുമനസ്സിലേക്ക്, അവിടുത്തെ സഹായം നമ്മുടെ പ്രിയപ്പെട്ട മെത്രാപ്പോലീത്താ തിരുമേനിക്കു വലിയൊരാശ്വാസവും നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്ക് നിദാനവും ആയിരിക്കുവാൻ ആവശ്യകമായ സകല അനുഗ്രഹങ്ങളും പ്രദാനംചെയ്യുമെന്നു നമുക്കു പൂർണ്ണമായി വിശ്വസിക്കാം.

നമ്മുടെ കൊച്ചുമെത്രാനച്ചൻ ആരോഗ്യദൃഢഗാത്രനായി, ദൈവാനുഗ്രഹസമ്പൂർണ്ണനായി വിജയിപ്പൂതാക!

# പ്രസാധകക്കുറിപ്പുകൾ

## സ്വീകാര്യമായ ദേശീയസഭ ഏതെന്നു് ബാംഗളൂർ മെത്രാപ്പോലീത്താ

ഇന്ത്യയിലെ ക്രിസ്തീയസഭ ദേശീയസഭയായിരിക്കണമെന്ന അഭിപ്രായം ഈയിടെ പുറത്തുവരികയുണ്ടായി ഇന്ത്യൻ (പ്രോട്ടസ്റ്റൻറു്) ക്രിസ്ത്യാനികളുടെ അഖിലേന്ത്യാ കോൺഫറൻസ് ഉൽഘാടനം ചെയ്തുകൊണ്ടു ഡോക്ടർ ലങ്കാസുന്ദരം എം. പി. യും, എറണാകുളത്തു് ഒരു പ്രസ്സ് കോൺഫറൻസിൽവച്ച് യൂണിയൻ ആഭ്യന്തരമന്ത്രി ഡോക്ടർ കഡ്ജുവുമാണ് ഈ അഭിപ്രായം പുറപ്പെടുവിച്ചതു്. അവയെ പരാമർശിച്ച് ബാംഗളൂർ മെത്രാപ്പോലീത്താ മോസ്സ് റവ. ഡോക്ടർ തോമസ് പോത്താക്കാമുറി ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതിൽ ദേശീയസഭയുടെ ആശയം കത്തോലിക്കർക്ക് സ്വീകാര്യമായതേതു് സ്വീകാര്യമല്ലാത്തതേതു് എന്നു വിശദീകരിച്ചിട്ടുണ്ട്. അതിങ്ങനെയാണ്:

"ദേശീയം" എന്ന പദത്തിന്റെ അർത്ഥം സഭയുടെ തലവന്മാരും നേതാക്കന്മാരും ക്രമേണ ഈ രാജ്യത്തിലെ പൗരന്മാരായിരിക്കണമെന്നാണെങ്കിൽ, രാഷ്ട്രീയലക്ഷ്യങ്ങളോടുകൂടി ഇന്ത്യൻ ക്രിസ്ത്യാനികളെന്ന നാമ

ത്തിൽ സംഘടിക്കപ്പെട്ടിട്ടുള്ള സമുദായത്തിന്റെ ഭൂരിഭാഗംവരുന്ന കത്തോലിക്കർ അതിനോടു പൂർണ്ണമായി യോജിക്കുന്നു. എന്നാൽ ആ പദത്തിന്റെ വ്യാഖ്യാനം ഡോക്ടർ ലങ്കാസുന്ദരം പ്രസ്താവിച്ചതുപോലെയോ ഡോക്ടർ കഡ്ജു സൂചിപ്പിച്ചതുപോലെയോ ആണെങ്കിൽ കത്തോലിക്കർക്കു് അതു സ്വീകരിക്കാൻ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ ആ വ്യാഖ്യാനത്തിൽ കത്തോലിക്കാസഭയുടെ ഘടനയും നിലയും സംബന്ധിച്ച് മൗലികമായ ഒരു തെററിദ്ധാരണ അടങ്ങിയിരിക്കുന്നു. "രാജ്യത്തിനു പുറമേയുള്ള അധികാരസ്ഥാനത്തിനും അതിന്റെ നിയന്ത്രണത്തിനും വിധേയമല്ലാത്ത" എന്ന വ്യാഖ്യാനമാണ് ലങ്കാസുന്ദരത്തിന്റേതു്; "മററാരുടേയും നിയന്ത്രണത്തിനു വിധേയരാകാതെ സ്വന്തം കാലിൽ നില്ക്കുവാൻ പ്രാപ്തരായിരിക്കുക" എന്ന വ്യാഖ്യാനമാണ് ഡോക്ടർ കഡ്ജുവിന്റേതു്.

ദേശീയസഭ എന്ന ആശയം സാരാംശത്തിൽ 16-ാം നൂററാണ്ടിൽ പ്രാബല്യത്തിൽ വന്ന പ്രോട്ടസ്റ്റന്റ് ആശയമാകുന്നു. ക്രിസ്തുമതത്തിന്റെ ശിഥിലീകരണത്തിനു് അതു കാരണമായിത്തീരുകയുംചെയ്തു. കത്തോലിക്കാസഭ കാതോലിക്കം അഥവാ



വരാപ്പുഴ മെത്രാപ്പോലീത്താ
ഡോ. അട്ടിപ്പേററി തിരുമേനി
(സഹകാർമ്മികൻ)

സാർവ്വത്രികം ആയിരിക്കുന്നതിനാൽ, വിശ്വാസവും ആരാധനയും ഭരണവും ഒരു പ്രത്യേകരാജ്യത്തിനുള്ളിൽ ഒതുങ്ങിനില്ക്കണമെന്നും, ദൈവസ്ഥാപിതമെന്നു തങ്ങൾ വിശ്വസിക്കുന്ന പരമാധികാരത്തോടു് അനുയായികൾ വിധേയത്വമോ അനുസരണബന്ധമോ പാലിക്കരുതെന്നും ഉള്ള അർത്ഥത്തിൽ അതിനു് ഒരിക്കലും ദേശീയസഭയായിരിക്കുക സാദ്ധ്യമല്ല. കത്തോലിക്കാസഭ യൂറോപ്യനോ അമേരിക്കനോ ഇന്ത്യനോ അല്ല; പ്രത്യുത ജാതിയുടേയും ഭാഷയുടേയും സീമകൾക്കും ഭൂമിശാസ്ത്രപരമായ അതിർത്തികൾക്കും അതീതമായി, സാർവ്വത്രികവും അന്താരാഷ്ട്രീയവും ദേശാതീതവുമായിരിക്കുന്നു. അതിന്റെ സ്വരം കിഴക്കിന്റേതോ പടിഞ്ഞാറിന്റേതോ അല്ല; പ്രത്യുത കാലദേശാതീതമായ ആത്മാവിന്റെ സ്വരമാകുന്നു. സത്യത്തിന്റെ സ്വരംപോലെ അതു് എവിടെയും വൈദേശീയമല്ലാത്തതുമാണ്. ഇന്നത്തെ മാർപ്പാപ്പാ സംഗതിവശാൽ ജന്മനാ ഇററാലിയനാണെങ്കിലും, നാളത്തെ മാർപ്പാപ്പാ ഒരിന്ത്യാക്കാരനാണെന്നു വന്നേക്കാം. അതുകൊണ്ടാണ് കത്തോലിക്കാസഭ എന്നും എല്ലാ രാജ്യങ്ങളിലുമുള്ള ദേശീയാഭിപ്രായങ്ങളേയും അഭിലാഷങ്ങളേയും സംസ്കാരങ്ങളേയും മാനിച്ചുകൊണ്ടിരിക്കുന്നതു്. ദേശീയവിരുദ്ധങ്ങളായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ സഭ കഴിവുള്ളവളല്ല, ഒരിക്കലും പ്രോത്സാഹിപ്പിക്കുകയുമില്ല. ദേശീയസഭകളുടെ ആശയത്തെ അനുകൂലിക്കുന്നവർ സ്വാഭാവികമായിത്തന്നെ വിഭാഗീയസഭകൾ ആഗ്രഹിക്കുന്നവരും അതിനായി ശ്രമിക്കുന്നവരും ആകുന്നു.

ഡോക്ടർ കഡ്ജു തിരു-കൊച്ചിയിൽവച്ച് ഇന്ത്യൻക്രിസ്ത്യാനികളെപ്പററി പരാമർശിച്ചപ്പോൾ പ്രോട്ടസ്റ്റന്റുകാരെ മാത്രമേ ഉദ്ദേശിച്ചിരുന്നുള്ളുവെങ്കിൽ നമുക്കൊന്നും പറയുവാനില്ല. എന്നാൽ അദ്ദേഹം കത്തോലിക്കരെക്കൂടി ഉൾപ്പെടുത്തിയെങ്കിൽ, അദ്ദേഹത്തിന്റെ നിലപാടു് മനസ്സാക്ഷിയനുസരിച്ച്



അത്യുന്നത കർദ്ദിനാൾ തിസ്സെറാങ്ങ് തിരുമനസ്സുകൊണ്ടു്
(പട്ടാഭിഷേകതിരുകർമ്മങ്ങളുടെ പ്രധാനകാർമ്മികൻ)

നമുക്കു സ്വീകരിച്ചുകൂടാ. തിരുസിംഹാസനവുമായി നയതന്ത്രബന്ധം ഏർപ്പെടുത്തുകയും തിരുസിംഹാസനത്തിലെ ഒരു പ്രതിനിധിയെ ഡൽഹിയിൽ സ്വീകരിക്കുകയും ചെയ്തപ്പോൾ ഇന്ത്യാഗവമ്മെന്റു് കത്തോലിക്കാസഭയുടെ അനന്യസാധാരണമായ ഈ നിലയെ അംഗീകരിക്കുകയാണ് ചെയ്തിരിക്കുന്നതു്. യാതൊരു ദേശീയസഭയ്ക്കും ലോകത്തിൽ ഒരിടത്തും ഇത്തരം നയതന്ത്രബന്ധങ്ങൾ ഇല്ലതന്നെ.

* * *

### മതസ്വാതന്ത്ര്യത്തെ ഊന്നിപ്പറഞ്ഞുകൊണ്ടു് ഡോക്ടർ കഡ്ജുവിന്റെ പ്രസ്താവന

മധുരാ ഡിസ്ട്രിക്ടിൽ കർസൂരാ വില്ലേജിൽ വസിക്കുന്ന ഇന്ത്യൻ ക്രിസ്ത്യാനികളെ അവിടത്തെ ഹിന്ദുക്കൾ പീഡിപ്പിക്കുന്നതിനെ സംബന്ധിച്ച് ഡൽഹിയിലുള്ള സംയുക്തക്രിസ്ത്യൻ അസോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മിററിയിൽനിന്നു് ഒരു പ്രതിനിധിസംഘം ഈയിടെ ആഭ്യന്തരമന്ത്രി ഡോക്ടർ കഡ്ജുവിനെ സന്ദർശിച്ച് നിവേദനംനടത്തി. തദനന്തരം ഡോക്ടർ കഡ്ജു മതസ്വാതന്ത്ര്യത്തെ ഊന്നിപ്പറഞ്ഞുകൊണ്ടു് ഒരു പ്രസ്താവന പത്രങ്ങൾക്കയച്ചു. അതാണു താഴെ ചേർക്കുന്നതു്:-

മധുരാ ഡിസ്ട്രിക്ടിലെ കർസൂരാ ഗ്രാമത്തിൽ വസിക്കുന്ന ഇന്ത്യൻ ക്രിസ്ത്യാനികൾ അവരുടെ മതം പ്രമാണിച്ച് ഞെരുക്കങ്ങൾ അനുഭവിക്കുന്നുണ്ടെന്നു പ്രതിനിധിസംഘത്തിൽനിന്നു അറിയുന്നതിൽ എനിക്കു ദുഃഖമുണ്ടു്. ഇതു യഥാർത്ഥമാണെങ്കിൽ പരിതാപകരമായിരിക്കുന്നു. ഞാൻ ശക്തിപൂർവ്വം അതിനെ അപലപിക്കുകയും ചെയ്യുന്നു. ഈ സംഭവത്തോടു് അനുബന്ധിച്ച് എന്റെ പേരു് ഉപയോഗപ്പെടുത്തുന്നുണ്ടെന്നും ഞാനറിയുന്നു. ഇന്ത്യൻ ക്രിസ്ത്യാനികളോടു് മര്യാദയായി പെരുമാറരുതെന്നും, അവരെ ഹിന്ദുമതത്തിലേക്കു ചേരുവാനോ തിരികെ ചേരുവാനോ നിർബന്ധിക്കണമെന്നും ഞാൻ ആജ്ഞാപിച്ചിട്ടുണ്ടെന്നു് —ഏതുരൂപത്തിലോ മാതിരിയിലോ ആണെന്നു് അറിവില്ല— പറയപ്പെടുന്നു. ഇങ്ങനെ ഒരു റിപ്പോർട്ടു ഉണ്ടെന്നുള്ളതു് യഥാർത്ഥമാണെങ്കിൽ അതു കേൾക്കുന്നതുതന്നെ എനിക്കു ദുഃഖകരമാണ്. എന്തുകൊണ്ടെന്നാൽ പരിഭേദം കള്ളവും അടിസ്ഥാനരഹിതവുമായ റിപ്പോർട്ടുകളോളം ഉത്തരവാദരഹിതമായി മറെറാന്നുമില്ല. ഇന്ത്യയിലെ ഏതുപൗരനും ഏതുമതവും സ്വീകരിക്കുന്നതിനു വിശ്വസിക്കുന്നതിനും അവകാശമുണ്ടു്; തന്റെ പൗരാവകാശങ്ങൾ പ്രയോഗിക്കുന്നതിൽ ഏതു മതാനുയായിയേയും തടഞ്ഞുകൂടാത്തതാണ്. ഈ അവകാശങ്ങളിൽ ഉൾപ്പെടുന്നവയാണ് അവനവന്റെ ഗൃഹത്തിൽ സമാധാനമായും മാനമായും ജീവിക്കുവാനും കൃഷിയോ മറേറതെങ്കിലും ജോലിയോ ജീവിതവൃത്തിയായി നടത്തിക്കൊണ്ടുപോകാനുമുള്ള അവകാശം.

ഇന്ത്യയിലെ സകല പൗരന്മാരുടേയും കർത്തവ്യമാണ് സമാധാനമായും സൗമനസ്യത്തോടും സൗഹാർദ്ദത്തോടും ഒരുമിച്ചു ജീവിക്കുക എന്നതു്. ഓരോ ഗ്രാമത്തിലുമുള്ള ഗ്രാമസമൂഹം വിവിധമതങ്ങളും വിശ്വാസങ്ങളും സ്വീകരിച്ചിട്ടുള്ള ആളുകളുൾക്കൂടിയതാണെങ്കിലും ഐകമത്യവും സമാധാനവും പ്രധാനലക്ഷണമായിരിക്കുന്ന ഒരു സമൂഹമായിരിക്കണമെന്നു് ഞാനേററവുമധികമായാഗ്രഹിക്കുന്നു. സ്നേഹവും സഹിഷ്ണുതയും ആധാരമാക്കിയുള്ള ഒരു സാമൂഹിക ജീവിതം അവർ ജീവിക്കണം. സകലമതങ്ങളും തുല്യബഹുമാനവും ആദരവും അർഹിക്കുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. ഓരോ ആരാധനാസ്ഥാനവും ദൈവത്തിന്റെ സ്ഥലമാണെന്നും സകല പൗരന്മാരിൽ



തൃശ്ശൂർ മെത്രാൻ
ഡോ. ആലപ്പാട്ട തിരുമേനി
(സഹകാർമ്മികൻ)

നിന്നും തുല്യബഹുമാനം അർഹിക്കുന്നതാണെന്നുമാണ് എന്റെ അഭിപ്രായം. ഏതെങ്കിലും ആരാധനാസ്ഥാനം വിദൂരമായിപ്പോലും അശുദ്ധിയാക്കുകയോ കേടുവരുത്തുകയോ ചെയ്യുന്നവൻ ഈ രാജ്യത്തെ നിയമത്തെ ലംഘിക്കുകയും കഠിനശിക്ഷ അർഹിക്കുകയും ചെയ്യുന്നുവെന്നുമാത്രമല്ല, സാമൂഹ്യവിരുദ്ധവും സ്വദേശസ്നേഹവിരുദ്ധവുമായ കുററംകൂടി ചെയ്യുന്നവനാണ്.

ഓരോ ഇന്ത്യൻ പൗരനും അവന്റെ സ്വന്തം മതം വിശ്വസിക്കുവാനും അനുഷ്ഠിക്കുവാനും പ്രചരിപ്പിക്കുവാനും അവകാശമുണ്ടു്. അങ്ങനെ ചെയ്യാൻ അവനു് പരമാവധി സ്വാതന്ത്ര്യവുമുണ്ടു്. ഈ വിഷയത്തിൽ യാതൊരുവിധ നിർബന്ധവും ചെലുത്തിക്കൂടെന്നു സ്പഷ്ടവുമാണ്. ഒരു വ്യക്തിയോ ഗണമോ സംഘടനയോ മററൊരു വ്യക്തിയെ മതംമാറുവാൻ ഭീഷണിപ്പെടുത്തിയാൽ അവനും കഠിനശിക്ഷ അർഹിക്കുന്ന കുററം ചെയ്യുകയാണ്. പല ഗ്രാമങ്ങളിലും ക്രിസ്തുമതത്തിലേക്കു് മാനസാന്തരപ്പെട്ട ഹരിജനങ്ങളുണ്ടെന്നു് എനിക്കറിയാം. അക്കാര്യം തീരുമാനിക്കേണ്ടതു് അവർതന്നെയാണ്. അവരുടെ അനുദിനജീവിതത്തിൽ കൈകടത്തുവാൻ ആർക്കും അവകാശമില്ല. അവരുടെ മതം മാറണമെന്നു് അവരെ നിർബന്ധിക്കുവാനും ആർക്കും അവകാശമില്ല.

കാർസൂരാ ഗ്രാമത്തിൽനിന്നു് യാതൊരു പരാതിയും മേലിൽ കേൾക്കാൻ ഉണ്ടാകയില്ലെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ആ ഗ്രാമത്തിലുള്ള ക്രിസ്തീയപൗരന്മാർക്കു് യാതൊരുവിധ ഉപദ്രവവും നേരിടുകയില്ലെന്നു ഞാൻവിശ്വസിക്കുകയും ചെയ്യുന്നു.

* * *

### കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനു് പിൻതുണനൽകും

ഈ നവമ്പർ 22-ാനു- എറണാകുളത്തുവച്ചു കൂടിയ അഖില കേരള കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ സമ്പൂർണ്ണസമ്മേളനം താഴെപറയുന്ന പ്രമേയം ഐകകണ്ഠ്യേന പാസാക്കിയിരിക്കുന്നു:

"തിരു-കൊച്ചിയിലെ പൊതുതിരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്നതോടെ കലങ്ങിമറിഞ്ഞ ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷത്തിൽ ഈ രാജ്യത്തിന്റെ ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി പ്രയത്നിക്കുന്നതിനു ഒരു ഉറച്ച ഗവർമ്മെന്റു് അനുപേക്ഷണീയമാണെന്നു് ഉത്തമബോദ്ധ്യമുള്ള കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി ജനാധിപത്യാടിസ്ഥാനത്തിലുള്ള സുഭദ്രമായ ഒരു രാഷ്ട്രീയഗവർമ്മെന്റിന്റെ രൂപീകരണത്തിനു താഴെപ്പറയുന്ന തിരഞ്ഞെടുപ്പുനയം സ്വീകരിക്കുന്നു.

"നിരീശ്വരപരവുംജനാധിപത്യവിരുദ്ധവുമായ കമ്മ്യൂണിസ്റ്റ് പാർട്ടിയേയും ഇതര മാർക്സിസ്റ്റ് സംഘടനകളേയും ആശയപരമായും ധാർമ്മികമായും ഈ തിരഞ്ഞെടുപ്പിൽ എതിർക്കുന്നതിനു കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി ദൃഢനിശ്ചയം ചെയ്യുന്നു. പ്രസ്തുത സംഘടനകളുമായി പ്രത്യക്ഷമായോ, പരോക്ഷമായോ, താൽക്കാലികമായോ, സ്ഥിരമായോ, വിലപേശലിന്റെ പേരിലോ ബന്ധം പുലർത്തുന്ന എല്ലാ പാർട്ടികളേയും ഗ്രൂപ്പുകളേയും ഞങ്ങൾ അങ്ങേയററം എതിർക്കുന്നു.

"അതുപോലെതന്നെ പ്രത്യക്ഷമായ ഒരു രാഷ്ട്രീയപരിപാടിയോ, നയവിശേഷമോ സർവ്വേന്ത്യാവ്യാപകമായ വീക്ഷണഗതിയോ ഇല്ലാതെ സുശക്തമായ ഒരു ഭരണകൂടസ്ഥാപനത്തിനു പ്രതിബന്ധമായി വർത്തിക്കുന്ന സ്വതന്ത്രസ്ഥാനാർത്ഥികളുടേയും അവരുടെ ഗ്രൂപ്പുകളുടേയും ആവിർഭാവത്തെ ഞങ്ങൾ അപലപിക്കുകയും അവരുടെ പ്രവർത്തനത്തെ എതിർക്കുകയും ചെയ്യുന്നു.

"ഈ പരിതസ്ഥിതികളിൽ അടുത്തുവരുന്ന തിരുകൊച്ചി തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥികളുടെ വിജയത്തിനായി പ്രവർത്തിക്കണമെന്നു് അഖിലകേരള കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ ഈ സമ്പൂർണ്ണസമ്മേളനം തീരുമാനിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

"ഈ തീരുമാനങ്ങളെ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി ഘടകങ്ങളോടും അനുഭാവികളോടും അഭ്യർത്ഥിക്കുന്നു."

വിരുദ്ധമുന്നണിയുടെ ഈ നിശ്ചയത്തിൽ ഞങ്ങൾക്കതീയായ സന്തോഷമുണ്ടു്. തിരുകൊച്ചി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഇടതുപക്ഷങ്ങളെല്ലാം ഒന്നായിനിന്നു് കോൺഗ്രസ്സിനെതിരായി മത്സരിക്കുന്ന തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കു കോൺഗ്രസ്സിനു പരിപൂർണ്ണ പിൻതുണ നൽകാതിരിക്കുവാൻ നിവൃത്തിയില്ലല്ലോ.

ഒന്നാംപുറത്തു ചേർത്തിട്ടുള്ള മെത്രാനച്ചൻ തിരുമനസ്സിലെ ഫോട്ടോ എറണാകുളം റോയൽ സ്റ്റുഡിയോ എടുത്തിട്ടുള്ളതാകുന്നു.

# മാർ ഈവാനിയോസ് തിരുമേനിയുടെ

## കത്തുകളും പ്രസംഗങ്ങളും

### VIII ശെമ്മാശനായിരുന്നപ്പോൾ ചെയ്ത പ്രസംഗം

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

ഏതു വിഷയത്തെപ്പററിയും സരസമായും സുദീർഘമായും പ്രസംഗിക്കുന്നതിനുള്ള അനിതരസാധാരണമായ സാമത്ഥ്യമായിരുന്നു മാർ ഈവാനിയോസ് തിരുമേനിക്കു് ഉണ്ടായിരുന്നതു്. ഒരു പ്രാസംഗികനു് അവശ്യം ഉണ്ടായിരിക്കേണ്ട വിവിധവിഷയങ്ങളിലുള്ള പാണ്ഡിത്യം, ഭാഷാസ്വാധീനം, പ്രകടനസാമത്ഥ്യം എന്നിവയെല്ലാം ഒത്തിണങ്ങിച്ചേർന്ന ഒരു ദേഹമായിരുന്നു അഭിവന്ദ്യതിരുമേനി. യാക്കോബായസഭയിൽ ശെമ്മാശൻ, വൈദികൻ, മെത്രാൻ എന്നീ നിലകളിൽ ആയിരുന്ന അവസരത്തിൽ കേരളത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു് ഒട്ടനേകം പ്രസംഗങ്ങൾ അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ടു്. കത്തോലിക്കാസഭയെ ആശ്ലേഷിച്ചശേഷം ഭാരതത്തിൽ മാത്രമല്ല യൂറോപ്പു്, അമേരിക്കാ, ആസ്ത്രേലിയാ എന്നീ ഭൂഖണ്ഡങ്ങളിൽ സഞ്ചരിച്ചു് ദൈവാലയങ്ങൾ, വിദ്യാലയങ്ങൾ, സർവ്വകലാശാലകൾ, മഹായോഗങ്ങൾ എന്നിവയിലെല്ലാമായി ആയിരക്കണക്കിനു പ്രസംഗങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ടു്. ആംഗ്ലേയഭാഷയിൽ അദ്ദേഹം ചെയ്തിട്ടുള്ള പ്രസംഗങ്ങളെല്ലാം തന്നെ പാശ്ചാത്യരായ ശ്രോതാക്കളുടെ മുക്തകണ്ഠമായ അഭിനന്ദനത്തിനു് പാത്രീഭവിച്ചിട്ടുമുണ്ടു്.

വന്ദ്യതിരുമേനി ചെയ്തിട്ടുള്ള പ്രസംഗങ്ങൾ അതേവിധം ഉടൻതന്നെ എഴുതിയെടുത്താൽ യാതൊരു ഭേദഗതിയുംകൂടാതെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തത്തക്കവിധം അത്രമാത്രം സ്ഫുടവും സംശുദ്ധവുമായ ഭാഷയിലുള്ള വാക്കുകളും വാചകങ്ങളുമായിരുന്നു തിരുമേനിയുടെ നാവിൽനിന്നും നിർഗ്ഗളം നിർഗ്ഗളിച്ചുകൊണ്ടിരുന്നിട്ടുള്ളതു്. എത്ര മണിക്കൂർസമയം പ്രസംഗിച്ചാലും ശ്രോതാക്കളിൽ യാതൊരു മുഷിവും ഉളവാകാത്തവിധം സന്ദർഭവും സാഹചര്യവും അനുസരിച്ചു് വിജ്ഞാനപ്രദമായും ഫലിതരസത്തോടുകൂടിയും പ്രസംഗിക്കുന്നതിനുള്ള സാമത്ഥ്യമായിരുന്നു അദ്ദേഹത്തിനു് ഉണ്ടായിരുന്നതു്. തന്നിമിത്തം അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിനായി ആയിരക്കണക്കിനു ജനങ്ങൾ എല്ലാ സ്ഥലങ്ങളിലും തടിച്ചുകൂടുക പതിവുമായിരുന്നു.

ഏവംവിധം വന്ദ്യതിരുമേനി വിവിധസ്ഥലങ്ങളിൽവെച്ചു നടത്തിയിട്ടുള്ളവയും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയുമായ ഒട്ടനേകം പ്രസംഗങ്ങൾ ഇതിനകം എന്റെ കൈവശം വന്നുചേർന്നിട്ടുണ്ടു്. അവയിൽ പലതും "സത്യദീപ"പംക്തികളിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തണമെന്നു് ഉദ്ദേശിക്കുന്നു. വന്ദ്യതിരുമേനി ശെമ്മാശനായിരുന്ന അവസരത്തിൽ —45 വർഷങ്ങൾക്കുമുമ്പു്— തിരുവല്ലായിൽ സമ്മേളിച്ച "യാക്കോബായ സുറിയാനി മഹാജനസഭ"യുടെ വാർഷികസമ്മേളനത്തിൽ ചെയ്ത പ്രസംഗം അക്കാലത്തു യാക്കോബായസഭ വകയായി നടത്തിക്കൊണ്ടിരുന്ന "സുറിയാനി സുവിശേഷകൻ" എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ദൈവം, സൃഷ്ടവസ്തുക്കൾ, മതം, മനുഷ്യാവതാരം, സഭ, കൂദാശകൾ എന്നീ വിവിധവിഷയങ്ങളെ ആസ്പദമാക്കി ചെയ്ത വിജ്ഞാനപ്രദമായ പ്രസ്തുതപ്രസംഗം ചുവടേ ചേർത്തുകൊള്ളുന്നു. ശെമ്മാശനായിരുന്നപ്പോൾത്തന്നെ താദൃശവിഷയങ്ങളെപ്പററി വന്ദ്യതിരുമേനിക്കു് ഉണ്ടായിരുന്ന പാണ്ഡിത്യം എത്രമാത്രമെന്നു് പ്രസ്തുത പ്രസംഗത്തിൽനിന്നും ഏവർക്കും ഗ്രഹിക്കാവുന്നതാണല്ലോ.

"തത്വശാസ്ത്രജ്ഞന്മാരുടെ എല്ലാലപര്യന്തമുള്ള ഗവേഷണപര്യാലോചനയുടെ ഫലമായി, ആർക്കും സമ്മതിക്കാതെയിരിക്കാൻ നിവൃത്തിയില്ലാതെവന്നിരിക്കുന്ന ഒരു സംഗതി ദൈവത്തിന്റെയും, ആത്മാവിന്റെയും, ലോകത്തിന്റെയും യഥാർത്ഥത്വം അത്രെ. ദൈവവും, ആത്മാവും, ലോകവും സാക്ഷാലുള്ളവയാണു്. ഇവ ഊഹലോകത്തുമാത്രം സ്ഥിതിചെയ്യുന്നവയല്ല. ദിവ്യവെളിപാടിനെ സ്വീകരിക്കാതിരുന്നാൽത്തന്നെയും, പര്യാലോചനകൊണ്ടും പരിചയംകൊണ്ടും ഇവ യഥാർത്ഥങ്ങളാണെന്നു ഒരുവിധം തീർച്ചയാക്കുവാൻ എളുപ്പമുള്ളതും, ന്യായാനുസരണം സംസാരിക്കുന്നവർക്കു് എതിരു പറവാൻ നിവൃത്തിയില്ലാത്തതുമത്രെ. ഇവ മൂന്നും യഥാർത്ഥങ്ങളാണെന്നുവരികിൽ ഇവ തമ്മിൽ വല്ല ബന്ധവും ഉണ്ടോ എന്നും ഉണ്ടെങ്കിൽ അതു എങ്ങനെയാണെന്നും അറിയേണ്ടിയിരിക്കുന്നു.

സാക്ഷാൽ ദൈവം ഏകനും, ആത്മാവും ലോകവും തന്നിൽനിന്നുത്ഭവിച്ചിട്ടുള്ളവയും ആയിരിപ്പാനേ നിവൃത്തിയുള്ളു. ദൃശ്യവും അദൃശ്യവും ആയ സകല സൃഷ്ടികളും ദൈവത്തിന്റെ മനശ്ശക്തിയുടെ പ്രവൃത്തിയുടെ ഫലമാകുന്നു. സകലവും തന്നിൽനിന്നുണ്ടായി. (യോഹ. 1. 3.) തങ്കൽ ചേരുന്നതിനായി ബദ്ധപ്പെട്ടുകൊണ്ടിരിക്കയും ചെയ്യുന്നു.

ഏതുവക ശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്നതും സയൻസുകൊണ്ടു പ്രത്യക്ഷമായിത്തീർന്നിരിക്കുന്നതുമായി പരിണാമവാദം (ഇവൊല്യൂഷൻ) എന്നൊരു തത്വം ഉണ്ടു്. (അതായതു് ചുററുമുള്ള സാഹചര്യങ്ങളേയും ശക്തികളേയും ആശ്രയിച്ചത്രെ ഒരു വസ്തുവിന്റെയോ ജന്തുവിന്റെയോ ആകൃതിയും പ്രകൃതിയും ഇരിക്കുന്നതു്; അവ ഭേദപ്പെടുമ്പോൾ ഇവയും ഭേദപ്പെടുന്നു എന്നുള്ള ശാസ്ത്രീയമായ പ്രമാണത്തിനു പരിണാമവാദം എന്നു പേരുപറയുന്നു.) ഈ പ്രമാണം ഏതു സയൻസിലും ഉപയോഗിക്കണമെന്നാണു് നവീനശാസ്ത്രജ്ഞന്മാരുടെ മതം. "സൃഷ്ടിയെല്ലാം ഇന്നുവരെയും ഞരങ്ങി ഈററുനോവോടിരിക്കുന്നു" എന്നു വി. പൗലോസ് ശ്ലീഹാ (റോമ. 8. 22) പറയുന്നതുപോലെ ആത്മീയവും ശാരീരികവുമായ സകല സൃഷ്ടിയും ദൈവത്തിങ്കൽ ചേരുന്നതിനായി മുമ്പോട്ടു ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നു. നാം പരിണാമവാദത്തെ ബ്രഹ്മവിദ്യ തിയാളജിയിലും ഉപയോഗിക്കുന്നപക്ഷം, സൃഷ്ടിയുടെ പരിണാമം ദൈവത്തിൽ എത്തിച്ചേരുന്നതിൽ ആണെന്നും, അതു സാധിക്കുന്നതിനുള്ള ഒരുക്കമാകുന്നു ഇപ്പോഴും പ്രപഞ്ചത്തിൽ നടന്നുകൊണ്ടിരിക്കുന്ന മാററങ്ങളെന്നും വ്യക്തമാകുന്നു.

എന്നാൽ സൃഷ്ടിയെ നമുക്കു മൂന്നായി വിഭജിക്കാം. ഒന്നാമതായി കേവലം ആത്മാക്കളായ അദൃശ്യങ്ങളായ സൃഷ്ടികൾ; ദൃഷ്ടാന്തം, മാലാഖാമാർ. ലൗകികമായ കാര്യങ്ങളിൽ മാത്രം എപ്പോഴും തങ്ങളുടെ ശ്രദ്ധയെ വച്ചുകൊണ്ടിരിക്കുന്നവരും ആത്മീയമായ സംഗതികളിൽ പരിചയിക്കാതെയും ദൈവസംസർഗ്ഗത്തിനു പരിശ്രമിക്കാതെയും ഇരിക്കുന്നവരുമായ ജനങ്ങൾക്കു് ആത്മാക്കൾ വാസ്തവത്തിൽ ഇല്ലാത്തവയാണെന്നു തോന്നിയേക്കാം. ഇങ്ങനെയുള്ളവരുടെ അഭിപ്രായത്തെ ഇവിടെ ഗൗനിച്ചിട്ടാവശ്യമില്ല. രണ്ടാമതായി, കേവലം പദാർത്ഥങ്ങളായ സൃഷ്ടികൾ. ദൃഷ്ടാന്തം, നിർജ്ജീവവസ്തുക്കൾ, മനസ്സാക്ഷിയില്ലാത്ത ജന്തുക്കൾ. ശാരീരികമായി യാതൊന്നും ഇല്ലെന്നുപറയുന്ന ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തെയും ഇവിടെ ഗൗനിക്കേണ്ടതില്ല. മൂന്നാമതായി, അദൃശ്യമായ ആത്മാവും ദൃശ്യമായ ശരീരവും ഉള്ളവനാകയാൽ, ഒരേകാലത്തുതന്നെ യഥാർത്ഥത്തിൽ ദൃശ്യനും അദൃശ്യനും ആയിരിക്കുന്ന മനുഷ്യൻ. മനുഷ്യൻ ആത്മാവും ശരീരവും ഉള്ളവനാകയാൽ സർവ്വസൃഷ്ടിയുടേയും പ്രാതിനിധ്യം വഹിക്കുന്നു. പരിണാമവാദം എന്ന ശാസ്ത്രീയമായ പ്രമാണം അനുസരിച്ചോ, ദൈവദത്തമതത്തിലെ പരമസത്യങ്ങളെ സ്വീകരിച്ചോ, പര്യാലോചിക്കുന്നപക്ഷം മനുഷ്യൻ സൃഷ്ടിവികാസത്തിന്റെ പരമകാഷ്ഠയാണെന്നു തെളിയുന്നു. മനുഷ്യൻ സർവ്വപ്രധാനമായ സൃഷ്ടിയാകുന്നു. സർവ്വസൃഷ്ടികളുടെയും പ്രതിപുരുഷൻ മനുഷ്യനാകുന്നു. അതിനാൽ മനുഷ്യൻ ദൈവത്തിൽ എത്തിച്ചേരുന്നപക്ഷം, അവനിലും അവൻ വഴിയായും സകല സൃഷ്ടിയും ദൈവത്തിങ്കൽ ചേരുന്നു എന്നു വിചാരിക്കാവുന്നതാണു്.

ദൈവത്തോടു യോജിക്കണമെന്നുള്ള ആകാംക്ഷ മനുഷ്യനു സ്വാഭാവികമായുള്ളതാകുന്നു. ഈശ്വരവിചാരം നമുക്കു കൃത്രിമമായുണ്ടാകുന്നതല്ല. അതു ദൈവദത്തമായി നമ്മിലുള്ളതാകുന്നു. സാധാരണമായി നാസ്തികന്മാർക്കുപോലും, അവർ തലച്ചോറിനെ മാത്രം ആശ്രയിക്കാതെയിരിക്കുന്ന അവസരങ്ങളിൽ "ദൈവമേ" എന്നുള്ള ആകാംക്ഷ സ്വാഭാവികമായുണ്ടാകുന്നു. പരിഷ്കാരം ലവലേശംപോലും എത്തിയിട്ടില്ലാത്ത ഓസ്ത്രേലിയായിലേയും ആഫ്റിക്കായിലേയും ആദിമനിവാസികൾക്കുപോലും ഈ ആകാംക്ഷയുണ്ടു്. ജനനവശാൽ അന്ധന്മാരുള്ളതുപോലെ ജനനവശാൽ നാസ്തികന്മാരായ ആളുകളും ഉണ്ടായിരിക്കാം. നമുക്കു ദൈവത്തിലേക്കുള്ള ആകാംക്ഷ സ്വാഭാവികമാണു്. അതിന്റെ പ്രവൃത്തിയും ഫലവുമാണു മതം, അല്ലെങ്കിൽ മാർഗ്ഗം, അല്ലെങ്കിൽ ധർമ്മം എന്നു പറയുന്നതു്. ഭക്തിയോടിരിക്കയെന്നുവച്ചാൽ മനുഷ്യനും ദൈവവുമായുള്ള സംസർഗ്ഗത്തിന്റെ ഫലമായി മനുഷ്യൻ ദൈവത്തിലും ദൈവം മനുഷ്യനിലും വസിക്കയത്രെ. മതത്തിന്റെ ഉദ്ദേശ്യവും അതിന്റെ പരിണാമവും മനുഷ്യൻ ദൈവത്തിലും ദൈവം മനുഷ്യനിലും ചേരുന്നതിലാണു് എന്നുള്ള ഏകസംഗതിയിൽ പല മതങ്ങളും യോജിക്കുന്നു. ഈശ്വരവിശ്വാസം ഇല്ലാത്ത നിഷ്കൃഷ്ട മതം എന്നു ശാസ്ത്രീയമായി പറവാൻ നിവൃത്തിയില്ലല്ലോ. ദൈവത്തിന്റെ പ്രത്യേകമായ നടത്തിപ്പുകൂടാതെയും, മനുഷ്യർക്കു സ്വാഭാവികമായി ദൈവം നൽകിയിരിക്കുന്ന ശക്തികളെ ഉപയോഗിച്ചും, ദൈവത്തിൽ ചേരുന്നതിനു മനുഷ്യർ ചെയ്തിട്ടുള്ള പരിശ്രമത്തിന്റെ ഫലമാകുന്നു സ്വാഭാവികമതങ്ങൾ എന്നു പറയപ്പെടാവുന്ന ഹിന്ദുമതം, മഹമ്മദമതം, സാക്ഷാൽ ബുദ്ധമതം, കൺ

(ശേഷം 13-ാം പേജിൽ)



ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സിലെ ഇരുസഹോദരന്മാരും സഹോദരിയും.




Beautiful Selections

of

PRAYERS IN ENGLISH

Compiled from approved sources

by

Rev. Fr. Ludovic T. O. C. D.

Calico 0—14—0
Black Leather 1— 2—0
Gilt 2— 0—0

ചെറുകഥ

# "ചങ്കും ചക്രോം!"

(ചാരുമ്മൂട്)

വല്യത്തു കുടുംബം രാജവാഴ്ച വാണവരാണത്രേ! അവരുടെ വസ്തുവകകളാണ് ഇന്നു ചെറേത്തുകാർക്കുള്ളതു്. മദ്ധ്യവയസ്കനായ ശേഖരാണ് ഇന്നു വല്യത്തെ കാരണവർ. ചെറിയ ഒരു വീടും ചുററുമുള്ള ഒരേക്കറിൽ കുറഞ്ഞ വസ്തുവും മാത്രമാണിന്നു വല്യത്തേക്കുള്ളതു്. ഭാര്യയേയും നാലഞ്ചു കുഞ്ഞുങ്ങളേയും സംരക്ഷിക്കേണ്ട ഭാരം ശേഖറിനുണ്ട്. പക്ഷേ, ശേഖർ പഴയ ഒരു വലിയ കുടുംബത്തിലെ അംഗമാണ്! "തറവാട്ടു"കാരനാണ്. "ആമ കെട്ടാലും ഓട്ടി കെടാത്ത്" തത്വവാദിയായ ശേഖറിന്റെ കുടുംബം വല്ലവിധവും "ഇരുട്ടി വെളുപ്പിക്കുക"യാണ്! ശേഖറിനു വിശേഷാൽ ജോലിയൊന്നും ഇല്ല. എന്തെങ്കിലും ഉത്തരവാദിത്വമുണ്ടെന്നുള്ള വിചാരവും അയാൾക്കില്ല. പണ്ടെങ്ങാണ്ടു സുഖമായിക്കഴിഞ്ഞ കഥ അയവിറക്കി, ദുരഭിമാനച്ചുട്ടയുമണിഞ്ഞു്, "അമ്മാവനാനപ്പുറത്തു കയറിയ തഴമ്പി"ന്നവകാശവും പേറി, "ഉടുതുണി മുറുക്കിയുടുത്തു്" ശേഖർ കഴിയുകയാണ്. പാവപ്പെട്ട ഭാര്യയും കുഞ്ഞുങ്ങളും ദാരിദ്ര്യത്തിന്റെ ഉഗ്രമായ ചൂടേററു വാടുകയും!



ചെറേത്തുകാരോടോ പകവീട്ടാനുണ്ടെന്നുള്ള ഭാവത്തിലാണ് ശേഖറിന്റെ ഓരോ ചലനവും. കാരണം അയാൾക്കജ്ഞാതമാണ്. കൃഷികാര്യങ്ങളിൽ വേണ്ടവണ്ണം ശ്രദ്ധിച്ചു കഴിയുന്നവെന്നുള്ളതിൽക്കവിഞ്ഞു് ചെറേത്തുകാർ ശേഖറിനാകട്ടെ, മററാർക്കെങ്കിലുമാകട്ടെ ദോഷികളാണെന്നു പറയുവാൻ ആർക്കും സാധ്യമല്ല. അവർ മററുള്ളവരുടെ കാര്യങ്ങളിലല്ല, സ്വന്തം കാര്യങ്ങളിലത്രെ ശ്രദ്ധിക്കുന്നതു്.

സുഭിക്ഷതയുടെ നടുവിൽ, നല്ല പരിശീലനത്തിൽ വളരുന്ന കുഞ്ഞുങ്ങളെപ്പോലെയാണ് ചെറേത്തെ നെല്ലും തെങ്ങും മരച്ചീനി മുതലായ മററു കൃഷികളും. അക്കാഴ്ച ഏതാരംപേക്കു സുഖകരമല്ല. ശേഖറിനാകാഴ്ച ചൂണ്ടൽ കുത്തി വലിക്കുംപോലെയാണ്.

"ചെറേത്തെ മുതലെല്ലാം പിടിച്ചുപറിച്ചുണ്ടാക്കിയതാണ്. വല്യത്തുകാർ പണ്ടെങ്ങാണ്ടു കുഴിച്ചിട്ടിരുന്ന നിധി കിട്ടിയതുകൊണ്ടുള്ള തഴപ്പാണ്. പാവപ്പെട്ട വേലക്കാരെ ഞെരുക്കുകയാണ്. അവരുടെ രക്തം ഊററുകയാണ്. അദ്ധ്വാനഫലം കൊള്ളയടിക്കുകയാണ്." ഇതാണു ചെറേത്തുകാരെക്കുറിച്ചുള്ള ശേഖറിന്റെ പ്രചരണവ്യവസായം.

ചെറേത്തുകാരെ എങ്ങനെ ദ്രോഹിക്കേണ്ടു എന്നു തലപുകഞ്ഞു് ഉള്ളുനൊന്തു നടക്കുന്ന കാലം. സന്ധ്യമയക്കം. ചെറേത്തുകണ്ടത്തിന്റെ ഒരു വരമ്പിലൂടെ ശേഖർ പോകയായിരുന്നു. അങ്ങകലെനിന്നു ചാത്തൻ, സ്വതസ്സിദ്ധമായ ധിക്കാരത്തോടുകൂടി നീട്ടിവിളിച്ചുചോദിച്ചു, "ഏതു പറേന്റെ മോനാടാ വരമ്പു ചവട്ടി നെരത്തുന്നേ" എന്നു്. ചാത്തനെ അറിയാവുന്ന ശേഖർ മിണ്ടാതങ്ങു കടന്നുപോയി. ശേഖറിനന്നുറക്കം വന്നില്ല. പകവീട്ടാനുള്ള അയാളുടെ പ്രതികാരതൃഷ്ണ ഫണംവിതിർത്താടി.

സുപ്രസിദ്ധമായ ചെറേത്തു കുടുംബത്തിലെ പ്രധാന അടിയാനാണു ചാത്തൻ— തലപ്പുലയൻ. ജാതിമതഭേദമെന്യേ അന്നാട്ടിൽ ആർക്കും ചാത്തനെ ഭയമാണ്. മാനഭയം! ചാത്തൻ ആരെയും വകവയ്ക്കുകയില്ല. തല്ലുകൊള്ളുന്ന വർത്തമാനമേ അവൻ ആരോടും പറകയുള്ളു. പക്ഷേ അവനെ ആരും തല്ലുകയില്ല. ചെറേത്തെ അടിയാനെ അടിക്കാനിത്തിരി കുളിരും! അതുകൊണ്ടു മാനം വേണ്ടവർ ചാത്തനുമായി ലോഹ്യമാണ്. തലപ്പാളയും, ഇടുക്കക്ഷത്തിലിറുക്കിപ്പിടിച്ച പുട്ടിലും ഒററത്തോത്തും ധരിച്ചു ചാത്തനെ, ചെറേത്തെ നിലംപുരയിടങ്ങളിലെവിടെ നോക്കിയാലും എപ്പോഴും കാണാം. ചാത്തനൊരു മായാവിയാ.

ഒരു ചെറിയ വീടും വീട്ടിനു ചുററും അൻപതു സെൻറു സ്ഥലവും തമ്പ്രാൻ, ചാത്തനു ദാനമായി ധാരം ചെയ്തു സർവ്വസ്വാതന്ത്ര്യമായി കൊടുത്തിട്ടുണ്ട്. എങ്കിലും മററവിടെനിന്നും എന്തും എടുക്കുന്നതിനും, ഇഷ്ടംപോലെ കൊടുക്കൽവാങ്ങൽ ചെയ്യുന്നതിനും ഉള്ള അവകാശം ചാത്തൻ പുലത്തിപ്പോരുന്നു. അതിൽ ചോദ്യമില്ല.

ചാത്തന്റെ മൂത്തമകനാണു വെളുമ്പൻ. അവൻ ചെറേത്തെ വാത്സല്യഭാജനമാണ്. അഞ്ചാറുക്ലാസ്സു പഠിച്ചിട്ടുണ്ട്. പഠിത്തം നിറുത്തിയെങ്കിലും കൃഷികാര്യങ്ങളിലൊന്നും അവനത്ര ശ്രദ്ധയില്ല... സുഖമായി കഴിഞ്ഞുകൂടുന്നതിനുള്ള സാഹചര്യം ചാത്തന്റെ മാടത്തിൽ സുലഭമാണല്ലോ!

ആയിടയ്ക്കു് തൊഴിലില്ലാത്ത ഏതാനും യുവാക്കളെ ചേർത്തു ശേഖർ ഒരു സംഘടന രൂപവൽക്കരിച്ചു. അതിനു കർഷകത്തൊഴിലാളി സംഘടന എന്നു പേരു കൊടുത്തു. ശേഖർ സെക്രട്ടറിയും.

ശേഖറിന്റെ സാമീപ്യം വെളുമ്പനു പ്രിയംകരമായിരുന്നു. ശേഖർ തുടങ്ങി മേൽജാതിക്കാരെന്നു ഗണിച്ചുവന്ന ചിലരൊക്കെ വെളുമ്പനു സഖാക്കളായുണ്ടെന്നുള്ളതിൽ ചാത്തൻ അഭിമാനം കൊണ്ടു.

"തേടിയവള്ളി കാലിൽചുററി"യതുപോലെ, ഒരു ദിവസം സൗകര്യമായി ചാത്തനുപുലയനെ ശേഖറിനു കണ്ടുകിട്ടി.

"അല്ലാ, ചാത്തമ്പൊലേനല്ല്യോ! എങ്ങോട്ടാ ഇത്ര ബദ്ധപ്പാടിൽ? ഊണുമില്ല, ഉറക്കോമില്ല ഇങ്ങനെ കഷ്ടപ്പെടുന്ന ഒരു മനുഷ്യനെ ഞാൻ കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല...." ശേഖറിന്റെ ഭംഗിയായ ഒരു സ്തുതി. പാവം ചാത്തൻ! അവനതു ചൂണ്ടലിലെ തീററി ഏററം ആകർഷകമായിത്തോന്നി. ചാത്തൻ മറുപടി പറഞ്ഞു: "എന്റെ തമ്പ്രാ, പിന്നെ കഷ്ടപ്പെടാണ്ടൊക്കുവോ? പൂട്ടാനും ഞാറുനടാനുമൊക്കെ കെടക്കുന്നു. ഒത്തിരി കൊയ്യാനും."

"അല്ലല്ലാ, ങ്ഹാ! ചുമ്മാതല്ലല്ലോ. ആ ങ്, അങ്ങനെ വരട്ടെ"

"എന്താ തമ്പ്രാ!"

"ഓ, ഒന്നുമല്ല; അതാണോ—ഇപ്പോഴല്ല്യോ, എനിക്കു കാര്യം മനസ്സിലായെ! അതാ, ശരി, ശരി."

"എന്താ തമ്പ്രാ, കാര്യം പറഞ്ഞാട്ടെ!"

"ചാത്തമ്പൊലേന നിർബന്ധമാണേ കാര്യം പറഞ്ഞേക്കാം. ചാത്തമ്പൊലേന്റെ കാലിന്റെ വെള്ള ഒന്നിങ്ങോട്ടു കാണിച്ചേ! ആ കാലു പതിഞ്ഞ മണ്ണിലെ അടയാളം കണ്ടോ! അതു കണ്ടപ്പോഴല്ല്യോ എനിക്കു കാര്യം മനസ്സിലായെ. ചാത്തമ്പൊലേനു ചൊവ്വേ കാണാംവെയ്യാ. എന്തു വാണ്ടെല്ലിയാ? ചങ്കും ചക്രോമല്ല്യോ ചാത്തമ്പൊലേനേ! ഇതു ചില്ലറക്കാർക്കു വല്ലോം കാണുവോ? മഹാരാജാക്കന്മാർക്കു ഈ ചങ്കും ചക്രാം കാണത്തൊള്ളു. രാജാക്കന്മാരെന്നു പറഞ്ഞാലും പോരാ. ഈ ചങ്കും ചക്രമൊള്ളോരെവിടെനിന്നാലും മഹാലക്ഷ്മി അവരുടെ ചുവട്ടടിലാ. അവളവിടന്നു മാറനൊക്കത്തില്ല. ഞാനതാന്നേ ആലോചിച്ചെ. ഈ ചെറേത്തുകാർക്കിതു ഐശ്വര്യം ഉണ്ടാകാനുള്ള കാരണമെന്തുവാന്നേ! ങ്ആ! ഇപ്പഴല്ല്യോ എനിക്കു മനസ്സിലായെ. ചാത്തമ്പൊലേനെവിടെനിന്നാലും ഐശ്വര്യമാ. ചാത്തമ്പൊലേനൊരുത്തന്റെ ഐശ്വര്യമാ ഈ ചെറേത്തുകാരുടെ ഐശ്വര്യം. താൻ നോക്കിക്കോ. താർ ചാവുമ്പം ഈ ചെറേത്തുകാരൊക്കെ തെണ്ടുമെടോ; തെണ്ടും! എന്തു വാണ്ടെല്ല്യാ ഈ ചങ്കും ചക്രോം!"

ചാത്തമ്പൊലേനീ പ്രസംഗം കേട്ടങ്ങു നിന്നുപോയി. ഒടുവിൽ ശേഖർ പറഞ്ഞു. "എന്നാ ചാത്തമ്പൊലേൻ പൊയ്ക്കോട്ടു്. എനിക്കും പോകാൻ തിടുക്കമാ." രണ്ടുപേരും തിരിഞ്ഞുനടന്നു. പോകുന്ന പോക്കിൽ ചാത്തനു കേൾക്കത്തക്കവണ്ണം സ്വഗതമെന്നോണം ശേഖർ പറഞ്ഞു: "എന്തൊരു ഭാഗ്യമാ ഇതു! ഭാഗ്യം! ഭാഗ്യം! മഹാഭാഗ്യവാൻ!"

G. GOVINDA PRABHU'S
"New Shop"
BROADWAY, ERNAKULAM
offers you latest & up-to-date arrivals
*in*
GENTS AND LADIES WEAR INCLUDING
BENARES, BANGALORE SAREES
*IN*
CHARMING DESIGNS.
**Rockbottom Prices assured to our every customer**

വെളുമ്പനെ ഉപകരണമാക്കി ചാത്തന്റെ അനുഭാവത്തോടുകൂടി ആ പ്രദേശത്തെ കർഷകത്തൊഴിലാളികളിൽ കുറെപ്പേരെക്കൂടി തന്റെ സംഘടനയിൽ ചേർക്കാൻ ശേഖറിനു നിഷ്പ്രയാസം കഴിഞ്ഞു.

സംഘടനയുടെ ഉൽഘാടനസമ്മേളനം പിന്നീടാണു നടത്തിയതു്. അപ്പോഴാണു് ഇങ്ങനെയൊരു സംഘടന രൂപംകൊണ്ട കാര്യം ചെറേത്തറിയുന്നതു്. ശേഖറിന്റെ നേതൃത്വത്തിലുള്ള ഈ സംഘടനാസൃഷ്ടിയെ അല്പം സംശയത്തോടുകൂടിയാണു ചെറേത്ത തമ്പ്രാൻ കണ്ടതെങ്കിലും, പുരോഗമനപരമായ ആ പരിശ്രമത്തെ തടയുകയാകട്ടെ, അപ്രിയം കാണിക്കയാകട്ടെ ചെയ്യാതെ, ഉൽഘാടനസമ്മേളനത്തിനു ധനസഹായം ചെയ്കയാണുണ്ടായതു്.

തന്റെ ഒരുത്തന്റെ ഭാഗ്യംകൊണ്ടുമാത്രമാണു ചെറേത്തുകുടുംബം ഇത്ര വളരെ ഐശ്വര്യത്തിൽ കഴിയുന്നതെന്നുള്ള ഒരു ഉറച്ച ധാരണയും, തദനുസൃതമായ ഒരു ഗർവ്വും ചാത്തനിൽ ഉദ്ധൃദ്ധമായി. കർഷകസംഘടനയുടെ പ്രേരണ അതിനു കൂടുതൽ സഹായകമായി. ചുരുക്കത്തിൽ ചാത്തനില്ലെങ്കിൽ ചെറേത്തുകുടുംബം നശിച്ചതുതന്നെ എന്നുള്ള ധിക്കാരഭാവം ചാത്തനിൽ മുററിത്തഴച്ചു. ചെറേത്തെ കാരണവരോടുതന്നെ ചാത്തൻ വെറുപ്പും നിന്ദയും പ്രകാശിപ്പിച്ചുതുടങ്ങി. ഈ ഭാവപ്പകർച്ചയിൽ കാരണവർ അത്ഭുതപ്പെട്ടു.

കൃഷി ഇറക്കേണ്ട ഊഴം അടുത്തപ്പോൾ ചാത്തൻ ധൈര്യപൂർവ്വം തമ്പ്രാനോടു പറഞ്ഞു: "എനിക്കൊല്ലമൊന്നു മാറിനിക്കണം. തമ്പ്രാന്റെ മിടുക്കൊന്നുകൊന്നു കാണണം!"

ചാത്തൻ അപ്രാവശ്യം നിവത്തനം അനുഷ്ഠിച്ചു. ബാക്കി കർഷകത്തൊഴിലാളികൾ ചാത്തനെ അനുസരിച്ചനുകരിച്ചു.

തങ്ങളുടെ പ്രയത്നവല്ലരി പുഷ്പിക്കുന്നതു കണ്ടു ശേഖറും, വെളുമ്പന്റെ മാറു സഖാക്കളും ആഹ്ലാദിച്ചു. പതിവനുസരിച്ച സമയത്തു കൃഷി ഇറക്കാനൊത്തില്ലെങ്കിലും, അടുത്ത ഗ്രാമത്തിൽനിന്നും തൊഴിൽക്കാരെ വരുത്തി ചെറേത്തെ തമ്പ്രാൻ കൃഷി നടത്തി.

"തമ്പ്രാൻ കൃഷി ഇറക്കിയെങ്കിലും, ഭാഗ്യചക്രമായ താൻ ഒഴിഞ്ഞുനില്ക്കുന്നതുകൊണ്ടു് ഒന്നും ഉണ്ടാകാൻ പോകുന്നില്ല. കൂലി കൊടുത്തു കച്ചി ചെത്തിക്കേണ്ടി വരും!" ചാത്തൻ വിചാരിച്ചു.

വീണ്ടും ആളെ വിട്ടു വിളിപ്പിച്ചിട്ടും, തമ്പ്രാൻതന്നെ നേരിട്ടു ചെന്നു വിളിച്ചിട്ടും, ധിക്കാരപൂർവ്വം പെരുമാറുകയല്ലാതെ ചാത്തൻ കൃഷികാര്യങ്ങളിലൊന്നിലും പങ്കെടുക്കുകയുണ്ടായില്ല.

ഏതാനും ദിവസംകൊണ്ടു ചാത്തന്റെ ഭവനം വേനല്ക്കാലത്തെ കുളംപോലെ വരണ്ടുപോയി. ദാരിദ്ര്യദുർഭൂതം അവളുടെ ഭയാനകരൂപത്തിൽ ചാത്തന്റെ ഗൃഹത്തിലേക്കു പ്രവേശിച്ചു. അവന്റെ കുഞ്ഞുങ്ങൾ അന്ധാളിച്ചു! രണ്ടു കാളകളുണ്ടായിരുന്നതിനേയുംകൊണ്ടു വെളുമ്പൻ സ്ഥലംവിട്ടു. പിന്നീടവനെ കണ്ടിട്ടേയില്ല.

തമ്പ്രാന്റെ വേല നടത്തിക്കാനല്ലാതെ, വേലയ്ക്കു പോയിട്ടില്ലാത്ത ചാത്തനു വേലയില്ല. അപ്പരിസരങ്ങളിലെ പാർപ്പുകാർ തന്നെ കൂലിവേലക്കാരാണു്. പിന്നെ ആർക്കാണു് ചാത്തൻ വേലയ്ക്കുപോവുക! ചാത്തനെ മററാർക്കും വേലയ്ക്കു വേണ്ട. മാത്രമല്ല, തന്നെ അകററിനിർത്തുന്ന—വെറുപ്പു പ്രദർശിപ്പിക്കുന്ന—ഒരു ഭീഷണിച്ചനോട്ടം ചാത്തനു് എല്ലാടവും അനുഭവപ്പെട്ടു.

ചാത്തന്റെ പുലയി വലഞ്ഞു. വിശന്നു കരയുന്ന കുഞ്ഞുങ്ങളുടെ മുമ്പിൽ അവൾ വെന്തുരുകുകയാണു്. തമ്പ്രാന്റെ വീടും തമ്പ്രാട്ടിയുടെ കാരുണ്യവും അവിടത്തെ ഭക്ഷണക്രമങ്ങളും ഉദാരമായി അവിടന്നു ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങളും ഇതരസ്വാതന്ത്ര്യങ്ങളും എല്ലാം ഒന്നൊന്നായി അവളുടെ സ്മരണയിൽ ഉയന്നു.

ആകമാനം ഒരു പുക! പട്ടിണി അവളെ അശക്തയാക്കിയിരുന്നു. കണ്ണുകാണാൻ വയ്യാത്തപോലെ! തല കറങ്ങുന്നു. സകലതും ചുററിക്കറങ്ങുകയാണു്. അന്തഃകരണം അവളെ നടത്തി. അവൾ നടന്നു. വിറയ്ക്കുന്ന പാദങ്ങൾ അമർച്ചവെച്ചു്, അവൾ ചെറേത്തു് അടുക്കളവശത്തെത്തി. തമ്പ്രാട്ടി അവളെ കണ്ടു. പെട്ടെന്നു് അവളെ അറിയാൻ കഴിഞ്ഞില്ലെങ്കിലും—അഴകി—അവൾ അത്രയ്ക്കു ക്ഷീണിച്ചുപോയി—തമ്പ്രാട്ടി ചോദിച്ചു: "എന്താ, അഴകി, നീയങ്ങു ചാകാറായല്ലോ!" അഴകിയുടെ നയനങ്ങളിൽനിന്നു തിർന്ന ഏതാനും കണ്ണുനീർത്തുള്ളികളായിരുന്നു അതിനു പ്രതിവചനം. അതിലടങ്ങിയിരുന്ന ആശയം ഗ്രഹിച്ചിട്ടെന്നപോലെ തമ്പ്രാട്ടി ക്ഷണം അഴകിക്കു കുറേ ഭക്ഷണം കൊണ്ടുചെന്നുകൊടുത്തു "നീയതു കഴിക്കു!" അഴകി പറഞ്ഞു: "മാടത്തി കൂത്തന്മാർ—!" അതുമെടുത്തവൾ പോകാനൊരുങ്ങി. തമ്പ്രാട്ടി അവളെ തടഞ്ഞുനിർത്തി, അടുക്കളയിലേക്കുപോയി. രണ്ടുമൂന്നുപേർക്കു കഴിക്കാനാഹാരം ഒരു കുട്ടയിലാക്കി അവൾക്കു കൊണ്ടുചെന്നുകൊടുത്തു. "വേഗം കൊണ്ടുപോയി കൂതങ്ങൾക്കു കൊടുക്കു്. ചാത്തൻ പെണക്കമാണെങ്കിലും നെനക്കിങ്ങോട്ടു വരരുതോ! നീ ചാത്തനോടു പറ, അവനിങ്ങോട്ടുവരാൻ! എത്ര നാളായി ഞാൻ അവനെന്തെങ്കിലുമൊന്നു് വായിലിടാൻ കൊടുത്തിട്ടു്. ഇക്കണക്കിനവനങ്ങു ചാകാറായിക്കാണുമല്ലോ! എന്തിനാ അവനിവിടെ പെണങ്ങുന്നതെന്നു ചോദിക്കു! അവനോടു വരാമ്പറ നീ വെക്കം ചെല്ല്. കൂതങ്ങൾക്കു കൊണ്ടുക്കൊടുക്കു്. നീ പോയിട്ടിങ്ങോട്ടു വാ! അഞ്ചാറു നെല്ലോ അരിയോ തരാം." അഴകി പോയി.

ആ കുഞ്ഞുങ്ങൾ ഭക്ഷിച്ചു. വളരെ നാളുകൾക്കുശേഷം തൃപ്തിയായി. ക്ഷീണിച്ചു കയറിവന്ന ചാത്തനും അഴകി അതിന്റെ ഓഹരി കൊടുത്തു ചാത്തൻ ചോദിച്ചു: "ങ്ഉം! ഇതെവ്ടന്നാടി!" "അക്കാര്യം പിന്നെപ്പറയാം. നിങ്ങ അതു കഴിക്കു്!" ചാത്തനു മനസ്സിലായി, അതു ചെറേത്തടുക്കളയിലേതാണെന്നു്. അവനൊന്നും പറഞ്ഞില്ല. സുഖമായി ഭക്ഷിച്ചു. അഴകി പറഞ്ഞു: "ഏനങ്ങോട്ടൊന്നു പോയി. തമ്പ്രാട്ടി തന്നതാ. കൂതങ്ങാക്കു കൊടുക്കാൻ! തമ്പ്രാട്ടി പറഞ്ഞു നിങ്ങ അങ്ങോട്ടു ചെല്ലാൻ! എന്തിനാ നിങ്ങ പെണങ്ങുന്നന്നു്!"

ചിന്താമഗ്നനായി സ്തംഭിച്ചിരുന്ന ചാത്തൻ പറഞ്ഞു: "എടീ, എനക്കിതിപ്പരമൊരവത്തം മരാനില്ല ഏം മീജാരിച്ചു, ഏനൊറങ്ങിയില്ലേ നെല്ലൊണ്ടാവത്തില്ലെന്നു്. ഇത്തവണത്തെ നെല്ലെന്തൊരു നെല്ലാന്നാ നീ മിജാരിക്കുന്നെ? ഭയങ്കരൻ നെല്ല്! കാലൻ നെല്ല്! എനക്കവത്തമാടി പററ്യേ. ആ മുടിഞ്ഞ തമ്പ്രാഞ്ചെതിച്ചതല്ല്യോ! എനക്കു് ചങ്കുംചക്രോമൊണ്ടെന്നു്."



1933-ൽ എടുത്ത കുടുംബാംഗങ്ങളുടെ ഒരു ഗ്രൂപ്പ് ഫോട്ടോ. മദ്ധ്യത്തിലിരിക്കുന്നതു് ഫാദർ ജോർജ്ജ് പേരേപ്പാടനാണു്. അദ്ദേഹത്തിന്റെ വലതുഭാഗത്തു ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സിലെ പിതാമഹനും, അവിടത്തെ ഇടതുഭാഗത്തു പിതാവും ഇരിക്കുന്നു. മററു പിതൃസഹോദരന്മാരെയും ചിത്രത്തിൽ കാണാം.

ആദ്ധ്യാത്മികവീഥി (8)

# കമ്മ്യൂണിസ്റ്റ് വിപത്ത്

ദൈവത്തിന്റെ വത്സലമക്കളേ,

ഒരു സുഖക്കേടിന്റെ മൂലകാരണമറിയാതെ എന്തുമാത്രം ചികിത്സിച്ചാലും അതു പൂർണ്ണമായി സുഖമാകുകയില്ല. എന്നല്ല പലപ്പോഴും സുഖക്കേടു വർദ്ധിച്ചു ജീവഹാനിതന്നെയും ഉണ്ടാകാനിടയുണ്ടു്. ഇന്നിപ്പോൾ ലോകത്തെ മുഴുവനും നമ്മുടെ നാടിനെ പ്രത്യേകിച്ചും ബാധിച്ചിരിക്കുന്ന ഒരു വലിയ വസന്തയാണല്ലോ കമ്മ്യൂണിസം. അതിന്റെ മൂലകാരണം കേവലം സാമ്പത്തികം മാത്രമാണെന്നു വിചാരിക്കുന്നതു് അബദ്ധമാണു്. നമ്മുടെ അമ്മ പരിശുദ്ധ കന്യകാമറിയം ഫാത്തിമായിൽവച്ചു ആ കുട്ടികളോടു വെളിപ്പെടുത്തുകയുണ്ടായി കമ്മ്യൂണിസത്തിന്റെ യഥാർത്ഥകാരണം.

മനുഷ്യരുടെ പാപാധിക്യത്താൽ ദൈവം കോപിച്ചിരിക്കുകയാണെന്നും, അവർ അനുതപിച്ചു തങ്ങളുടെജീവിതത്തെ നവീകരിക്കാത്തപക്ഷം റഷ്യ തന്റെ നിരീശ്വരപ്രസ്ഥാനം ലോകംമുഴുവനിലും വ്യാപിപ്പിക്കുമെന്നും തിരുസ്സഭ വളരെ കഠിനമായി പീഢിപ്പിക്കപ്പെടുമെന്നും അവിടുന്നു വളരെ വ്യക്തമായി പറയുകയുണ്ടായി.

ആ മുന്നറിയിപ്പു് അധികമാരും അത്ര കാര്യമായി ഗൗനിച്ചില്ല. പാപങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനു പകരം അവ വർദ്ധിപ്പിക്കുകയാണു ചെയ്തതു്. ഫലമോ, മാതാവു പറഞ്ഞതുപോലെ സംഭവിച്ചു. ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. മൂലകാരണം മാററുന്നതിനു നാം ആത്മാർത്ഥമായി ശ്രമിക്കാത്തിടത്തോളം കാലം സ്ഥിതിഗതികൾ കുറെക്കൂടി വഷളാകുകയല്ലാതെ ഒട്ടും നന്നാകാൻ പോകുന്നില്ല.

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽക്കാർ ദൈവപ്രമാണങ്ങളെ ലംഘിച്ചു പുറജാതികളെ അനുകരിച്ചു ജീവിക്കാൻ തുടങ്ങിയപ്പോൾ, പുറജാതികൾ വന്നു് അവരെ അടിമകളാക്കിക്കൊണ്ടു പോകുന്നതിനും നിഷ്ഠുരമായി മർദ്ദിക്കുന്നതിനും ദൈവം അനുവദിച്ചതായി വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ടല്ലോ. ഇന്നത്തെ തിരഞ്ഞെടുക്കപ്പെട്ട ജനം കത്തോലിക്കരായ നാമാണു്. മററാരുടെ പാപത്തെക്കാൾ നമ്മുടെ പാപം ദൈവത്തെ കൂടുതൽ വേദനിപ്പിക്കും. തന്മൂലം കൂടുതൽ കഠിനമായ ശിക്ഷ നമുക്കു തരുകയും ചെയ്യും. അന്യകുട്ടികൾ വല്ല അസഭ്യം പറയുന്നതുകേട്ടാൽ അത്ര ഗൗനിക്കാറില്ല. എന്നാൽ സ്വന്തം മക്കളുടെ വായിൽനിന്നു് അസഭ്യമായി ഒരക്ഷരം കേട്ടാൽമതി അവരെ മതിവരെ പ്രഹരിക്കുവാൻ! മററു ജാതിക്കാരെക്കാൾ കൂടുതലായി കത്തോലിക്കർ മർദ്ദനത്തിനു വിധേയരാകുന്നതിലുള്ള രഹസ്യം മറെറങ്ങും അന്വേഷിക്കേണ്ടതില്ല.

അടുത്തുതന്നെ ഒരു പൊതുതിരഞ്ഞെടുപ്പു വരുന്നുണ്ടല്ലോ. അതിൽ കമ്മ്യൂണിസ്റ്റുകാർ ഭരണകൂടം കൈക്കലാക്കാൻ ഇടവരാതിരിക്കുന്നതിനു നാം എന്താ


# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,95,750—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. " തോമസ് ററി. കുരിയാളശ്ശേരിൽ, ചമ്പക്കുളം
4. " ഡോമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടൂപറമ്പിൽ, വിളക്കുമാടം
6. " തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
7. " മൈക്കൾ ജെ. കള്ളിവയലിൽ ബി. എസ്സ് സി, കാളകെട്ടി (സെക്രട്ടറി)
8. " കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)

ഞു വെദസ്യങ്ങളെന്നു മേല്പറഞ്ഞ സംഗതികളുടെ വെളിച്ചത്തിൽ ആലോചിച്ചുനോക്കുക.

ദൈവം നിങ്ങളെയെല്ലാവരേയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം ആത്മപിതാവു്

P. S. മറുപടി: സിറിലും, ക്യൂറില്ലോസും ഒരേ ആൾതന്നെയാണു്. ചിലപ്പോൾ ചിറില്ലോസെന്നും ആ പേർ എഴുതാറുണ്ടു്.

——

(10-ാം പേജു് തുടർച്ച)

ഹൈന്ദവമതം മുതലായ മതങ്ങൾ. ഇവ കൂടാതെ ദൈവസംസർഗ്ഗത്തിനു പ്രത്യേകമാർഗ്ഗങ്ങളായി ദൈവംതന്നെ വെളിപ്പെടുത്തിത്തന്നിട്ടുള്ളവയും, വാസ്തവമായ ചരിത്രസംഭവങ്ങളായി സ്വീകരിക്കപ്പെടാവുന്ന ഈശ്വരപ്രത്യക്ഷങ്ങളോടുകൂടിയവയുമായ മതങ്ങൾ ഉണ്ടു്. അബ്രാഹം മുതലായ പൂർവ്വപിതാക്കന്മാരുടെ മതം, മോശവഴിയായി യഹൂദന്മാർക്കു ലഭിച്ച മതം, ദൈവപുത്രനായ മിശിഹാതന്നെ സ്ഥാപിച്ചിരിക്കുന്ന ക്രിസ്തീയമതം, ഇവയ്ക്കു ദൈവദത്തമതങ്ങൾ എന്നും പേർ പറയാം. സ്വാഭാവികമതങ്ങളിൽത്തന്നെയും ഉള്ള വാസ്തവങ്ങൾ ദൈവദത്തങ്ങൾ ആണെങ്കിലും, ഇവിടെ ദൈവദത്തമതങ്ങൾ എന്നു പറഞ്ഞിരിക്കുന്നതു് ഒരു പ്രത്യേക അർത്ഥത്തിലാണെന്നു സ്പഷ്ടമാണല്ലോ.

നമുക്കു ദൈവത്തിങ്കൽ ചേരണമെന്നുള്ള ആകാംക്ഷ സ്വാഭാവികം അതായതു ദൈവദത്തം ആകയാൽ ഈ ആകാംക്ഷയുടെ നിവൃത്തിമാർഗ്ഗവും ദൈവംതന്നെ ഉണ്ടാക്കിത്തരേണ്ടതാണല്ലോ. ദൈവം മനുഷ്യനിലും മനുഷ്യൻ ദൈവത്തിലും ആയിത്തീരുന്നതു, മനുഷ്യൻ ദൈവമായിത്തീരുന്നതിനാലോ ദൈവം മനുഷ്യനായിത്തീരുന്നതിനാലോ ആയിരിക്കണം. എന്നാൽ മനുഷ്യൻ പലതരത്തിലുള്ള ബന്ധനങ്ങളും പാപവും ഉള്ളവനാകയാൽ ദൈവമായിത്തീരുന്നതു അസാദ്ധ്യമാകുന്നു. അതിനാൽ ദൈവത്തിങ്കലേക്കുള്ള ആകാംക്ഷയെ മനുഷ്യന്റെ സ്വാഭാവികലക്ഷണമായി നൽകിയിരിക്കുന്ന ദൈവംതന്നെ, മാനുഷികാവസ്ഥയെ പ്രാപിച്ചു്, അതായതു മനുഷ്യാവതാരം ചെയ്തു, മനുഷ്യൻ ദൈവത്തിൽ ചേരുന്നതിനു മാർഗ്ഗമുണ്ടാക്കിയെങ്കിൽ മാത്രമേ, മേല്പറഞ്ഞ ആകാംക്ഷ സഫലീഭവിക്കയുള്ളു.

സൃഷ്ടിയെല്ലാം ദൈവത്തിൽ ചേരേണ്ടതാണെന്നും, അങ്ങനെ ചേരുന്നതിനായി സർവ്വസൃഷ്ടിയും ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നു എന്നും മേൽ പ്രസ്താവിച്ചുവല്ലോ. കേവലം ആത്മാക്കളോ, കേവലം ശരീരങ്ങളോ, ദൃശ്യങ്ങളോ, അദൃശ്യങ്ങളോ ആയ സകല സൃഷ്ടികളുടെയും പ്രാതിനിധ്യം വഹിക്കുന്നവനാകുന്നു ആത്മാവും ശരീരവുമുള്ള മനുഷ്യൻ എന്ന തത്വവും മുൻപ്രസ്താവിച്ചുവല്ലോ. ഈ സ്ഥിതിക്കു സർവ്വസൃഷ്ടിയുടേയും പ്രാതിനിധ്യം വഹിക്കുന്നവനായി, ആത്മാവും ശരീരവും ഉള്ള മനുഷ്യനെ ദൈവത്വത്തിൽ യോജിപ്പിക്കുന്നതിനു ദൈവം അവതാരം ചെയ്യുന്നപക്ഷം, കേവലം ആത്മാവായിട്ടോ കേവലം ശരീരമായിട്ടോ അവതാരം ചെയ്താൽ അവതാരോദ്ദേശ്യം സാധിക്കയില്ലെന്നു വന്നുകൂടുന്നു. ആത്മാവും ശരീരവുംകൂടിയ മനുഷ്യനെ ദൈവത്തിൽ ചേർക്കുന്നതിനുവേണ്ടി ദൈവം ആത്മാവും ശരീരവുംകൂടിയ ഒരു മനുഷ്യനായിത്തന്നെ അവതാരം ചെയ്യേണ്ടതായും വന്നുകൂടുന്നു. ഈ അവതാരമത്രെ യേശുമിശിഹാ. തിരുമേനി സാക്ഷാൽ ദൈവംതന്നെയാകുന്നു. തിരുമേനി ആത്മാവും ശരീരവും കൂടിയവനായ സാക്ഷാൽ മനുഷ്യനുമാകുന്നു. തിരുമേനി പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു. സർവ്വസൃഷ്ടിയേയും ദൈവത്വത്തിൽ സംയോജിപ്പിക്കുന്നതിനു ഒരു മാർഗ്ഗമായി, ദൈവവും ദൈവപുത്രനും ആയ "വചനം"* തന്നെത്തന്നെ ഒരു ശരീരത്തിലും ആത്മാവിലും ഒതുക്കിവച്ചു എന്നുള്ളതത്രെ മനുഷ്യാവതാരരഹസ്യം. ഇതത്രെ ക്രിസ്തുമതത്തിലെ സർവ്വപ്രധാനമായ തത്വം. മിശിഹാ ദൈവമാണെന്നുള്ള വാസ്തവത്തിന്മേൽ അത്രെ ക്രിസ്തുമതത്തിന്റെ ബലം മുഴുവനും ഇരിക്കുന്നതു്. മിശിഹാ ദൈവമല്ലെങ്കിൽ അതായതു ദൈവം മിശിഹായായി മനുഷ്യാവതാരം ചെയ്തിരിക്കയല്ലെങ്കിൽ, ക്രിസ്തുമതത്തിനു നിലയില്ല. ക്രിസ്തുമതത്തിന്റെ ഉത്ഭവവും, അത്ഭുതകരമായ പ്രചാരവും, ലോകത്തെ മുഴുവൻ പരിഷ്ക്കാരത്തിൽ വരുത്തുന്നതായ ശക്തിയും, ക്രിസ്തീയമായ ഉൽകൃഷ്ടസന്മാർഗ്ഗവും എല്ലാം മിശിഹായുടെ ദൈവത്വത്തെമാത്രം ആശ്രയിച്ചിരിക്കുന്നു. മിശിഹാ ദൈവമല്ലെങ്കിൽ ഇവയുടെ അടിസ്ഥാനം പിന്നെയെന്താണെന്നു പറയാൻ മാർഗ്ഗമില്ല.

മിശിഹാ ദൈവമാണെന്നുള്ള വാസ്തവമത്രെ ക്രിസ്തുമതത്തിന്റെ അടിസ്ഥാനതത്വം. വി. യോഹന്നാൻശ്ലീഹാ പറയുന്നതെന്തെന്നു നോക്കാം. "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവവും ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവനാലുണ്ടായി ഉണ്ടായതൊന്നും അവനെക്കൂടാതെ ഉണ്ടായതല്ല ...വചനം ജഡമായിഭവിച്ചു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു. അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായിട്ടു ഞങ്ങൾ കാണുകയും ചെയ്തു.... കൃപയും സത്യവും യേശുമിശിഹായാൽ ഉണ്ടായി. ദൈവത്തെ ഒരുത്തനും ഒരുനാളും കണ്ടിട്ടില്ല പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ അവിടുത്തെ പ്രത്യക്ഷമാക്കി" (യോഹന്നാൻ 1. 1—18) "ഞാൻതന്നെ വഴിയും സത്യവും ജീവനും ആകുന്നു." (യോഹ: 14, 6) എന്നു മിശിഹാ കല്പിച്ചിരിക്കുന്നതും ഈ സംഗതിയെ ഉദ്ദേശിച്ചാണല്ലോ. ദൈവത്തിന്റെ മനുഷ്യാവതാരമൂലം, അതായതു് മനുഷ്യാവതാരപുരുഷനാകുന്ന യേശുമിശിഹാ വഴിയായി നമുക്കു ദൈവത്തിൽ ചേരാമെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം നമുക്കു മിശിഹായുടെ ദൈവത്വത്തിലേക്കും ദൈവത്തിനു നമ്മിലേക്കും പ്രവേശിക്കുന്നതിനു ദൈവം നിശ്ചയിച്ചുണ്ടാക്കിയിരിക്കുന്ന ഏകമാർഗ്ഗമാകുന്നു മിശിഹായുടെ മനുഷ്യത്വം എന്നല്ലാതെ മറ്റു വല്ലതുമാകാൻ നിവൃത്തിയുണ്ടോ?

മിശിഹായുടെ മനുഷ്യത്വം വഴിയായിട്ടല്ലാതെ ദൈവത്വത്തിൽ യോജിക്കുന്നതിനു നമുക്കു സാധിക്കുന്നതാണെങ്കിൽ മനുഷ്യാവതാരത്തിന്റെ ആവശ്യം എന്തു്? മനുഷ്യത്വത്തെ ദൈവം സ്വീകരിച്ചതിന്റെ പ്രയോജനം എന്തു? നമുക്കു ദൈവദത്തമായിരിക്കുന്ന ഈശ്വരാകാംക്ഷ സഫലീകരിക്കുന്നതിനു വേണ്ടി നമ്മെ ദൈവത്തിൽ ചേർക്കുന്നതിനു ദൈവം മനുഷ്യാവതാരം ചെയ്തിട്ടുണ്ടെങ്കിൽ അതു പത്തൊൻപതു ശതവർഷങ്ങൾക്കുമുമ്പു ബെത്ലഹേമിൽ വി: കന്യകമറിയത്തിന്റെ പുത്രനായി ജനിച്ചു, വളർന്നു, സ്ലീവാമേൽ മരിച്ചു്, ഉയിർത്തെഴുന്നേററ സാക്ഷാൽ യേശുമിശിഹാതന്നെ ആയിരിക്കാനേ നിവൃത്തിയുള്ളു. അതിനാലത്രെ "ഏകദൈവവും ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഏകമദ്ധ്യസ്ഥനും ഉണ്ടു്; മനുഷ്യനാകുന്ന യേശുമിശിഹാതന്നെ" എന്നു വി: പൗലോസ് ശ്ലീഹാ കല്പിക്കുന്നതു്. ദൈവത്തെ മനുഷ്യനിലും മനുഷ്യനെ ദൈവത്വത്തിലും ആക്കിവെക്കുന്നതിനുവേണ്ടി, അതായതു നമ്മെ ദൈവത്വത്തിൽ യോജിപ്പിക്കുന്നതിനായി ദൈവം ഉണ്ടാക്കിയിരിക്കുന്ന മാർഗ്ഗമാണല്ലോ ദൈവപുത്രന്റെ മനുഷ്യാവതാരം. ഇതുകൊണ്ടുമാത്രം നാം ഓരോരുത്തരും ദൈവത്വത്തിൽ യോജിച്ചുകഴിഞ്ഞിട്ടില്ല. എല്ലാ മനുഷ്യർക്കും ദൈവത്വത്തിൽ ലയിക്കുന്നതിനു് ഒരു മാർഗ്ഗമായി ദൈവത്തിന്റെ മനുഷ്യാവതാരം ഇരിക്കുന്നു എന്നേ ഉള്ളു. മിശിഹായെ സ്വീകരിക്കുന്നവർക്കു താൻവഴിയായി ദൈവത്വത്തിൽ ചേരുന്നതിനു സാധിക്കും എന്നു് ദൈവം നിശ്ചയിച്ചിരിക്കുന്നു. "ദൈവത്തിനും മനുഷ്യർക്കും ഇടയിൽ" ഏകമദ്ധ്യസ്ഥനായിട്ടു ദൈവം നിശ്ചയിച്ചിരിക്കുന്നതു, മനുഷ്യത്വം സ്വീകരിച്ചിരിക്കുന്ന ദൈവത്തെയത്രെ. അതായതു മനുഷ്യർക്കു ദൈവസംസർഗ്ഗത്തിനു ഈശ്വരനിശ്ചിതമായ മാർഗ്ഗം മിശിഹായുടെ മനുഷ്യത്വം ആകുന്നു. അതിനാലത്രെ "മനുഷ്യനാകുന്ന യേശുമിശിഹാ ഏകമദ്ധ്യസ്ഥ"നാണെന്നു പറയുന്നതു്.

മിശിഹാ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആകുന്നു. നമുക്കു ദൈവത്വത്തിൽ യോജിക്കുന്നതിനായി ദൈവം നൽകിയിരിക്കുന്ന മാർഗ്ഗവുമാകുന്നു മിശിഹായുടെ മനുഷ്യത്വം. മിശിഹാ പൂർണ്ണമനുഷ്യനാകുന്നു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം പാപംമുഖാന്തരം ആത്മാവിലും ശരീരത്തിലും, ആദാമിനും മനുഷ്യകുലത്തിനും ഭവിച്ചിട്ടുള്ള ന്യൂനതകൾ തിരുമേനിക്കു് അശേഷമില്ലായെന്നാകുന്നു. ആദാംമുതൽ ഇന്നേയോളമുള്ള പിതാക്കന്മാരുടെയും നമ്മുടെയും പാപംമൂലം നമുക്കു, ആത്മാവിലും ശരീരത്തിലും ഭവിച്ചിട്ടുള്ള ന്യൂനതകളെ പരിഹരിക്കുന്നതിനു അശേഷം പാപമില്ലാത്ത ഒരാൾ ആവശ്യമാണു്. ഒന്നാം ആദാമും നാമും തമ്മിലുള്ള സ്വാഭാവികസംബന്ധത്തിനു പകരം, രണ്ടാമാദാമും നാമുംതമ്മിൽ കൃപാമാർഗ്ഗമായി സംബന്ധമുണ്ടാക്കി നമുക്കു പാപപരിഹാരം ചെയ്യുന്നതിനാണു് രണ്ടാമത്തെ ആദാമായി, പൂർണ്ണമനുഷ്യനായി "വചനം" തിരുവവതാരം ചെയ്തതു്.

ആത്മാവും ശരീരവും കൂടിയവരായ പാപികളായ നമ്മെ ദൈവത്വത്തിൽ സംയോജിപ്പിക്കാനായി ദൈവം ഉണ്ടാക്കിയിരിക്കുന്ന മാർഗ്ഗം ആത്മാവും ശരീരവും കൂടിയവനായ പാപമില്ലാത്ത മിശിഹാ ആകുന്നു. അതിനാൽ ദൈവത്തിൽ എത്തിച്ചേരുന്നതിനായി നാം ചെയ്യേണ്ടതു്, നമ്മുടെ ആത്മാവിനേയും ശരീരത്തേയും മിശിഹായുടെ ആത്മാവിലും ശരീരത്തിലും സംയോജിപ്പിക്കയത്രെ. ഇങ്ങനെ നാം ചെയ്യുന്നപക്ഷം നമുക്കു ദൈവസംസർഗ്ഗം ദൈവഹിതംപോലെ ഉണ്ടാകുന്നതാണു് മിശിഹായുടെ ആത്മാവിനേയും മിശിഹായുടെ ശരീരത്തേയും നമ്മുടെ ആത്മാവിലും നമ്മുടെ ശരീരത്തിലും നാം വേണ്ടവണ്ണം സ്വീകരിക്കുന്നപക്ഷം, മിശിഹായുടെ ആത്മാവോടും ശരീരത്തോടും യോജിച്ചിരിക്കുന്ന മിശിഹായുടെ ദൈവത്വവും നമ്മിൽ യോജിക്കയും, നാം മിശിഹായുടെ ആത്മാവും ശരീരവും വഴിയായി മിശിഹായുടെ ദൈവത്വത്തോടു യോജിക്കയും ചെയ്യുന്നതാണു്. ഈവിധമുള്ള ദൈവസംസർഗ്ഗം കേവലം ഉദ്ഹലോകത്തുമാത്രമുള്ളതോ, കേവലം മാനസികമോ ആയ ദൈവസംസർഗ്ഗത്തെക്കാൾ യഥാർത്ഥവും ഉൽകൃഷ്ടവും ആണു്. നാം മുഴുവനായിട്ടു ദൈവത്തിന്റെ വകയാണെന്നും ദൈവത്തിൽ യോജിച്ചു നിവസിക്കുന്നു എന്നും ഉള്ള ബോധം ഈവിധമുള്ള ദൈവസംസർഗ്ഗംമൂലം നമുക്കുണ്ടാകുന്നു. അനുഭവ

* യോഹ: 1. 14, 18.

"ദൈവം തന്നു, ദൈവം എടുത്തു; ദൈവത്തിന്റെ നാമം പരിശുദ്ധമാക്കപ്പെടട്ടെ" (വി. ജോബ്)



കരുത്തേടത്തു ജോസഫ് ഭാര്യ
റോസക്കുട്ടി, ആലുവാ

ജനനം: 9—6—1922
വിവാഹം: 11—5—1943
മരണം: 20—11—1953

"ദയാപരനായ ഈശോയെ, ഈ ആളിന്റെ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളേണമെ." R. I. P.



ഡോക്ടർ പാദരക്കാട്ടിൽ തിരുമനസ്സുകൊണ്ടു് എറണാകുളം എസ്. എച്ച്. സെമ്മിനാരി വിദ്യാർത്ഥിയായിരിക്കുമ്പോൾ. ഇരിക്കുന്നതു് അന്നു സെമ്മിനാരി റെക്ടറായിരുന്ന വെരി റവ. മോൺ: കുര്യാക്കോസ് നമ്പ്യാപറമ്പിൽ അവർകളാണു്.


# കണിയാമ്പുറം ബ്രദേഴ്സ്

## വാച്ചുകമ്പനി

ബ്രോഡ്‌വേ — എറണാകുളം




ഉത്തരവാദിത്വമുള്ള സുപ്രധാന വാച്ചു കമ്പനിക്കാരാൽ ഏററവും നവീനമായ മാതൃകയിൽ നിർമ്മിക്കപ്പെട്ട വാച്ചു്, ടൈംപീസ്, ക്ലോക്കു്, സ്ട്രാപ്പ് മുതലായവ മിതമായ വിലയ്ക്കു കിട്ടത്തക്കവിധം ശേഖരിച്ചിരിക്കുന്ന ഞങ്ങളുടെ ഷോറൂം സന്ദർശിക്കുക.

## തടിക്കച്ചവടം

പോഞ്ഞിക്കര, എറണാകുളം

ത്താൽ സിദ്ധിക്കുന്ന ഈ ബോധം കേവലം മാനസികമായ ബോധത്തെക്കാൾ അധികമായി നമ്മെ ദൈവഭക്തിയിൽ നിലനിർത്തുന്നതിനു സഹായിക്കുന്നു.

ദൈവസംസർഗ്ഗമാർഗ്ഗം മിശിഹായുടെ മനുഷ്യത്വം ആണെന്നു പറയുന്നതു കേവലം അലങ്കാരരൂപത്തിലോ മറ്റോ ആണെന്നു തെററിദ്ധരിച്ചുപോകരുതേ! മിശിഹായുടെ മനുഷ്യത്വം ദൈവസംസർഗ്ഗത്തിനുള്ള മാർഗ്ഗമാണെന്നു പറയുന്നതു വാസ്തവാർത്ഥത്തിലത്രെ. അതു മാനസികമായി മാത്രമോ ശാരീരികമായിമാത്രമോ അല്ല. മനുഷ്യൻ സമ്പൂർണ്ണമായി മിശിഹായുടെ മനുഷ്യത്വത്തിൽ യോജിക്കേണ്ടതത്രെ തന്മൂലം അവൻ ദൈവത്വത്തിൽ യോജിക്കുന്നതുമാണു്. ദൈവസംസർഗ്ഗം കേവലം ആത്മീയമായി മാത്രമായിരിക്കേണ്ടതാണെന്നുവരികിൽ, മിശിഹാ കേവലം ആത്മാവായിട്ടു് അവതാരം ചെയ്താൽ മതിയായിരുന്നു. എന്നാൽ മിശിഹാ പാപം ഒഴികെ സകലത്തിലും നമ്മെപ്പോലെ, ആത്മാവും ശരീരവും ഉള്ളവനായി മനുഷ്യാവതാരം ചെയ്തിരിക്കുന്നുവല്ലോ. മിശിഹാ ദൈവമാണെന്നു വിശ്വസിക്കുന്നപക്ഷം, അതായതു ദൈവത്തിൽ നമ്മെ യോജിപ്പിക്കുന്നതിനായി ദൈവം ഉണ്ടാക്കിത്തന്നിരിക്കുന്നമാർഗ്ഗം മിശിഹായുടെ മനുഷ്യാവതാരം ആണെന്നു വിശ്വസിക്കുന്നപക്ഷം, ദൈവസംസർഗ്ഗം മിശിഹാവഴിയായി അതായതു മിശിഹായുടെ മനുഷ്യത്വം വഴിയായി ആയിരിക്കണമെന്നു സമ്മതിച്ചേ മതിയാവൂ.

ദൈവസംസർഗ്ഗത്തിനായി ദൈവം ഉണ്ടാക്കിത്തന്നിരിക്കുന്നമാർഗ്ഗം മിശിഹായുടെ ആത്മാവും ശരീരവും ആണെന്നു സമ്മതിക്കുന്നുവല്ലോ. എന്നാൽ നമ്മുടെ ആത്മാവുകൊണ്ടു മാത്രമോ, ശരീരം കൊണ്ടുമാത്രമോ ദൈവസംസർഗ്ഗംചെയ്താൽ മതിയാവുന്നതാണു് എന്നു വല്ലവരും വിചാരിച്ചേക്കാം. വാസ്തവം എങ്ങനെയാണെന്നു് ആലോചിക്കാം. ആത്മാക്കളോ ശരീരങ്ങളോ ആയ സർവ്വസൃഷ്ടിയുടേയും പരിണാമം ദൈവത്തിൽ സംയോജിക്കുന്നതിൽ ആണെന്നും. സർവ്വസൃഷ്ടിയുടേയും പ്രാതിനിധ്യം വഹിക്കുന്നവനും, സൃഷ്ടിവികാസത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നവനുമായ മനുഷ്യൻ ദൈവത്തിൽ ചേരുന്നതിനായുള്ള ഏകമാർഗ്ഗമായിട്ടാണു ദൈവം മിശിഹാ ആയി മനുഷ്യാവതാരം ചെയ്തിരിക്കുന്നതെന്നും പ്രസ്താവിച്ചുകഴിഞ്ഞുവല്ലോ. മനുഷ്യന്റെ ആത്മാവുമാത്രമോ ശരീരം മാത്രമോ ദൈവസംസർഗ്ഗം ചെയ്യുന്നപക്ഷം മനുഷ്യൻ മുഴുവനായി ദൈവസംസർഗ്ഗം ചെയ്യുന്നില്ല. അംശമായി മാത്രമുള്ള ദൈവസംസർഗ്ഗത്തിൽ അവൻ സർവ്വസൃഷ്ടിയുടെയും പ്രാതിനിധ്യം വഹിക്കുന്നതിനു സാധിക്കുന്നുമില്ല. ഈശ്വരനും, ആത്മാവും, ലോകവും (പദാർത്ഥങ്ങളും) യഥാർത്ഥമായി ഉള്ളവയാണെന്നും ആത്മാവും ലോകവും ദൈവത്തിൽനിന്നുത്ഭവിച്ചവയും ദൈവത്തിൽ എത്തിച്ചേരുന്നതിനു ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നവയും ആണെന്നും മുൻ വിവരിച്ചിട്ടുണ്ടല്ലോ. സർവ്വസൃഷ്ടിയേയും ദൈവത്തിൽ യോജിപ്പിക്കുന്നതു സ്വസാദ്ധ്യമാക്കുവാനായിട്ടാണല്ലോ, സൃഷ്ടിയുടെ പ്രാതിനിധ്യം വഹിക്കുന്ന മനുഷ്യനെ പ്രത്യേകമായി, ദൈവത്തിൽ സംയോജിപ്പിക്കുന്നതിനു ദൈവം മനുഷ്യാവതാരംചെയ്തതു്. അതിനാൽ മനുഷ്യൻ മുഴുവനായി, അവന്റെ ആത്മാവോടും ശരീരത്തോടുംകൂടെ ദൈവത്തിൽ ചേരേണ്ടതാവശ്യമാണു്.

പുനരുത്ഥാനത്തിലുള്ള വിശ്വാസവും ഇതിനെ ബലപ്പെടുത്തുന്നു. യേശുമിശിഹായുടെ തിരുശരീരം കഷ്ടാനുഭവവും മരണവും കഴിഞ്ഞിട്ടു കബറിൽ അടക്കപ്പെട്ടു എന്നും ആ ശരീരംതന്നെ ആത്മീയമായ ലക്ഷണങ്ങളെ പ്രാപിച്ചു മൂന്നാം ദിവസം കബറിൽനിന്നുയിർത്തെഴുന്നേററു എന്നും ഉള്ള ചരിത്രസംഭവങ്ങൾ നാം അറിയുന്നുണ്ടല്ലോ. റഷ്യാ-ജപ്പാൻയുദ്ധം, വിക്ടോറിയാരാജ്ഞിയുടെ മരണം മുതലായവ എത്രത്തോളം വാസ്തവങ്ങളായ ചരിത്രസംഭവങ്ങൾ ആകുന്നുവോ അത്രത്തോളംതന്നെ വാസ്തവമായ ഒരു ചരിത്രസംഭവമാണു് മിശിഹായുടെ പുനരുത്ഥാനവും. ഒരു സംഭവം യഥാർത്ഥസംഭവമാണെന്നു ശാസ്ത്രീയമായി നിർണ്ണയിക്കുന്നതിനു ഏതെല്ലാംതരത്തിലുള്ള രേഖകളും സാക്ഷികളും ആവശ്യമുണ്ടോ, ആവക രേഖകളും സാക്ഷികളുമെല്ലാം ഈ ചരിത്രസംഭവത്തിനുമുണ്ടു്. മിശിഹാ വാസ്തവമായി ഉയിർത്തെഴുന്നേററതുകൊണ്ടു നാമു ഉയിർത്തെഴുന്നേല്ക്കാവുന്നതാണെന്നും പുനരുത്ഥാനാനന്തരം ഒരു ജീവിതാവസ്ഥ എങ്ങനെ സാധിക്കുമെന്നും നമുക്കു തീർച്ചയാക്കാം. കൂടാതെയും സർവ്വസൃഷ്ടിയും ദൈവത്തിൽ യോജിക്കുന്നതിനു ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന വേദോക്തിക്കു അനുസരണമായിട്ടുതന്നെയും ഇരിക്കുന്നു. എല്ലാവക സയൻസുകളിലും സ്വീകരിക്കപ്പെട്ടിരിക്കുന്ന പരിണാമവാദം (ഇവൊല്യൂഷൻ തീയറി) അനുസരിച്ചു മനുഷ്യനും പരിണാമംമൂലം ഭേദപ്പെട്ടു് ഇപ്പോഴത്തേതിലും ഉൽകൃഷ്ടമായ ഒരവസ്ഥയെ പ്രാപിക്കേണ്ടതു് ആവശ്യമാണു്. ഈ ഉൽകൃഷ്ടാവസ്ഥ പുനരുത്ഥാനത്തോടുകൂടി സിദ്ധമാകുന്നു എന്നത്രെ മിശിഹായുടെ പുനരുത്ഥാനത്തിൽനിന്നും ദൈവദത്തമതങ്ങളിലെ തത്വങ്ങളിൽനിന്നും മനസ്സിലാക്കേണ്ടതു്. (1 കൊറി. 15) മിശിഹായുടെ മൃതശരീരത്തെ കബറിൽ അന്വേഷിച്ചപ്പോൾ അവിടെ കാണാതിരുന്നതുകൊണ്ടും, തിരുമേനി ഉയിർത്തെഴുന്നേററു എന്നുമാലാഖമാർ സാക്ഷിച്ചതുകൊണ്ടും തിരുമേനിയുടെ ശരീരം ഉയിർത്തു എന്നു നിശ്ചയമാണല്ലോ. അതുപോലെ നമ്മുടെ ശരീരവും ഉയിർത്തെഴുന്നേൽക്കും എന്നാശിക്കുന്നതിനു അതു അടിസ്ഥാനവുമാണു്.

ആയതുകൊണ്ടു നമ്മുടെ ആത്മാവുമാത്രമല്ല നമ്മുടെ ശരീരം മാത്രവുമല്ല ഉയിർത്തെഴുന്നേൽക്കുന്നതു്. നാം മുഴുവനായി, നമ്മുടെ ആത്മാവോടും ശരീരത്തോടുംകൂടി ഉയിർത്തെഴുന്നേററു ദൈവത്തിൽ യോജിക്കുന്നതാണു്. ഇങ്ങനെ മഹത്വകരമായി ദൈവത്തിൽ യോജിക്കുന്നതിനുവേണ്ട യോഗ്യതകളെ മനുഷ്യാവതാരംചെയ്തിരിക്കുന്ന മിശിഹാവഴിയായി ഈ അവസ്ഥയിൽ തന്നെ നാം പ്രാപിക്കേണ്ടതാണു്. ഇഹത്തിലും പുനരുത്ഥാനത്തിങ്കലും എല്ലാം ഏകമാർഗ്ഗം മിശിഹാ ആകുന്നു. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു."

നമ്മുടെ ആത്മാവും ശരീരവും പുനരുത്ഥാനത്തിങ്കലും ഇവിടെ വച്ചും ദൈവത്തിൽ യോജിക്കുന്നതിനു ദൈവംതന്നെ ഉണ്ടാക്കിത്തന്നിരിക്കുന്ന മാർഗ്ഗം നമ്മുടെ മിശിഹായുടെ മനുഷ്യാവതാരമാണു്. നമ്മുടെ ആത്മാവും ശരീരവും (അതായതു നാം മുഴുവനായി) ഈ അവസ്ഥയിലും മരണാനന്തരവും പുനരുത്ഥാനത്തിങ്കലും എന്നല്ല, എല്ലാഴ്പോഴും ദൈവത്തിൽ യോജിച്ചുനില്ക്കുന്നതിനായി നാം ചെയ്യേണ്ടതു ദൈവവും മനുഷ്യനുമാകുന്ന മിശിഹായുടെ ആത്മാവോടും ശരീരത്തോടും സംയോജിച്ചിരിക്കയത്രെ. നമ്മുടെ ശരീരം മാത്രമോ ആത്മാവുമാത്രമോ യോജിച്ചാൽ മതിയാകയില്ല. ക്രിസ്തുമതം കേവലം മാനസികം, കേവലം ബാഹ്യമോ അല്ല. ക്രിസ്തുമതം മനുഷ്യനെ മുഴുവനെ സ്പർശിക്കുന്നതാണു്. അതിനാൽ, മതം കേവലം മാനസികമാണെന്നു പറയുന്ന ക്രിസ്തീയമതങ്ങൾ ഈ പ്രമാണത്തിനു ലംഘനകാരികളാകയാൽ ക്രിസ്തുമതത്തിന്റെ കേന്ദ്രസ്ഥാനമാകുന്ന മനുഷ്യാവതാരം എന്ന പരമതത്വത്തിനു ഭംഗം വരുത്തിയിരിക്കുന്നു. ഇവരും പുരാതനസഭകളും തമ്മിലുള്ള വ്യത്യാസം, ദൈവവും മനുഷ്യനുമാകുന്ന മിശിഹായെ സ്വീകരിക്കേണ്ടതെങ്ങനെയെന്നുള്ളതിലത്രെ. അപ്രധാനങ്ങളായ സകല അഭിപ്രായഭേദങ്ങളെയും കുറിച്ചു ഗൗനിക്കുന്നില്ലെന്നുവരട്ടെ. എന്നാൽ മിശിഹാ ദൈവവും മനുഷ്യനുമാണെന്നുള്ള പരമസത്യത്തിനു ഭംഗം വരുത്തുന്ന കാര്യങ്ങളെ അഗണ്യമാക്കുന്നപക്ഷം അതു ക്രിസ്ത്യാനീത്വത്തിനു ചേരുന്നതോ?

ഇനിയും മിശിഹായുടെ മനുഷ്യത്വം എന്താണെന്നും മിശിഹായുടെ മനുഷ്യത്വത്തോടു നാം യോജിക്കുന്നതും യോജിക്കേണ്ടതും എങ്ങനെയെന്നുംകൂടി പറഞ്ഞു് ഈ പ്രസംഗത്തെ അവസാനിപ്പിക്കാം.

മിശിഹായുടെ മരണശേഷം തിരുമേനി ഉയിർത്തെഴുന്നേല്ക്കയും, ഉയിർപ്പിൻ മഹത്വശരീരത്തോടു കൂടി സ്വർഗ്ഗാരോഹണം ചെയ്കയുമാണല്ലോ ഉണ്ടായതു്. "ലോകാവസാനത്തോളം ഞാൻ (അതായതു ദൈവത്വം മാത്രമല്ല മിശിഹാ മുഴുവനായി) നിങ്ങളോടുകൂടെ" എന്ന കല്പനപോലെ തിരുമേനി ഉയിർത്തെഴുന്നേററ ശരീരത്തോടുകൂടി നമ്മിൽ ആവസിക്കുന്നു. തന്റെ ശരീരം സഭയായി ലോകത്തിൽ വ്യാപിച്ചിരിക്കയത്രെ. മിശിഹായുടെ ശരീരം സഭയാണെന്നു പ്രത്യക്ഷമായി കല്പിക്കപ്പെട്ടിട്ടുണ്ടു്.

നാം മിശിഹായോടു യോജിക്കുന്നതു തന്റെ ശരീരമാകുന്ന ക്രിസ്തീയസഭയിൽ നിലനില്ക്കുന്നതിനാലത്രെ. മിശിഹായെ പൂർണ്ണാധീനമായി ആസ്പദിച്ചുകൊണ്ടു് മിശിഹായിൽ വളരുകയും, സാക്ഷാൽ ദൈവദത്തമായ ക്രിസ്തുസഭയിൽ നിലനിന്നു് ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കയും ചെയ്യുന്നവൻ ഒരു ക്രിസ്തുഭക്തനാകുന്നു.

അഭിപ്രായത്തിലോ, ഊഹത്തിലോ മിശിഹായെ നാം നമ്മിലേക്കു സ്വീകരിക്കുമെന്നു വച്ചാൽ മതിയാകയില്ല. മാനസികമായി മാത്രമോ ശാരീരികമായി മാത്രമോ ഉള്ളതല്ല സാക്ഷാൽ ക്രിസ്തുമതം. അതിനാൽ നാം ആത്മീയമായും ശാരീരികമായുമുള്ള രീതിയിൽ, നമ്മുടെ ആത്മാവിലും ശരീരത്തിലും മിശിഹായുടെ ആത്മാവിനേയും ശരീരത്തെയും സ്വീകരിക്കണം. ഇങ്ങനെ ആത്മീയവും ശാരീരികവുമായ വിധത്തിൽ, അതായതു് പ്രത്യക്ഷവും അപ്രത്യക്ഷവുമായി മിശിഹായെ നമ്മിലേക്കു സ്വീകരിക്കുന്നതിനായി മിശിഹാതന്നെ കല്പിച്ചു നിശ്ചയിച്ചിട്ടുള്ള മാർഗ്ഗങ്ങളുണ്ടു്. അവയ്ക്കു രഹസ്യങ്ങൾ അല്ലെങ്കിൽ കൂദാശകൾ എന്നു പറഞ്ഞുവരുന്നു. കൂദാശകൾ അനേകമുണ്ടു്. സാധാരണ ഏഴെന്നു പറഞ്ഞുവരുന്നു. മിശിഹാമൂലമാണു് രക്ഷ, എന്നുവരികിൽ നമ്മുടെ ശരീരത്തിലും ആത്മാവിലും പ്രത്യക്ഷവും അപ്രത്യക്ഷവുമായ വിധത്തിൽ മിശിഹായെ സ്വീകരിക്കാതെ ഗത്യന്തരമില്ല. ദൃഷ്ടാന്തമായി വി. കർബാനയെപ്പററി ആലോചിക്കാം മിശിഹായുടെ ശരീരത്തോടും ആത്മാവോടും നമ്മുടെ ആത്മാവും ശരീരവും യോജിക്കുന്നതിനായി മിശിഹാതന്നെ നിശ്ചയിച്ചിട്ടുള്ളതാകുന്നു വി. കർബാന. ഇതു വെറും മാനസികമല്ല. അപ്പത്തേയും വീഞ്ഞിനേയും വാഴ്ത്തി "ഇതെന്റെ ശരീരം" എന്നും "ഇതെന്റെ രക്തം" എന്നും കല്പിക്കയും "ഞാൻ വരുന്നതുവരെ ഇതിനെ പ്രവർത്തിക്കുവിൻ"മെന്നു ആജ്ഞാപിക്കയും "എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കു"മെന്നു ഉപദേശിക്കയും ചെയ്തിരിക്കുന്നുവല്ലോ. അതിനാൽ നമുക്കു മിശിഹായോടു ചേരുന്നതിനു പ്രത്യക്ഷവും അപ്രത്യക്ഷവുമായ സംഗതികൾ യോജിച്ചിരിക്കുന്ന കൂദാശയാകുന്ന വിശുദ്ധ കർബാനവഴിയായി നാം മിശിഹായെ ആസ്വദിക്കണമെന്നു തിരുമേനി കല്പിച്ചിട്ടുണ്ടെന്നുള്ള വാസ്തവം സ്പഷ്ടമായിരിക്കുന്നുവല്ലോ. വിശുദ്ധ കർബാനയുടെയും മററു കൂദാശകളുടെയും ബലം എല്ലാം മിശിഹാ സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനും ആണെന്നുള്ള സത്യത്തെ ആശ്രയിച്ചിരിക്കുന്നു. മിശിഹാ ദൈവമല്ലെങ്കിൽ സകല കൂദാശകളും നിഷ്ഫലം. മിശിഹാ ദൈവമല്ലെങ്കിൽ അപ്പസ്തോലികപിൻതുടർച്ച, വി. കർബാന, വി. മാമ്മോദീസാ മുതലായ കൂദാശകളിൽ വിശ്വസിച്ചു് അവയെ അനുഷ്ഠിക്കുന്നതു നിഷ്പ്രയോജനകരം. മിശിഹാ സാക്ഷാൽ മനുഷ്യനല്ലെന്നുവരികിലും കൂദാശകൾ നിഷ്ഫലംതന്നെ.

അതിനാൽ സാക്ഷാൽ ക്രിസ്തുമതമാകുന്ന അപ്പസ്തോലികസഭയുടെ വിശ്വാസാചാരങ്ങൾ മിശിഹായുടെ ദൈവത്വവും മനുഷ്യത്വവുമാകുന്ന സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. ആയതുകൊണ്ടു് ഈ സത്യങ്ങളെ നാം മനസ്സിലാക്കുകയും, കൂദാശകളേയും തിരുസ്സഭയേയും ഉപേക്ഷിക്കുന്നവർ സാക്ഷാൽ മിശിഹാ

(ശേഷം 16-ാം പേജിൽ)



നാലു ഡി. ഡി. കാർ— മോൺ. പാറേക്കാട്ടിൽ തിരുമേനിയേയും, ഫാദർ തോമസ് മൂത്തേടൻ, ഫാദർ സക്കറിയാസ് വാഴപ്പിള്ളി. ഫാദർ ജ്ഞാനിനാഥൻ എന്നിവരെയും ചിത്രത്തിൽ കാണാം.



# പുസ്തകാഭിപ്രായം

## ജൈത്രജീവിതം

[ഗ്രന്ഥകർത്താക്കൾ: ഷെർലി ഗ്രഹാം, ജോർജ്ജ് ഡി ലിപ്സ്സ് കോംബ്. പരിഭാഷ. പക്ഷം 140. United States Information Service, 158 Mount Road, Madras, 2]

ഡോക്ടർ ജോർജ്ജ് വാഷിങ്ടൻ കാർവർ എന്ന ഒരു നീഗ്രോ മഹാന്റെ ജീവചരിത്രമാണു "ജൈത്രജീവിതം". ചവിട്ടിമെതിച്ചുകിടന്നിരുന്ന നീഗ്രോവർഗ്ഗത്തിൽ ജനിച്ച ഈ ബാലൻ അനാഥനായി ജീവിതമാരംഭിച്ചു. അശ്രാന്തപരിശ്രമംവഴി ബി. എ., ഡി. എസ്സ്. സി. എന്ന ബിരുദങ്ങൾ നേടുന്നതിനും ഒരു സർവ്വകലാശാലാ പ്രൊഫസറായി ഉയരുന്നതിനും കാർവറിനു സാധിച്ചു. പിന്നീടു് അതികാമ്യമായ ആ ഉദ്യോഗം വലിച്ചെറിഞ്ഞു ബുക്കർ വാഷിങ്ടണോടുകൂടെ സജാതീയരുടെ ഉന്നമനത്തിനായി ചെയ്ത സേവനം ചരിത്രകാരന്മാർ എന്നും സ്മരിക്കും. നീഗ്രോ എന്ന കാരണത്താൽ ഹൈലൻറ് സർവ്വകലാശാലയിൽ പ്രവേശനാനുമതി നിഷേധിക്കപ്പെട്ട കാർവർ രണ്ടാം ലോകമഹായുദ്ധത്തിൽ ശാസ്ത്രീയരംഗത്തു ചെയ്തിട്ടുള്ള സേവനത്തിനു "റൂസ്വെൽട്ട് കീർത്തിമുദ്ര" പ്രാപിച്ചുവെന്നു പറയുമ്പോൾ ഊഹിക്കാമല്ലോ പരിശ്രമത്തിന്റെ ഫലം. കറുത്തവർഗ്ഗത്തിന്റെ വിമോചകനും ഈശ്വരവിശ്വാസമുള്ള ഒരു ശാസ്ത്രജ്ഞനുമാണു കാർവർ എന്നു പറഞ്ഞാൽ അതു ശരിയായ ഒരു ജീവചരിത്രസംക്ഷേപമായിരിക്കും. "ജൈത്രജീവിതത്തിൽ" ഈ നീഗ്രോജാതിക്കാരന്റെ ക്രമാനുഗതമായ ഉന്നമനം ദർശിക്കുവാൻ കഴിയും. അദ്ദേഹത്തിന്റെ ഈശ്വരവിശ്വാസചൈതന്യവും പ്രകടമാണു് ഈ ഗ്രന്ഥത്തിൽ. എന്തിനാണു സർവ്വകലാശാലയിൽ ചേർന്നു പഠിക്കുന്നതെന്നു് ഹൈലൻറ് സർവ്വകലാശാലയിലെ പ്രിൻസിപ്പൽ ചോദിച്ചപ്പോൾ കാർവർ കൊടുത്ത മറുപടി അർത്ഥഗർഭമാണു്: "സമയം ഈശ്വരന്റേതാണു്; എന്റെ ജീവിതത്തിലെ കടമകൾ സ്തുത്യർഹമായി നിർവ്വഹിക്കുവാനാണു് ഞാൻ കോളേജിൽ ചേർന്നു പഠിക്കുവാൻ ആഗ്രഹിക്കുന്നതു്."

അടിമവർഗ്ഗക്കാർക്കും സ്ഥിരോത്സാഹംവഴി ഉയരുവാൻ കഴിയുമെന്നും ഈശ്വരവിശ്വാസമാണു മനുഷ്യനെ സാംസ്കാരികമായി ഉയർത്തുന്നതെന്നുമുള്ള മൂലഗ്രന്ഥകാരരുടെ ആശയങ്ങൾ കേരളത്തിൽ പ്രചരിപ്പിക്കുവാൻ അമേരിക്കൻ ഇൻഫൊർമേഷൻ സെർവിസ്സ് ചെയ്ത സേവനം പ്രശംസ്യമാണു്. പരിഭാഷയ്ക്കു ലാളിത്യമുണ്ടു്; എന്നാൽ മാധുര്യമുണ്ടെന്നു തീർത്തുപറയുവാൻ വഹിയാ. അവിടവിടെയായി പ്രാദേശികപ്രയോഗങ്ങൾ ഉറിച്ചുനില്ക്കുന്നതു കാണാം. അച്ചടി ഭംഗിയാണു്; എന്നാൽ അക്ഷരങ്ങൾക്കു വടിവുണ്ടെന്നു തോന്നുന്നില്ല. "ജൈത്രജീവിതം" അധഃസ്ഥിതർക്കു് എന്നും ഉത്തേജനം നൽകട്ടെ.

T. M.

## പശ്ചിമമാർഗ്ഗം

[ഗ്രന്ഥകർത്താവു്: എ. ബെത്രി. പരിഭാഷകൻ: എസ്സ്. പി. പക്ഷം 224. United States Information Service P. B. No. 5234, 158, Mount Road Madras, 2]

ഗത്രിയുടെ "The Way West" എന്ന കൃതിയുടെ പരിഭാഷയാണു പശ്ചിമമാർഗ്ഗം. ഇവാൻസും സഖാക്കളുംകൂടി ചെയ്യുന്ന ഒരു യാത്രാവിവരണമാണു പുസ്തകത്തിലെ പ്രതിപാദ്യവിഷയം. എന്നാൽ സ്ഥലവിവരണങ്ങളല്ല കഥാപാത്രങ്ങളുടെ സംഭാഷണങ്ങളാണു് ആകെ മുഴച്ചുനില്ക്കുന്നതു്. പല അനുഭവങ്ങളും വിവരിക്കുന്നുണ്ടു്; എന്നാൽ പുസ്തകത്തിന്റെ പ്രധാനോദ്ദേശം എന്താണെന്നു കണ്ടുപിടിക്കുവാൻ പ്രയാസമാണു്. മലയാളികൾക്കു് ഈ പുസ്തകം അത്ര ആകർഷകമായി തോന്നുകയില്ല.

പരിഭാഷകന്റെ ഭാഷാശൈലിക്കു് ഓജസ്സില്ല. വലിയ തെറുകളൊന്നും പരിഭാഷയിൽ ആരും കണ്ടെത്തുകയില്ലെങ്കിലും ശൈലി ആകർഷകമായിത്തോന്നുകയില്ല. കഥാവസ്തുവിന്റെ അനാസ്വാദ്യതയുംകൂടി ചേർന്നപ്പോൾ ഈ പുസ്തകത്തിന്റെ ആകർഷണം ഒന്നുകൂടി കുറഞ്ഞു.

പാശ്ചാത്യരുടെ സംഭാഷണരീതിയും യാത്രാസമ്പ്രദായവും യാത്രാനുഭവങ്ങളും അറിയുവാൻ കൗതുകമുള്ളവർക്കു് അമേരിക്കൻ ഇൻഫൊർമേഷൻ സെർവിസ്സ് വലിയ ഒരു സേവനമാണു ചെയ്തിട്ടുള്ളതു്.

T. M.

## പുതിയ സോവ്യററ സാമ്രാജ്യം

[ഗ്രന്ഥകർത്താവു്: ഡേവിഡ് ജെ. ഡാലിൻ. പക്ഷം 148. പരിഭാഷകൻ ടി. എൻ. United States Information Service, 158 Mount Road, Madras, 2]

1940 മുതൽ സോവ്യററ റഷ്യയിൽ പ്രകടമായിരിക്കുന്ന സാമ്രാജ്യരൂപീകരണതൃഷ്ണയാണു "പുതിയ സോവ്യററ് സാമ്രാജ്യം" എന്ന ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. നയതന്ത്രപരമായ ഉപായങ്ങൾ പ്രയോഗിച്ചും സമ്മർദ്ദം ചെലുത്തിയും സായുധസേനകൾ ഉപയോഗിച്ചും രാജ്യത്തിന്റെ അതിർത്തികൾ വിപുലീകരിക്കുന്നതും വ്യാപാരബന്ധങ്ങളിൽ പ്രയോഗിക്കുന്ന സൂത്രങ്ങൾ വഴി സാമന്തരാജ്യങ്ങളെ ചൂഷണംചെയ്യുന്നതും ഈ ഗ്രന്ഥത്തിൽ സമ്യക്കായി പ്രതിപാദിച്ചിട്ടുണ്ടു്. ആശ്രിതരാജ്യങ്ങളെ റഷ്യയുടെ മൂലധനനിക്ഷേപങ്ങൾക്കുള്ള രംഗങ്ങളായി ഉപയോഗിക്കുന്നതും റഷ്യൻ പൗരത്വവും കൂടിയുള്ള കമ്മ്യൂണിസ്റ്റുകാരെ ആശ്രിതരാജ്യങ്ങളിൽ പ്രധാനസ്ഥാനത്തു പ്രതിഷ്ഠിക്കുന്നതും ഉദാഹരണസഹിതം ഗ്രന്ഥത്തിൽ കാണാൻ കഴിയും. വിദേശഫാക്ടറികളിൽ മൂലധനനിക്ഷേപം ചെയ്ത വിദേശീയവിഭവങ്ങൾ ചൂഷണം ചെയ്യുന്നതും അവിടെ ഭേസ്യൗരഡുകളെ നിയമിക്കുന്നതും സോവ്യററുവാസ്സുകളിന്മേൽ അധികപ്പലിശ വാങ്ങുന്നതും സോവ്യററുറഷ്യ ഇദാനീന്തനകാലത്തു നടത്തിയ യുദ്ധങ്ങളിൽ ഇതരരാജ്യങ്ങളെ ചുവന്നപ്രളയംകൊണ്ടു ഭീഷണിപ്പെടുത്തുന്നതും സോവ്യററുറഷ്യയിൽ ഒരു ഇരട്ടദേശീയത്വം ഇരമ്പിക്കയറുന്നതും റഷ്യൻ ജനത താമസത്തിലും ഭക്ഷണത്തിലും വൈദ്യസഹായത്തിലും അവർണ്ണ്യമായ വിഷമങ്ങൾ അനുഭവിക്കുന്നതും കമ്മ്യൂണിസ്റ്റുകക്ഷി കഴിഞ്ഞ യുദ്ധത്തിനുശേഷം സംഖ്യയിലും ബലത്തിലും അധഃപതിച്ചിട്ടുള്ളതും റഷ്യയിൽ കരിഞ്ചന്ത നടക്കുന്നതും വായിക്കുമ്പോൾ അമേരിക്കൻ ഇൻഫൊർമേഷൻ സെർവ്വീസിനോടു് അനുവാചകർക്കു കൃതജ്ഞത തോന്നും ഈ പുസ്തകം പ്രസിദ്ധം ചെയ്തതിനു്.

ഗ്രന്ഥത്തിൽ ആദ്യന്തം ഉപയോഗിച്ചിരിക്കുന്ന ഭാഷ സരളവും ലളിതവുമാണു്; എന്നാൽ കമ്മ്യൂണിസ്റ്റുകാർ ഉപയോഗിക്കുന്ന ഭാഷയുടെ ഊർജ്ജസ്വലതയും ആവേശവുമില്ല. അച്ചടി ഭംഗിയായിട്ടുണ്ടെങ്കിലും അക്ഷരങ്ങൾക്കു വടിവില്ല.

അമേരിക്കൻ ഇൻഫൊർമേഷൻ വകുപ്പു ചെയ്യുന്ന കൈരളീസേവനവും സാമൂഹ്യസേവനവും മഹത്താണു്. അവർക്കു കൃതജ്ഞതയും നമസ്കാരവും.

T. M.

## Russia's Game... Imperialism

**Territories Annexed by Russia Outright**

| | Sq. Miles | Population |
|---|---|---|
| Esthonia | 17,838 | 968,680 |
| Eastern Czechoslovakia | 5,280 | 740,000 |
| Eastern Poland | 105,000 | 11,110,000 |
| Finnish Provinces | 72,780 | 501,000 |
| Japanese Possessions | 12,230 | 420,000 |
| Latvia | 24,954 | 1,765,320 |
| Lithuania | 24,151 | 3,032,000 |
| Northern Eastern Prussia | 6,000 | 1,075,000 |
| Rumanian Provinces | 16,012 | 3,500,000 |
| Total | 284,245 | 23,092,000 |

**Satellites Controlled by Russia**

| | Sq. Miles | Population |
|---|---|---|
| Albania | 11,096 | 1,120,000 |
| Bulgaria | 42,796 | 7,022,000 |
| China | 3,759,181 | 461,000,000 |
| Czechoslovakia | 49,356 | 12,164,000 |
| Eastern Germany | 50,400 | 18,403,000 |
| Hungary | 35,875 | 9,106,000 |
| Mongolia | 625,916 | 1,000,000 |
| North Korea | 57,500 | 9,000,000 |
| Poland | 119,734 | 23,927,000 |
| Rumania | 91,671 | 16,409,000 |
| Toal | 4,843,525 | 559,151,000 |

Total Territory Annexed and Controlled by Russia 5,097,770 square miles—582,243,000 people

## ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

കാലങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഇടവപ്പാതിവന്നു് നമുക്കു നല്ലമഴ കുറെ തന്നു. ആ കാററുകൾ അവസാനിച്ചു. പിന്നെ അടുത്ത തുലാവർഷം വന്നു. ഇടിയും കാററും മഴയും വേണ്ടുവോളം സംഭാവനചെയ്തിട്ടു് അതും ഉറങ്ങാൻപോയി. ഇനി അടുത്തതു് മഞ്ഞുകാലത്തിന്റെ മുറയാണു്. അതിന്റെ വരവായി. വെളുപ്പിനിപ്പോൾത്തന്നെ മഞ്ഞിന്റെ കുളിച്ചുകയററം അനുഭവപ്പെട്ടുതുടങ്ങിയിരിക്കുന്നു.

നമ്മുടെ നാട്ടിൽ പല വിശേഷങ്ങളും നടക്കുന്നുണ്ടെന്നു് നിങ്ങൾക്കറിയാം. വിദ്യാർത്ഥികൾ എല്ലാവരുടേയും ശ്രദ്ധയ്ക്കു് വിഷയമായിരിക്കുന്ന കാലമാണിതു്. മീൻ പിടിക്കുന്നതു് ചൂണ്ടയുടെ അററത്തു് ഇര കുത്തിവെച്ചാണെന്നു നിങ്ങൾക്കറിയാം. കടുവകളേയും പുലികളേയും മററും പിടിക്കാൻ ഒരു പാവപ്പെട്ട ആടിനെയോ പശുക്കുട്ടിയെയോ ഇരയായികെട്ടി അതിന്റെ മരണത്തിനിടയാക്കുന്ന പതിവും നിങ്ങൾ കേട്ടിരിക്കും. അതുപോലെതന്നെ ചില തൽപ്പരകക്ഷികൾ ഇന്നു് വിദ്യാർത്ഥികളെ ഇരയാക്കി അവരുടെ കാര്യസാദ്ധ്യത്തിനു് കാത്തിരിക്കയാണു്. കുറെ വിദ്യാർത്ഥികൾ ഇന്നു് അദ്ധ്യാപകന്മാരെയോ രക്ഷാകർത്താക്കളെയോ അനുസരിക്കാതെ തൽപ്പരകക്ഷികളുടെ പ്രേരണയാൽ എന്തു കൊള്ളരുതായ്മകളും ചെയ്തുകൊണ്ടു നടക്കുന്നു എന്നു കാണുന്നതു് നിങ്ങൾക്കും മററല്ലാ നല്ലയാളുകൾക്കും സങ്കടം വരുത്തുന്ന കാര്യമാണു്.

ഈയിടെ നമ്മുടെ നാട്ടിൽ ഇൻഡ്യയിലെ ബഹുമാന്യനായ ഒരു മന്ത്രി വരുകയുണ്ടായി. അദ്ദേഹം നമ്മുടെ രാജ്യത്തിന്റെ പ്രകൃതിസൗന്ദര്യം ആസ്വദിക്കാനും നാടിന്റെ വിഷമതകൾ മനസ്സിലാക്കുവാനുമാണു് വന്നതു്. പല കോളെജുകളിലും മൈതാനങ്ങളിലും അദ്ദേഹം പ്രസംഗിച്ചു. നമ്മുടെ നാട്ടിലെ ഒരു വിഭാഗം വിദ്യാർത്ഥികൾ വളരെ അവിവേകമായ രീതിയിലാണു് അദ്ദേഹത്തെ സ്വാഗതംചെയ്തതു്. കുട്ടികളുടെ അച്ചടക്കമില്ലായ്മയേയും പഠിപ്പുമുടക്കി രാഷ്ട്രീയകാര്യങ്ങളിൽ നേരിട്ടു് ഇടപെടുന്ന രീതിയേയും പൂജ്യനായ മന്ത്രി നേരിൽ കണ്ടറിഞ്ഞു. അദ്ദേഹം നല്ല ഉപദേശങ്ങൾ വിദ്യാർത്ഥിലോകത്തിനു് നൽകിയിട്ടുണ്ടു്. അവർ അതുമാനിച്ചു് അതുപോലെ നടക്കേണ്ടതാണു്. വിദ്യാർത്ഥികൾ അവരുടെ കർത്തവ്യങ്ങളിൽനിന്നും ഇളകിമാററരുതെന്നും, മാനസികമായും കായികമായും വേണ്ടത്ര കെല്പു് സമ്പാദിക്കാനുള്ള ഈ അവസരം അവർ പാഴാക്കരുതെന്നും അദ്ദേഹം പറഞ്ഞു.

നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളിൽക്കൂടി എന്തെല്ലാം നന്മകളാണു സ്വപ്നംകാണുന്നതു്! നിങ്ങൾ ഭാവിയിൽ നല്ല ജനർ നമുള്ളവരായി, നാടിനും നാട്ടാർക്കും നന്മചെയ്യുന്നവരായി, ബഹുമാന്യരായി, ഐശ്വര്യപൂർണ്ണരായി ശോഭിച്ചുകാണുവാനാണവർ ആഗ്രഹിക്കുന്നതു്. ഇപ്പോൾ ചില വിദ്യാർത്ഥികൾ കൈക്കൊണ്ടിരിക്കുന്ന രീതിയിൽ മുന്നോട്ടുപോകുന്നപക്ഷം ഒരിക്കലും ഒരു നല്ലസ്ഥാനം അവർക്കു കിട്ടുക സാദ്ധ്യമല്ല. പ്രായമായവരുടെ സങ്കല്പങ്ങളും രീതികളും വിദ്യാർത്ഥികളുടേതിൽ നിന്നും വ്യത്യാസപ്പെട്ടതാണു്. ഭരണകാര്യങ്ങൾക്കും, രാഷ്ട്രീയപാർട്ടികളുമായി കൂടി പ്രവർത്തിക്കുന്നതിനും മററുംവിദ്യാർത്ഥികൾ പോകരുതാത്തതാണു്. തള്ളക്കരടികൾ ചില കൊച്ചുകരടികളുടെ കൈകൊണ്ടാണു് ചൂടുള്ള പായസമോ ചോറോ വാരിക്കുന്നതു്. കുട്ടിക്കരടിന്റെ കൈ പൊള്ളിയാലും തള്ളക്കരടിനു് നഷ്ടമില്ലായിരിക്കും. അതുപോലെ വിദ്യാർത്ഥികളെക്കൊണ്ടു കൊള്ളരുതായ്മകൾ ചെയ്യിക്കുന്ന കക്ഷികൾക്കു് കുട്ടികൾ നശിച്ചാലും അവരുടെ ആഗ്രഹങ്ങൾ സാധിക്കണമെന്നേ വിചാരമുള്ളൂ. അതുകൊണ്ടു് കുഞ്ഞുങ്ങൾ എന്തുവന്നാലും നല്ല മാർഗ്ഗത്തിൽക്കൂടെ മാത്രം പോകുക. നിങ്ങളുടെ കർത്തവ്യങ്ങൾ അണുവും തെററാതെ ചെയ്തുതീർക്കുക. മുഷ്ടി ചുരുട്ടാനും കൂക്കുവിളിക്കാനും വൃത്തികേടുകൾ വിളിച്ചു വിളമ്പാനും നിങ്ങൾ ഒരിക്കലും പോകരുതു്. അക്കാര്യങ്ങൾ മറെറാരു വിഭാഗം കൊള്ളരുതാത്തവർക്കു വിട്ടുകൊടുത്തേക്കുക. അഴുക്കു ചുമക്കാൻ കഴുതകളെ ഉപയോഗിച്ചുകൊള്ളട്ടെ. കൊള്ളരുതായ്മകൾ കുഞ്ഞുങ്ങളിൽക്കൂടി പുറത്തുവരുത്തുവാൻ ശ്രമിക്കുന്നവരെ നിങ്ങൾ പരാജയപ്പെടുത്തുക.

ഒരു കോളെജുവിദ്യാർത്ഥി ഈയിടെ തിരുവനന്തപുരത്തുവച്ചു് ലോകാരാദ്ധ്യനായ ഇൻഡ്യയിലെ പ്രധാനമന്ത്രി ജവഹരിലാൻ നെഹ്റുവിനെപ്പോലും ദുഷിച്ചു സംസാരിച്ചു എന്നറിയുമ്പോൾ എത്ര കാടുകേറിയാണാ വിദ്യാർത്ഥി മുന്നോട്ടുപോകുന്നതെന്നു നോക്കുക. കൊച്ചുകുഞ്ഞുങ്ങൾ ഇങ്ങനെയുള്ള കോളെജണ്ണന്മാരുടെ മാർഗ്ഗം സ്വീകരിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. വന്ദ്യന്മാരുടെ അതുപ്തിക്കു് നാമമാരിക്കലും പാത്രമായിക്കൂടാ. നേരെമറിച്ചു സകലരുടേയും സ്നേഹത്തിനും വാത്സല്യത്തിനും നാം കാരണമാകണം. അതിനുവേണ്ടി പ്രാർത്ഥിക്കുക, പ്രവർത്തിക്കുക.

സ്നേഹപൂർവ്വം

നിങ്ങളുടെ സ്വന്തം

കുഞ്ഞമ്മാവൻ

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1



നിങ്ങളുടെ കത്തവ്യങ്ങൾ അണുവും തെററാതെ ചെയ്യത്ക്കുക.

Reg. M. No. 2293

# Sathya Deepam

Vol. 27 | Ernakulam December 2, 1953 | No. 15

## വിവിധവൃത്താന്തങ്ങൾ

### വത്തിക്കാനിലേക്കു ജർമ്മൻ അംബാസിഡർ

ചാൻസലർ അഡെനോവെറിന്റെ അത്ഭുതപൂർവ്വമായ വിജയത്തോടുകൂടി, ജർമ്മനി വത്തിക്കാനിലേക്കു് ഒരു അംബാസിഡറെ അയക്കണമെന്നുള്ള പ്രശ്നം വീണ്ടും പ്രബലപ്പെട്ടു തുടങ്ങിയിരിക്കയാണു്. 1951 മുതൽ തിരുസിംഹാസനത്തിന്റെ പ്രതിനിധിയായി ഒരു നൺഷ്യോ ജർമ്മനിയിലുണ്ടു്. എന്നാൽ ഓരോ കാരണങ്ങളാൽ വത്തിക്കാനിലേക്കു സ്വന്തം അംബാസിഡറെ അയക്കാൻ ജർമ്മനിക്കു് ഇനിയും കഴിഞ്ഞിട്ടില്ല. കത്തോലിക്കനെ അയക്കണമോ പ്രോട്ടസ്റ്റൻറുകാരനെ അയക്കണമോ എന്നുള്ള തർക്കമാണു് അതിനു പ്രധാനകാരണമായിത്തീർന്നിരിക്കുന്നതു്. പൂർവ്വനടപ്പു നോക്കിയാൽ ഒരു പ്രോട്ടസ്റ്റൻറുകാരനെയാണു നിയമിക്കേണ്ടതെന്നു പ്രോട്ടസ്റ്റൻറുകാർ വാദിക്കുന്നു. കത്തോലിക്കരാകട്ടെ ആ നടപ്പുതന്നെ അംഗീകരിക്കുന്നില്ല.

### ചെറുപുഷ്പത്തിന്റെ പ്രാർത്ഥനാരീതി

വിശുദ്ധയുടെ അന്ത്യരോഗകാലത്തു ഒരുദിവസം അർദ്ധരാത്രിയോടെ ഇൻഫർമേറിയൻ സഹോദരി രോഗിയെ അന്വേഷിക്കാൻ മുറിയിലേക്കു ചെന്നു. പുണ്യവതി ഉറങ്ങാതെ കിടക്കുകയായിരുന്നു. "എന്താണിതു സഹോദരി! രോഗശമനത്തിനുവേണ്ടി നല്ലപോലെ ഉറങ്ങാനല്ലേ പറഞ്ഞിരുന്നതു്?" "ഉറക്കം വരുന്നില്ലല്ലോ സഹോദരി! ദുസ്സഹമായ വേദനയാണു്. അതുകൊണ്ടു ഞാൻ പ്രാർത്ഥിക്കുകയാകുന്നു." "എന്താണു സഹോദരി കർത്താവിനോടു പറയുന്നതു്?" ഞാൻ ഒന്നും പറയുന്നില്ല. ചുമ്മാ സ്നേഹിക്കുകമാത്രമേ ചെയ്യുന്നുള്ളു." എത്ര മനോഹരവും വിശിഷ്ടവുമായ പ്രാർത്ഥനാരീതി!

### കൊറിയൻ സൈന്യത്തിലെ കത്തോലിക്കാ ചാപ്ലന്മാർ

സിയോളിലെ വികാരി അപ്പസ്തോലിക്കായായ മോൺസിഞ്ഞോർ പോൾ റോ തിരുമനസ്സുകൊണ്ടു് കൊറിയാക്കാരായ ആറുപേർക്കു് ഈയിടെ വൈദികപട്ടം കൊടുത്തിരിക്കുന്നു. ഇവരിൽ രണ്ടുപേർ സെമ്മാശന്മാരായിരിക്കയിൽ കൊറിയൻ സൈന്യത്തിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളവരാണു്. അന്നു് അവർ അസിസ്റ്റൻറു ചാപ്ലന്മാരായിട്ടും നിയോഗിക്കപ്പെട്ടിരുന്നു. ചാപ്ലന്മാരുടെ അഭാവത്താൽ കൊറിയൻ സൈന്യം ഇന്നു വളരെ ക്ലേശിക്കുന്നുണ്ടെന്നു പറയപ്പെടുന്നു. കരസൈന്യത്തിലും നേവിയിലും വിമാനസേനയിലുംകൂടി ഇപ്പോൾ 40 കത്തോലിക്കാ ചാപ്ലന്മാരുണ്ടു്. അതുകൊണ്ടു ഒട്ടും മതിയാകുന്നില്ലെന്നാണു് ആവലാതി.

### കുരിശ്ശും വഹിച്ചുകൊണ്ടു കൊറിയൻ തടവുകാർ

മോചിതരായി ഫ്രീഡം വില്ലേജിലെത്തിയ നാലു കൊറിയൻ തടവുകാരുടെ മാതൃക അത്യന്തം ഭക്തിസംവർദ്ധകമായിരുന്നു. തടവുകാരുടെ നീലക്കുപ്പായംതന്നെ അവർ ധരിച്ചിരുന്നു. നാലടി പൊക്കമുള്ള ഒരു വലിയ കുരിശുരൂപവും വഹിച്ചുകൊണ്ടാണു് അവർ പ്രത്യക്ഷരായതു്. ചീക്കാഗോക്കാരനായ ഒരു തടവുകാരൻ കാരാഗൃഹത്തിൽവച്ചു അവർക്കുണ്ടാക്കിക്കൊടുത്തതാണു് ഈ കുരിശുരൂപം. ബന്ധനത്തിൽ അതു അവരുടെ ആശ്വാസവും ധൈര്യവും സംരക്ഷയുമായിരുന്നെന്നു് അവർ പ്രസ്താവിച്ചു. തടവിൽവച്ചു ചരമമടഞ്ഞ ഫാദർ എമിൽ കപ്പൗൻ എന്ന വന്ദ്യദേഹത്തിന്റെ വിശ്വാസദാർഢ്യത്തെയും അവർ പ്രകീർത്തിച്ചു. ഫാദർ എമിൽ അവർക്കു ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുക്കുവാൻ ഉപയോഗിച്ച ഒരു ചെറിയ അരുളിക്കായും ഒരു പൂജ്യാവശിഷ്ടമായി അവർ കൊണ്ടുവന്നിരുന്നു.

### ചെക്കൊസ്ലോവാക്കിയാ അതിർത്തികളിൽ കഠിനബന്ധവസ്സ്

കുറേമാസങ്ങളായി ഓസ്ട്രിയായുടെയും ചെക്കൊസ്ലോവാക്കിയായുടെയും അതിർത്തിപ്രദേശങ്ങളിൽ കർശനമായ പ്രതിരോധനടപടികൾ ആരംഭിച്ചിരിക്കയാണു്. "സാമ്രാജ്യ ഏജൻറന്മാർ" കടന്നു പാറാതിരിക്കുന്നതിനുള്ള കമ്പിവേലികളും മററും മാത്രമേ മുമ്പുണ്ടായിരുന്നുള്ളു. ഇപ്പോൾ അനേകശതം തൊഴിലാളികൾ രാപകൽ അവിടെ ജോലിചെയ്യുന്നതായി കാണാനുണ്ടു്. പിറകിൽ പിറകിലായി രണ്ടുമൂന്നു ലൈൻ ഇലക്ട്രിക്കുകമ്പികൾ ഘടിപ്പിച്ചുകഴിഞ്ഞു. സെർച്ചുലൈററുകളോടും, മെഷീൻതോക്കുകളോടുംകൂടിയ നിരീക്ഷണസൗധങ്ങൾ പലേടത്തും പുതുതായി ഉയർന്നിട്ടുണ്ടു്. ചെക്കൊസ്ലോവാക്കിയായിലെ കമ്മ്യൂണിസ്റ്റു നരകത്തിൽനിന്നു ഒററതിരിഞ്ഞു് രക്ഷപെട്ടുപോകുന്ന പതിവുവിട്ടു്, സംഘാതമായി, ബലംപ്രയോഗിച്ചു കടന്നുപോകാനുള്ള ഉദ്യമം ഉണ്ടായേക്കുമെന്നുള്ള ശ്രുതിയാണു് ഈ സജ്ജീകരണങ്ങൾക്കു കാരണമെന്നൂഹിക്കുന്നു.

### കമ്മ്യൂണിസ്റ്റു ചൈനായിൽ ബഹിഷ്ക്കരണം മുറുകിവരുന്നു

ഓഗസ്റ്റു മുതൽ ചൈനായിൽനിന്നു വിദേശമിഷനറിമാരുടെ ബഹിഷ്കരണം ത്വരിതപ്പെടുത്തിവരികയാണു്. പ്രസ്തുത മാസത്തിൽതന്നെ 81 പേരെ നാടുകടത്തിയിട്ടുണ്ടു്. 1954 നുമുമ്പു് ഈ വർഗ്ഗത്തെ നാമാവശേഷമാക്കാനാണു് ഉദ്യമമെന്നു പറയപ്പെടുന്നു. അറസ്റ്റും വിസ്താരവും വിധിയുമെല്ലാം വേഗംവേഗം നടത്തുകയാണു്. തങ്ങളുടെ സാന്നിദ്ധ്യംനിമിത്തം സ്വജനങ്ങൾ മർദ്ദനത്തിനു വിധേയരാകുന്നതുകണ്ടു് സ്വമേധയാ സ്ഥലംവിട്ടു പോരുന്നവരുമുണ്ടു്. 442 മിഷനറിമാർ മാത്രമേ ഇനി അവിടത്തെ ഇരുമ്പഴികളിൽ അവശേഷിച്ചിട്ടുള്ളു എന്നു റിപ്പോർട്ടുകളിൽ കാണുന്നു.

### കമ്മ്യൂണിസ്റ്റ് യന്ത്രത്തിന്റെ സൈനിക അടിത്തറ

സൈന്യസംഭരണം കുറയ്ക്കണം, യുദ്ധസാമഗ്രികൾ ചുരുക്കണം ഇതാണല്ലോ സമാധാനതല്പരരായ സ്വതന്ത്രരാജ്യങ്ങളുടെ തുടർച്ചയായുള്ള നിവേദനം. ലോകസ്ഥിതികൾ നന്നായി പഠിച്ചുവച്ചിട്ടുള്ള ഒരു നയതന്ത്രജ്ഞൻ വിയെന്നായിൽനിന്നു ഇങ്ങനെ എഴുതുന്നു: "സോവ്യററു ഭരണകൂടം മുഴുവൻ നിലകൊള്ളുന്നതു ചെമ്പടയാകുന്ന അടിത്തറയിലാകുന്നു. ഈ അടിത്തറയൊന്നു് ഇളകട്ടെ, സോവ്യററു സാമ്രാജ്യം തകർന്നു വീഴുന്നതു കാണാം." ഇതാണു പരമാർത്ഥം. അതിനാൽ ആരെല്ലാം, എന്തെല്ലാം നിവേദനങ്ങൾ നടത്തിയാലും, നിരായുധീകരണവിഷയത്തിൽ മോസ്കോ ഒരു കടുകിടയ്ക്കു അയവു വരുത്തുമെന്നു കരുതേണ്ട എന്നത്രെ നിരീക്ഷണവിചക്ഷണന്മാർ അഭിപ്രായപ്പെടുന്നതു്.

### റിപ്പബ്ളിക്കൻനേതാവിന്റെ ഭാരതപര്യടനം

അമേരിക്കൻ സെനററിലെ റിപ്പബ്ളിക്കൻ പാർട്ടി നേതാവായ വില്യം നോലണ്ടു് ഈയിടെ ഇൻഡ്യയിൽ ഒരു പര്യടനം നടത്തിയിരിക്കുന്നു. ജപ്പാൻ, ഫൊർമോസാ, ബർമ്മാ, ഇൻഡോചൈനാ എന്നീ രാജ്യങ്ങൾ സന്ദർശിച്ചശേഷമാണു അദ്ദേഹം ന്യൂഡൽഹിയിലെത്തിയതു്. നെഹ്റു, രാധാകൃഷ്ണൻ, ദേശ്മുഖ്, കട്ജു, അമൃതകോർ ആദിയായി പലരെയും അദ്ദേഹം കണ്ടു സംസാരിച്ചു. സ്റ്റേററ് കൗൺസിലിന്റെ ഒരു സമ്മേളനത്തിലും അദ്ദേഹം സന്നിഹിതനായിരുന്നു. പല പ്രധാനസ്ഥലങ്ങൾ പോയിക്കണ്ട കൂട്ടത്തിൽ പെപ്സുവിലെ ബാഡ്സൺ കമ്മ്യൂണിററി പ്രോജക്ററും അദ്ദേഹം സന്ദർശിച്ചു. അമേരിക്കൻ സഹായധനങ്ങൾ ഇവിടെ എങ്ങനെ ഫലം പുറപ്പെടുവിക്കുന്നു എന്നറിവാൻ അവർക്കു ഉൽക്കണ്ഠയുണ്ടാകാതിരിക്കയില്ലല്ലോ. ഡൽഹിയിൽനിന്നു സെനററർ നോലണ്ടു് കറാച്ചിയിലേക്കു പറന്നു. അവിടെനിന്നു നേരെ അമേരിക്കയിലേക്കു മടങ്ങുകയാണു ചെയ്തതു്. കാലിഫോർണിയാദേശീയനായ ഇദ്ദേഹത്തിനു 45 വയസ്സു പ്രായമേയുള്ളു. ഇത്ര ചെറുപ്പത്തിലേ ഒരു ഭരിപക്ഷകക്ഷിനേതാവായിത്തീർന്നിട്ടുള്ളവർ അമേരിക്കയിൽ ഇതിനുമുമ്പു ഉണ്ടായിട്ടില്ലെന്നു പറയപ്പെടുന്നു. ജർണ്ണലിസ്റ്റു് ജോലിയിലാണു അദ്ദേഹം ആദ്യംമുതൽ ഇടപഴകിയതു്. അവിടെനിന്നും ശീഘ്രത്തിൽ രാഷ്ട്രീയത്തിലേക്കുയർന്നു.

## അഭിനവമെത്രാൻ വിജയിപ്പൂതാക!

(നതോന്നത)

ജഗത്സാരസന്ദേശത്തിൻ മണിമുത്തന്നൽ വിശിയെന്നി-
ജ്ജഗതിയിൽ പൊന്നലകൾ കളിയാടവെ,
ജ്ഞാനാനന്ദ മധുസ്മിതപ്പാലൊളിയൊഴുക്കും വര-
ജ്ഞാനിയായിക്കർമ്മധീരചതുരനായി,
ആധുനിക ലോകഗതിയനുദിനമറിഞ്ഞിടാ-
നുതകിടും വരഗുണവിളനിലമായ്,
തൊഴിലാളിനിലയിന്നുമപഗ്രഹിച്ചറിഞ്ഞുക-
മഴിയുന്ന സ്നേഹദയാപാരാവാരമായ്
വിരാജിക്കും താതൻ ജോസഫ് പാറേക്കാട്ടിൽ,
ബി. ഏ., ഡി. ഡി.-
തിരുമേനിയിശ്വരനിയോഗമൊന്നിനാൽ
സർവ്വജീവജാലങ്ങളുമാനന്ദമുതിക്കുംവണ്ണം
സർവ്വനാഥാനുഗ്രഹപ്പൂന്തണലാന്നഹോ!
പേരാർന്നിടു"മെർണ്ണാകുള"മതിരൂപതയാം വര-
താരാപഥമതിന്നൊരു താരാനാഥനായ്
ഇന്നു, മെത്രാഭിഷിക്തനായ് വിളങ്ങുന്നിതൻപിൽ നമ്മൾ-
ക്കിന്നാണല്ലോ, സമാഹ്ലാദസുദിനമോർത്താൽ!
പാരിലായുരാരോഗ്യസമ്പന്നനായി വാഴേണമി-
ത്തിരുമേനിയതിരൂപതാലങ്കാരമായ്!
സത്യവേദനായകനാം ക്രിസ്തുനാഥൻ വരനിര-
നിത്യമതിനാകമലിഞ്ഞരുളട്ടെ!

(വിദ്വാൻ ജോസഫ പള്ളിപ്പാടൻ. ഇടപ്പള്ളി)




ചേലക്കര: ശ്രീ കെ. ജെ. പാവുണ്ണിയുടെ പിതാവു് ശ്രീ കാട്ടുക്കാരൻ ചാക്കുണ്ണി ഔസേപ്പ് നവ. 24-ാംനു 77-ാമത്തെ വയസ്സിൽ നിര്യാതനായി R.I.P.

(14-ാം പേജ തുടർച്ച)

യെ ഉപേക്ഷിക്കയാകുന്നു എന്നു് ധരിക്കയും, സത്യവിശ്വാസത്തോടും ശരിയായ അനുതാപത്തോടുംകൂടി മ്ശിഹായെ സ്വീകരിച്ചു തിരുമേനിയിൽ നിലനില്ക്കയും ചെയ്യേണ്ടതാണു്. ഇങ്ങനെ ചെയ്യുന്നപക്ഷം നമുക്കു ആളാംപ്രതിയും, നാംമൂലം സഭാംഗങ്ങൾക്കു പൊതുവേയും, സമസ്തസമുദായത്തിനും മാത്രമല്ല, അന്യസമുദായങ്ങൾക്കുകൂടെയും പൂർവ്വാധികം അഭിവൃദ്ധിയുണ്ടാകുന്നതുമാണു്."



ഡോ. പാറേക്കാട്ടിൽ തിരുമേനി ഞാറയ്ക്കൽ ഇടവകയിൽനിന്നു് അസി: വികാരിസ്ഥാനം ഒഴിഞ്ഞുപോകുമ്പോൾ, 1-1-1941-ൽ ഞാറയ്ക്കൽ സി. ഇ. സി. സംഘാംഗങ്ങൾ നൽകിയ യാത്രയയപ്പ്. ഈ സി. ഇ. സി. ക്കാരിൽ ചിലർ ഇന്നു വൈദികരും കന്യാസ്ത്രീകളുമാണു്.